# പട്ടികവർഗ്ഗ ഉപപദ്ധതി

## (വർക്കിംഗ് ഗ്രൂപ്പിനുള്ള കൈപ്പുസ്തകം)

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581, കേരളം

ആഗസ്റ്റ് 2016

**പട്ടികവർഗ്ഗ ഉപപദ്ധതി**

(വർക്കിംഗ് ഗ്രൂപ്പിനുള്ള കൈപ്പുസ്തകം)

ആഗസ്റ്റ് 2016


| | |
|---|---|
| Chief Editor : | ചീഫ് എഡിറ്റർ : |
| **Dr. P. P. Balan** | **ഡോ. പി.പി. ബാലൻ** |
| Director, KILA | ഡയറക്ടർ, കില |
| Editor : | എഡിറ്റർ : |
| **Dr. J. B. Rajan** | **ഡോ. ജെ. ബി. രാജൻ** |
| Course Director, KILA | കോഴ്സ് ഡയറക്ടർ, കില |
| Associate Editor : | അസോസിയേറ്റ് എഡിറ്റർ : |
| **A.S. Prathap Singh** | **എ. എസ്. പ്രതാപ് സിംഗ്** |
| Training Associate, KILA | ട്രെയിനിംഗ് അസോസിയേറ്റ്, കില |
| Prepared by : | തയ്യാറാക്കിയത്: . |
| **V.K. Mohankumar** | **വി.കെ. മോഹൻകുമാർ** |
| Extension Faculty, KILA | എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില |
| **E.G. Joseph** | **ഇ.ജി. ജോസഫ്** |
| Extension Faculty, KILA | എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില |
| DTP | ഡി.ടി.പി. |
| **Jitto P. George** | **ജിറ്റോ പി. ജോർജ്** |
| ISBN : 978-93-84557-66-9 | ഐ.എസ്.ബി.എൻ : 978-93-84557-66-9 |
| Published by | പ്രസാദനം : |
| KILA | കില |
| Mulamkunnathukavu, | മുളങ്കുന്നത്തുകാവ്, |
| Thrissur – 680581 | തൃശൂർ 680581 |
| Phone: 0487-2207000 (Office) | ഫോൺ : 0487 - 2207000 (ഓഫീസ്) |
| 0487-2201312 (Director) | 0487 - 2201312(ഡയറക്ടർ) |
| 0487-2201062 (Fax) | 0487 - 2201062 (ഫാക്സ്) |
| e-mail: mail@kilaonline.org | ഇ - മെയിൽ : mail@kilaonline.org |
| Website : www.kilaonline.org | വെബ്സൈറ്റ്: www.kilaonline.org |
| Layout & Cover Design | ലേ - ഔട്ട് & കവർ ഡിസൈനിംഗ് |
| Rajesh Thanikudam | രാജേഷ് താണിക്കുടം |
| Printed at | അച്ചടി |
| Co-operative Press, Mulamkunnathukavu | കോ - ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് |
| Ph: 0487-2200391, 98955666621 | ഫോൺ : 0487 - 2200391, 9895566621 |

# ഉള്ളടക്കം


പേജ്

പ്രസാധക കുറിപ്പ്

കടപ്പാട്

അദ്ധ്യായം - 1
**ഭരണ ഘടനാ പരിരക്ഷ** 9-16

അദ്ധ്യായം - 2
**പട്ടികവർഗ്ഗ വികസനം: പഞ്ചശീല തത്വങ്ങളും ദർശനവും ദൗത്യവും** 17-18

അദ്ധ്യായം - 3
**പട്ടികവർഗ്ഗ ഉപപദ്ധതി: സവിശേഷതകൾ** 19-22

അദ്ധ്യായം - 4
**പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കൽ** 23-28

അദ്ധ്യായം - 5
**ഊരുകൂട്ടം-സംഘാടനം** 29-34

അദ്ധ്യായം - 6
**വനാവകാശ നിയമം** 35-40

അദ്ധ്യായം - 7
**'പെസ' - 1996** 41-44


## അനുബന്ധങ്ങൾ


1. തദ്ദേശഭരണ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ഉള്ള മാർഗ്ഗ രേഖ 47-62
2. പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിചരണ സേവനങ്ങളുടെ പാക്കേജ് 63-68
3. പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ രേഖ 69-76
4. എസ്.റ്റി. പ്രൊമോട്ടർമാരുടെ വർക്ക് ഡയറിയുടെ മാതൃക 77
5. കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 78
6. പട്ടികവർഗ്ഗ ലിസ്റ്റ് 79-80



## പ്രസാധക കുറിപ്പ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക വികസനവും സാമൂഹ്യ നീതിയും ഉറപ്പുവരുത്താൻ ദീർഘവീക്ഷണത്തോടെ പദ്ധതികൾക്ക് രൂപം നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും ജനങ്ങളുടേയും സമഗ്രവികസനമാണ് വിവിധതലത്തിലുള്ള സംയോജനത്തിൽക്കൂടി ഉദ്ദേശിച്ചിരിക്കുന്നത്. നാളിതുവരെ പൂർണമായും പൊതുജീവിതമേഖലകളുമായി ബന്ധപ്പെടുത്തുവാൻ കഴിയാതെ നിൽക്കുന്ന ഒരു ജനതയാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഭൂരിഭാഗം പേരും. ഭരണഘടന നൽകുന്ന പരിരക്ഷകൾ പ്രയോജനപ്പെടുത്താൻ പട്ടികവർഗ്ഗ വിഭാഗങ്ങളെ പ്രാപ്തരാക്കേണ്ടത് പൊതുസമൂഹത്തിന്റെ കടമയാണ്. പട്ടികവർഗ്ഗ ഉപപദ്ധതിയുടെ മേന്മ വർദ്ധിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമത്താൽ നൽകപ്പെട്ടിരിക്കുന്ന ചുമതലകൾ വലുതാണ്.

ഗ്രാമസഭ കൂടാതെ, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാത്രം സംഘടിപ്പിക്കുന്ന ഊരുകൂട്ടം തികച്ചും ജനാധിപത്യത്തിന്റെയും, അധികാര വികേന്ദ്രീകരണത്തിന്റെയും അർത്ഥതലങ്ങൾക്ക് വ്യാഖ്യാനം നൽകുന്ന വേദിയാണ്. മാത്രമല്ല ഗോത്രസംസ്കൃതിയുടെ സ്വയംഭരണ രീതിക്കുള്ള അംഗീകാരം കൂടിയാണ് ഊരുകൂട്ട സംവിധാനം. എന്നാൽ ഇതിൽ പങ്കാളികളാവുന്ന വികസന ഏജൻസികളും ഗോത്രജനതയും ഇനിയും ബഹുദൂരം മുന്നേറുവാനുണ്ട്.

ഗോത്രജീവിതത്തിൽ പാരമ്പര്യ പദവി വഹിക്കുന്നവർക്കുള്ള സ്വാധീനം വിലയേറിയതാണ്. മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ തലമുറയുടെ അറിവും ഊർജ്ജവും സമൂഹത്തിന്റെ നന്മക്ക് വേണ്ടി പ്രയോജനപ്പെടുത്തേണ്ടതാണ്. വൈവിധ്യമാർന്ന ഗോത്ര ജീവിതത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്ക് നേതൃത്വം നൽകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് കഴിയേണ്ടതാണ്. ഇതിലേക്ക് ആവശ്യമായ മാനസികമായ തയ്യാറെടുപ്പ്, പ്രതിബദ്ധത, ശേഷി, കഴിവ് എന്നിവ വർദ്ധിപ്പിക്കുവാനുള്ള പരിശീലനപരിപാടിക്ക് കില രൂപകല്പന ചെയ്തിട്ടുണ്ട്. ഈ കൈപ്പുസ്തകം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്നതിനും, ദൗത്യം നിറവേറ്റുന്നതിനുള്ള വിജ്ഞാനം പകരുന്നതിനും ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡോ. പി.പി. ബാലൻ
ഡയറക്ടർ, കില



## കടപ്പാട്

**എ**ല്ലാവരെയും ഉൾച്ചേർത്തുള്ള വികസനമാണ് പ്രാദേശിക ഭരണ സംവിധാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. മുഖ്യധാര സമൂഹത്തിൽ നിന്ന് വേറിട്ടു നിൽക്കുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ യഥാർത്ഥ വികസനം സാധ്യമാകണമെങ്കിൽ പ്രാദേശിക സർക്കാറുകൾ മുൻകൈയ്യെടുക്കേണ്ടതാണ്. അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവരുടെ നിർദ്ദേശമനുസരിച്ച് പ്രത്യേക പട്ടികവർഗ്ഗ ഉപപദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ പ്രത്യേക പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരിച്ച് എടവക, മീനങ്ങാടി ഗ്രാമപഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ചിട്ടുണ്ട്. തുടർന്നും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി പട്ടികവർഗ്ഗ വിഭാഗങ്ങളെ വികസന രൂപീകരണ പ്രവർത്തനത്തിൽ പങ്കാളിയാക്കി അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ പ്രാദേശിക ഭരണ സർക്കാറുകൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഡോ. ജെ.ബി. രാജൻ
എഡിറ്റർ

# 1

# ഭരണ ഘടനാ പരിരക്ഷ

> സ്വാതന്ത്ര്യവും തുല്യതയും സൗഹാർദ്ദവും പഠിപ്പിക്കുന്ന മതത്തെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്
>
> *- ഡോ. ബാബാ സാഹേബ് അംബേദ്കർ*

## 1.1 ഭരണ ഘടനയിലെ അടിസ്ഥാന പരിരക്ഷകൾ

ഭരണഘടനയുടെ 342 (1)-ാം അനുച്ഛേദ പ്രകാരമാണ് സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ സമുദായങ്ങൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ഈ വകുപ്പിലെ 342(2)-ാം ഉപവകുപ്പ് പ്രകാരം പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒരു സമുദായത്തെ ഒഴിവാക്കാനോ, കൂട്ടിച്ചേർക്കാനോ ഉള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. അനുച്ഛേദം 366 (25) പ്രകാരം പട്ടികവർഗ്ഗമെന്നതിനുള്ള നിർവ്വചനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർ എന്നാൽ അർത്ഥമാക്കേണ്ടത് ഗോത്രവർഗ്ഗക്കാരേയോ ഗോത്രവർഗ്ഗ സമുദായങ്ങളിലേയോ ഒരു ഘടകമോ അല്ലെങ്കിൽ അതിൽ ഉൾപ്പെട്ട ഒരു വിഭാഗത്തേയോ ആണ്.

### I. വികസനപരവും സംരക്ഷണപരവുമായ പരിരക്ഷ

**അനുച്ഛേദം 46 –** പട്ടിക ജാതികളുടെയും പട്ടിക ഗോത്ര വർഗ്ഗങ്ങളുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവും ആയ താൽപര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ: ''രാഷ്ട്രം ജനങ്ങളിൽ ദുർബല വിഭാഗങ്ങളുടെ, പ്രത്യേകിച്ച് പട്ടിക ജാതികളുടെയും പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപര്യങ്ങളെ പ്രത്യേക ശ്രദ്ധയോടുകൂടി അഭിവൃദ്ധിപ്പെടുത്തേണ്ടതും, അവരെ സാമൂഹ്യമായ അനീതിയിൽ നിന്നും എല്ലാ വിധത്തിലുള്ള ചൂഷണത്തിൽ നിന്നും സംരക്ഷിക്കേണ്ടതും ആകുന്നു''.

സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവരിൽ നിലനിൽക്കുന്ന സാമ്പത്തിക അസമത്വം ഇല്ലായ്മ ചെയ്യുന്നതിനും, സമൂഹത്തിൽ സമന്മാരല്ലാത്തവർ തമ്മിൽ ഇടപെടുമ്പോൾ ഉണ്ടാകുന്ന അനീതി ഇല്ലായ്മ ചെയ്യുന്നതിനും ഈ അനുച്ഛേദ പ്രകാരം രാഷ്ട്രത്തിന് വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## II. സാമൂഹ്യ പരിരക്ഷകൾ (അനുച്ഛേദം 17, 23, 24, 25 (2)(ബി))

**അനുച്ഛേദം 17 –** ''തൊട്ടുകൂടായ്മ'' നിറുത്തലാക്കുകയും അതിന്റെ ഏത് രൂപത്തിലും ഉള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു. ''തൊട്ടുകൂടായ്മ'' യിൽ നിന്നും ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ചേൽപ്പിക്കുന്നത് നിയമപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുറ്റമായിരിക്കുന്നതാണ്. ഈ അനുച്ഛേദത്തിലെ വ്യവസ്ഥ നടപ്പിലാക്കുന്നതിനാണ് രണ്ട് നിയമങ്ങൾ പാസാക്കിയിട്ടുള്ളത്.

i. 1955 ലെ പൗരാവകാശ സംരക്ഷണ നിയമം.

ഈ നിയമം പ്രധാനമായും അയിത്താചരണത്തിന് എതിരായിട്ടുള്ളതാണ്. അയിത്താചരണം, അയിത്തം ആചരിക്കുവാൻ പ്രേരിപ്പിക്കുക എന്നിവ കുറ്റകരമാണ്. ഈ നിയമ പ്രകാരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ഒരു മാസത്തിൽ കുറയാതെയും ആറ് മാസത്തിൽ കവിയാതെയുമുള്ള തടവ് ശിക്ഷയും, ആയതിന് പുറമെ 100 രൂപയിൽ കുറയാതെയും 500 രൂപയിൽ കവിയാതെയുമുള്ള പിഴ ശിക്ഷയും നൽകേണ്ടതാണ്. ഈ നിയമത്തെപ്പറ്റി വ്യാപകമായ പ്രചരണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

ii. 1989 ലെ പട്ടികജാതി - പട്ടികവർഗ്ഗ (അതിക്രമം തടയൽ നിയമം)

ഈ നിയമം നടപ്പിലാക്കിയപ്പോൾ കണ്ടെത്തിയ അപാകതകൾ പരിഹരിച്ചുക്കൊണ്ട് 2015-ൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് നേരെ അതിക്രമകുറ്റങ്ങൾ ചെയ്യുന്നത് തടയുക, കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് മാത്രമായുള്ള പ്രത്യേക കോടതികൾ, കുറ്റകൃത്യങ്ങൾക്ക് വിധേയരാകുന്നവർക്ക് സാമ്പത്തിക സഹായവും, പുനരധിവാസവും എന്നിവ കൂടി ഈ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. കേസ് രജിസ്ട്രർ ചെയ്ത ഉടനെ വിവിധ കുറ്റ കൃത്യങ്ങളുടെ ഗൗരവമനുസരിച്ച് നിശ്ചിത അനുപാതത്തിൽ മുൻകൂറായി നഷ്ട പരിഹാര തുക ലഭിക്കുന്നതാണ്. കുറ്റകൃത്യങ്ങൾക്ക് ശിക്ഷയായി ആറുമാസം മുതൽ അഞ്ച് വർഷം വരെ തടവും പിഴയും ഉണ്ട്. ഈ നിയമത്തിന്റെ 2015-ലെ ഭേദഗതി പ്രകാരം കുറ്റകൃത്യങ്ങളുടെ പട്ടിക വിപുലീകരിക്കുക മാത്രമല്ല ഇന്ത്യൻ ശിക്ഷാ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 32 വകുപ്പുകളുടെ പട്ടികയും പ്രസിദ്ധീകരിക്കുകയുണ്ടായി. കുറ്റകൃത്യത്തിന് വിധേയമായവർക്ക് കേസിന്റെ വിചാരണ വേളയിലെ അവരുടെ അന്തസ്സിനെ ഹനിക്കാത്ത വിധമുള്ള നിയമ സഹായങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**അനുച്ഛേദം 23 –** മനുഷ്യക്കച്ചവടവും നിർബന്ധിച്ച് പണി ചെയ്യിക്കലും കുറ്റകരമാണ്. ഈ അനുച്ഛേദത്തിലെ വ്യവസ്ഥ പ്രകാരമാണ് 1976 ലെ അടിമപണി (ഇല്ലായ്മ ചെയ്യൽ) നിയമം നടപ്പിലാക്കിയിരിക്കുന്നത്.

**അനുച്ഛേദം 24 –** വ്യവസായശാല മുതലായവയിൽ 14 വയസ്സിന് താഴെയുള്ള കുട്ടികളെ ജീവനത്തിന് ഏർപ്പെടുത്താൻ പാടില്ല.

**അനുച്ഛേദം 25 (2)(ബി) –** സാമൂഹ്യ ക്ഷേമത്തിനും, സാമൂഹ്യ പരിഷ്ക്കരണത്തിനും അല്ലെങ്കിൽ പൊതുസ്വഭാവമുള്ള ഹിന്ദുമത സ്ഥാപനങ്ങൾ എല്ലാ വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾക്ക് തുറന്ന്കൊ

ടുക്കേണ്ടതാണ്. ഈ വ്യവസ്ഥ പ്രകാരമാണ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹിന്ദുകൾക്ക് ക്ഷേത്രത്തിൽ പ്രവേശിക്കുവാനുള്ള അവസരം ലഭ്യമായത്.

## III. സാമ്പത്തിക പരിരക്ഷകൾ (അനുച്ഛേദം 244, 275 (1))

അനുച്ഛേദം 244 - പട്ടിക പ്രദേശങ്ങളുടെയും ഗോത്രവർഗ്ഗ പ്രദേശങ്ങളുടെയും ഭരണം.

1) പട്ടികവർഗ്ഗം (Scheduled Tribes) എന്ന് ഉപയോഗിച്ചുവരുന്ന പദത്തിന് ഭരണഘടനയിൽ 'ഗോത്ര വർഗ്ഗം' എന്നാണ് നൽകിയിരിക്കുന്നത്.

2) അഞ്ചാം പട്ടികയിലെ വ്യവസ്ഥകൾ (ആസ്സാം, മേഘാലയ, ത്രിപുര, മിസോറാം എന്നീ സംസ്ഥാനങ്ങൾ അല്ലാതെയുള്ള) ഏതൊരു സംസ്ഥാനത്തിലെയും പട്ടിക പ്രദേശങ്ങളുടേയും പട്ടിക ഗോത്ര വർഗ്ഗ പ്രദേശങ്ങളുടേയും ഭരണത്തിനും നിയന്ത്രണത്തിനും ബാധകമാകുന്നതാണ്.

3) ആറാം പട്ടികയിലെ വ്യവസ്ഥകൾ (ആസ്സാം, മേഘാലയ, ത്രിപുര, മിസോറാം എന്നീ സംസ്ഥാനങ്ങളിലെ) ഗോത്ര വർഗ്ഗ പ്രദേശങ്ങളുടെ ഭരണത്തിന് ബാധകമാകുന്നതാണ്.

**അനുച്ഛേദം 275 (1) –** പട്ടിക ഗോത്ര വർഗ്ഗങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്ന ആവശ്യത്തിലേക്കോ അല്ലെങ്കിൽ പട്ടിക പ്രദേശങ്ങളുടെ ഭരണ നിലവാരം ആ സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളുടെ ഭരണ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വേണ്ടിയോ ആവശ്യമായ മൂലധനവും ആവർത്തന തുകകളും ഭാരതത്തിന്റെ സഞ്ചിത നിധിയിൽ നിന്നും സംസ്ഥാനത്തിന് സഹായ ധനങ്ങളായി നൽകേണ്ടതാണ്. ഈ വ്യവസ്ഥ പ്രകാരം അട്ടപ്പാടി, ഇടുക്കി ആരോഗ്യ പദ്ധതികൾ, പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളുടെ വികസനം, വയനാട് ജില്ലയിലെ പൂക്കോട് എം.ആർ.എസ്, ഇടുക്കി ജില്ലയിലെ എം.ആർ.എസ് എന്നിവയ്ക്ക് സഞ്ചിത നിധിയിൽ നിന്ന് സഹായം കിട്ടിയിട്ടുണ്ട്.

## IV. വിദ്യാഭ്യാസപരവും, സാംസ്കാരികപരവുമായ പരിരക്ഷകൾ (അനുച്ഛേദം 15 (4), 15(5), 29 (1), 350 (എ))

ഭരണഘടന പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗക്കാരുടെ വിദ്യാഭ്യാസപരവും, സാംസ്ക്കാരികപരവുമായ ഉന്നമനത്തിനായി താഴെപറയുന്ന പരിരക്ഷ ഉറപ്പാക്കുന്നതിലേക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**അനുച്ഛേദം 15 (4) –** ഈ അനുച്ഛേദത്തിലോ 29-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിലോ ഉള്ള യാതൊന്നും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിന് വേണ്ടിയോ, പട്ടികജാതികൾക്കും, പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയോ, ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാകുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.

**അനുച്ഛേദം 15 (5) –** ഈ അനുച്ഛേദത്തിലോ, 19-ാം അനുച്ഛേദത്തിലെ ഒന്നാം ഖണ്ഡത്തിലെ (ജി) ഉപഖണ്ഡത്തിലോ ഉള്ള യാതൊന്നും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിന് വേണ്ടിയോ, പട്ടികജാതികൾക്കും, പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയോ, നിയമപ്രകാരം സ്വകാര്യ, സ്വാശ്രയ-എയ്ഡഡ് അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (അനുച്ഛേദം 30 (1) -ാം ഖണ്ഡത്തിലെ ന്യൂനപക്ഷ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെ) സീറ്റുകൾ സംവരണം ചെയ്യുന്നതിൽ നിന്നും രാഷ്ട്രത്തെ തടയുന്നതല്ല.

**അനുച്ഛേദം 29 – (1)** ഭാരതത്തിന്റെ ഭൂപ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ താമസിച്ച് വരുന്ന പൗരൻമാരിൽ ഭിന്നമായ ഒരു ഭാഷയോ ലിപിയോ സംസ്കാരമോ സ്വന്തമായുള്ള ഏതൊരു വിഭാഗത്തിനും അത് സംരക്ഷിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

**അനുച്ഛേദം 350 (ബി) –** പ്രാഥമികഘട്ടത്തിൽ ഭാഷാ ന്യൂനപക്ഷത്തിൽപ്പെട്ട കുട്ടികൾക്ക് മാതൃഭാഷയിൽ ബോധനം നൽകുവാൻ വേണ്ടി സംസ്ഥാനവും ഓരോ തദ്ദേശാധികാര സ്ഥാപനവും യത്നിക്കേണ്ടതാണ്. ഇവ നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ രാഷ്ട്രപതി സംസ്ഥാനങ്ങൾക്ക് നൽകുന്നതാണ്.

## V. രാഷ്ട്രീയ പരിരക്ഷകൾ (അനുച്ഛേദം – 164, 243 (ഡി, ഡി4) 330, 332, 334)

**അനുച്ഛേദം 164 –** ബീഹാർ, മദ്ധ്യപ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിന്റെ ചുമതല വഹിക്കാൻ ഒരു മന്ത്രി ഉണ്ടായിരിക്കേണ്ടതാണ്.

**അനുച്ഛേദം 243 (ഡി) – 2 –** പട്ടിക ഗോത്രവർഗ്ഗങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമായി സംവരണം. ഇതിൽ സ്ത്രീകൾക്ക് പ്രത്യേക സംവരണം ഉണ്ടായിരിക്കും. (ഡി 4) – ഇതേ രീതിയിൽ സ്ഥാനങ്ങൾക്കും സംവരണം.

**അനുച്ഛേദം 330 –** പട്ടിക ഗോത്രവർഗ്ഗങ്ങൾക്ക് ലോക്സഭയിൽ സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുണ്ട്.

**അനുച്ഛേദം 332 –** ഓരോ സംസ്ഥാന നിയമസഭാ സ്ഥാനങ്ങൾക്ക് സംവരണം.

**അനുച്ഛേദം 334 –** സ്ഥാനങ്ങൾ, പ്രത്യേക പ്രാധിനിധ്യം എന്നിവ സംവരണം ചെയ്യൽ –

a) പട്ടികജാതി പട്ടിക ഗോത്രവർഗ്ഗങ്ങൾക്കായി ലോക സഭയിലും നിയമ സഭകളിലും സീറ്റുകൾ സംവരണം ചെയ്യുക.

b) ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യുക

സംവരണ വ്യവസ്ഥയുടെ കാലാവധി ഓരോ പത്ത് വർഷം വീതം നീട്ടിക്കൊടുത്തിട്ടുണ്ട്. നിലവിലെ ഭേദഗതി 2020 അവസാനിക്കും.

## VI. സേവന രംഗത്തെ പരിരക്ഷകൾ – അനുച്ഛേദം 16 (4), 320 (4), 335

**അനുച്ഛേദം 16 (4) –** രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവ്വീസുകളിൽ മതിയായിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഏതെങ്കിലും പിന്നാക്ക വിഭാഗത്തിൽപ്പെട്ട പൗരന്മാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.

**അനുച്ഛേദം 320 – ഖണ്ഡം (4) –** 16–ാം അനുച്ഛേദം (4 എ) – സൂചിപ്പിച്ച ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നത് സംബന്ധിച്ചോ അല്ലെങ്കിൽ 335–ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്ന വിധം സംബന്ധിച്ചോ ഒരു പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുന്നതിന് ആവശ്യമാക്കുന്നതല്ല. (ഈ വ്യവസ്ഥ ഭരണഘടനയുടെ 77 –ാം ഭേദഗതിപ്രകാരം പട്ടിക ജാതി കൾക്കോ പട്ടിക ഗോത്ര വർഗ്ഗങ്ങൾക്കോ ഉദ്യോഗ കയറ്റത്തിന്റെ സംഗതിയിൽ കൂടി സംവരണം ഏർപ്പെടുത്തുകയുണ്ടായി. 85–ാം ഭേദഗതി പ്രകാരം 1995 ജൂൺ മാസം മുതൽ ലഭിക്കേണ്ടിയിരുന്ന സംവരണം കൂടി അനുവദിച്ച് കിട്ടാൻ അർഹതയുണ്ട്. ഇങ്ങനെ നികത്തുന്ന ഒഴിവുകൾ ആ വർഷത്തെ പരമാവധി 50% എന്ന സംവരണ ശതമാനം കണക്കാക്കുന്നതിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. എന്നാൽ ഈ ഭേദഗതി 2007 ൽ എം.നാഗരാജ് & അദേഴ്സ് v/s യൂണിയൻ ഓഫ് ഇന്ത്യ കേസിൽ കൂടി സുപ്രീംകോടതിയിൽ ചോദ്യം ചെയ്തു. സുപ്രീംകോടതി ഇക്കാര്യത്തിലുള്ള നിർവ്വഹണത്തിന് ചില ഉപാധികൾ പുറപ്പെടുവിക്കുകയുണ്ടായി 1. പിന്നാക്കാവസ്ഥ, 2. ഭരണ നിർവ്വഹണത്തിൽ പങ്കാളിത്തക്കുറവ്, 3. ഭരണനിർവ്വഹണത്തിൽ കാര്യക്ഷമത. ഈ സാഹചര്യം മറികടക്കുന്നതിന് വേണ്ടി 2012 ൽ ലോകസഭയിൽ കൊണ്ടുവന്ന ബിൽ പാസ്സാക്കാൻ കഴിഞ്ഞിട്ടില്ല).

**അനുച്ഛേദം 335 –** സർവ്വീസുകളിലേക്കും തസ്തികകളിലേക്കും പട്ടിക ഗോത്രവർഗ്ഗക്കാർക്കുള്ള അവകാശങ്ങൾ – ഭരണത്തിന്റെ കാര്യക്ഷമതയുടെ സംരക്ഷണവുമായി പൊരുത്തപ്പെടുന്ന വിധം യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കാര്യങ്ങളുമായി ബന്ധപ്പെട്ട നിയമിക്കപ്പെട്ട അംഗങ്ങളുടെ അവകാശങ്ങൾ പരിഗണിക്കേണ്ടതാണ്.

## VII. പട്ടികജാതികൾക്കും, പട്ടിക ഗോത്രങ്ങൾക്കുമായുള്ള കമ്മീഷനുകൾ – (അനുച്ഛേദം 338 (1), 339)

**അനുച്ഛേദം 338 (1) –** ദേശീയ കമ്മീഷൻ നിയമപ്രകാരമോ ഉത്തരവ് പ്രകാരമോ വ്യവസ്ഥ ചെയ്തിട്ടുള്ള പരിരക്ഷകൾ അന്വേഷിക്കുകയും നിരീക്ഷിക്കുകയും അവയുടെ പ്രവർത്തനത്തെ വിലയിരുത്തുകയും വേണം. പ്രത്യേക പരാതികളെ കുറിച്ച് അന്വേഷിച്ച് വിചാരണ നടത്തുക, സാമൂഹ്യ സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, അവയുടെ പുരോഗതി വിലയിരുത്തുക എന്നിവ കമ്മീഷന്റെ പ്രധാന ചുമതലയിൽ ഉൾപ്പെടുന്നു. പട്ടിക ഗോത്ര വർഗ്ഗങ്ങളുടെ സംരക്ഷണം, ക്ഷേമം, സാമ്പത്തിക വികസനം എന്നിവ സംബന്ധിച്ച കമ്മീഷന്റെ റിപ്പോർട്ട് ഓരോ വർഷവും രാഷ്ട്രപതിക്ക് സമർപ്പിക്കണം. കൂടാതെ പാർലമെന്റ് ഉണ്ടാക്കുന്ന നിയമ വ്യവസ്ഥകൾക്ക് വിധേയമായി രാഷ്ട്രപതി ചട്ടം വഴി നിർദ്ദേശിക്കുന്ന ചുമതലകളും നിർവ്വഹിക്കേണ്ടതാണ്.

**അനുച്ഛേദം 339 –** പട്ടിക പ്രദേശങ്ങളിലേയും പട്ടികവർഗ്ഗക്കാരെക്കുറിച്ചും രാഷ്ട്രപതിക്ക് എപ്പോൾ വേണമെങ്കിലും ഒരു കമ്മീഷനെ നിയമിച്ച് റിപ്പോർട്ട് ആവശ്യപ്പെടാം. കേന്ദ്രത്തിന് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് അനിവാര്യമായി നടപ്പിലാക്കേണ്ട പ്രത്യേക പദ്ധതികളെ കുറിച്ച് നിർദ്ദേശങ്ങൾ നൽകുവാനുള്ള അധികാരം ഉണ്ട്. ഈ അനുച്ഛേദം പ്രകാരം 1960 ൽ നിയമിച്ച യു.എൻ ധേബർ കമ്മീഷൻ റിപ്പോർട്ട് 1961 ൽ രാഷ്ട്രപതിക്ക് സമർപ്പിക്കുകയും പട്ടികവർഗ്ഗ മേഖലയിൽ ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

## 1.2 ഭരണ ഘടനയിലെ 73 ഉം, 74 ഉം ഭേദഗതികൾ പ്രകാരമുള്ള വ്യവസ്ഥകൾ

ഭരണ ഘടനയുടെ 73 ഉം, 74 ഉം ഭേദഗതികൾ അനുസരിച്ച് ഭരണഘടനയിലെ IX, IX A, എന്നീ ഭാഗങ്ങളിലായി 243, 243 എ മുതൽ 243 ഒ വരെയുള്ള 16 അനുച്ഛേദങ്ങളും, 243 പി മുതൽ 243 ഇസെഡ് വരെയും, 243 ഇസെഡ് എ മുതൽ ഇസെഡ് ജി വരെയും ഉള്ള 18 അനുച്ഛേദങ്ങളും; 11, 12 എന്നീ പട്ടികകളും കൂട്ടിച്ചേർത്തു. ഇവയിൽ പട്ടിക വിഭാഗങ്ങളെ സംബന്ധിച്ചുള്ള പ്രസക്തമായ വ്യവസ്ഥകൾ മാത്രമാണ് ചുവടെ നൽകിയിരിക്കുന്നത്.

അനുച്ഛേദം 243 ഡി - സ്ഥാനങ്ങൾ സംവരണം ചെയ്യൽ

(1) ഓരോ പഞ്ചായത്തിലും

(എ) പട്ടിക ജാതികൾക്കും

(ബി) പട്ടിക ഗോത്ര വർഗ്ഗങ്ങൾക്കും.

(ആകെ സ്ഥാനങ്ങൾ, പദവികൾ എന്നിവയിൽ ജനസംഖ്യ അനുപാതികമായ സംവരണം. ഇതിൽ തന്നെ സ്ത്രീകൾക്ക് പ്രത്യേക സംവരണം.)

**പട്ടികവർഗ്ഗത്തിന് വേണ്ടി പ്രവർത്തിക്കുന്ന കമ്മീഷനുകൾ**

1. ദേശിയ പട്ടികവർഗ്ഗ കമ്മീഷൻ, 6 ഫ്ളോർ, ലോക്നായക് ഭവൻ, ന്യൂഡൽഹി. ഫോൺ. 011 - 24635721
2. സംസ്ഥാന ഓഫീസ് - ടി.സി 24/547(1), ശാസ്താ ഗാർഡൻസ്, റെസിഡൻസി റോഡ്, തൈക്കാട്, തിരുവനന്തപുരം - 14. ഫോൺ - 0471 - 2327530
3. കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ, അയ്യൻകാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം. ഫോൺ. 0471 2580333, ഫാക്സ് - 0471 2580304

**അനുച്ഛേദം 243 ജി - പഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും**

(എ) സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികളുടെ ആസൂത്രണം.

(ബി) പതിനൊന്നാം പട്ടികയിൽ ചേർത്തിട്ടുള്ള സംഗതികളുൾപ്പെടെ, സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമുള്ള പദ്ധതികൾ നടപ്പിലാക്കൽ.

**പതിനൊന്നാം പട്ടിക (243 ജി)**

പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 29 ഇനങ്ങൾ പൊതു സമൂഹത്തെപ്പോലെ തന്നെ പട്ടിക വിഭാഗ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ബാധകമാണ്. ഇതിൽ 7, 27 എന്നീ രണ്ട് ഇനങ്ങൾ പട്ടിക വിഭാഗങ്ങളെ നേരിട്ട് ബാധിക്കുന്നവയാണ്.

7 - ചെറുകിട വന വിഭവങ്ങൾ

27 - ദുർബല വിഭാഗങ്ങളുടെ ക്ഷേമം, പ്രത്യേകിച്ച് പട്ടികജാതിക്കാരുടെയും, പട്ടിക ഗോത്രവർഗ്ഗക്കാരുടെയും

**പന്ത്രണ്ടാം പട്ടിക (243 ഡബ്ളിയു)**

മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് 18 ഇനങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ഒമ്പതാമത്തെ ഇനം പട്ടികവർഗ്ഗങ്ങൾക്കും ബാധകമാണ്.

9 - സമൂഹത്തിലെ ഭിന്നശേഷിയുള്ളവർ, മാനസിക വളർച്ചയില്ലാത്തവർ എന്നിവർ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുക.

**1.3 കേരള പഞ്ചായത്ത് രാജ് നിയമം**

ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതിയെ തുടർന്ന് കേരളം പാസ്സാക്കിയ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ (1994) മൂന്ന്, നാല്, അഞ്ച് പട്ടികകൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ വിവക്ഷിക്കുന്നു. അവയിൽ പട്ടിക വിഭാഗങ്ങൾക്കായിട്ടുള്ള ചുമതലകൾ ചുവടെ കൊടുക്കുന്നു.

**1.3.1 ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ - മൂന്നാം പട്ടിക (166-ാം വകുപ്പ് 1-ാം ഉപവകുപ്പ്)**

**സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ**

**XV. പട്ടികജാതി - പട്ടികവർഗ്ഗ വികസനം**

1. എസ്.സി.പി, ടി.എസ്.പി ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക
2. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്ക് വേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക
3. പട്ടികജാതി - പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക
4. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക
5. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക.

**1.3.2 ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ - നാലാം പട്ടിക (172-ാം വകുപ്പ് 1-ാം ഉപ വകുപ്പ്)**

**ബി - മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ**

**XIII പട്ടികജാതി - പട്ടികവർഗ്ഗ വികസനം**

1. പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക
2. പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

**1.3.3 ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ അഞ്ചാം പട്ടിക (173 -ാം വകുപ്പ് 1-ാം ഉപവകുപ്പ്)**

**ബി- മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ**

### XIV. പട്ടികജാതി - പട്ടികവർഗ്ഗ വികസനം

1. പോസ്റ്റ് മെട്രിക് - ഹോസ്റ്റലുകൾ നടത്തുക.

2. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ പരിപാലിക്കുക.

**1.4 കേരള മുനിസിപ്പാലിറ്റി നിയമം**

ഭരണഘടനയുടെ എഴുപത്തിനാലാം ഭേദഗതിക്കനുസരിച്ച് പാസ്സാക്കിയ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ (1994) ഒന്നാം പട്ടിക നഗരപാലിക സ്ഥാപനങ്ങളുടെ ചുമതലകൾ സംബന്ധിച്ചാണ്. അവയിൽ പട്ടിക വിഭാഗങ്ങൾക്കുള്ള ചുമതലകൾ ചുവടെ കൊടുക്കുന്നു.

**സി- മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ**

### XV. പട്ടികജാതി - പട്ടികവർഗ്ഗ വികസനം

1. പ്രത്യേക ഘടക പദ്ധതിയുടെയും (എസ്.സി.പി) പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും (ടി.എസ്.പി) കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക.
2. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്ക് വേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക.
3. പട്ടികജാതി - പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.
5. സഹായം അർഹിക്കുന്ന പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും വിവേചനാധിഷ്ഠിത സഹായം നൽകുക.
6. മുനിസിപ്പൽ പ്രദേശത്ത് പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക.
7. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.
8. മുനിസിപ്പൽ പ്രദേശത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക.
9. മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ നടത്തുക

# 2

# പട്ടികവർഗ്ഗ വികസനം:
# പഞ്ചശീല തത്വങ്ങളും ദർശനവും ദൗത്യവും

> ഞാൻ സ്വീകരിക്കുന്ന പാത ഇതാണ്. ഞാൻ ആദിവാസികളുടെ അടുത്ത് പോകുകയും അവരുമായി ഇടപഴകുകയും ചെയ്യും; എന്നിട്ട് ഞാൻ അവർക്ക് വേണ്ടി അവരോടൊപ്പം നിന്ന് വാദിക്കും. എനിക്ക് ഒരു കാര്യം ഉറപ്പുണ്ട്, സ്നേഹത്തിന്റെയും വിവേകത്തിന്റെയും വാക്കുകൾക്ക് മുമ്പിൽ അവർ മുഖം തിരിച്ച് നിൽക്കുകയില്ല.
>
> – *മഹാത്മാഗാന്ധി*

ദേശീയ പട്ടികവർഗ്ഗ വികസന സമീപനത്തിന്റെ ഭാഗമാണ് പഞ്ചശീല തത്വങ്ങൾ. കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ പട്ടികവർഗ്ഗ ഉപപദ്ധതി സംബന്ധിച്ച 'ദർശനവും ദൗത്യവും' പുറപ്പെടുവിച്ചിട്ടുണ്ട്. ആസൂത്രണ നിർവ്വഹണ ഏജൻസികൾ പഞ്ചശീല തത്വങ്ങളും, ദർശനവും, ദൗത്യവും വളരെ ഗൗരവത്തോടെ മനസ്സിലാക്കപ്പെടണമെന്നും പ്രായോഗിക തലത്തിൽ നടപ്പിലാക്കണമെന്നും ഉദ്ദേശിച്ചിട്ടുണ്ട്.

### 2.1 പഞ്ചശീല തത്വങ്ങൾ

ഭാരതത്തിലെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ട് ജീവിതം നയിച്ചു പോന്ന ഗോത്രവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിന് വേണ്ടിയുള്ള ചിന്താധാരകൾ സ്വാതന്ത്ര്യ സമരസമയത്ത് തന്നെ ആരംഭിച്ചിട്ടുള്ളതാണ്. വടക്കുകിഴക്കൻ മേഖലയിലുള്ള ഗോത്രവർഗ്ഗക്കാരുടെ വികസനത്തിനുവേണ്ടി അവരുടെ കൂടെ നിന്ന് പ്രയത്നിച്ച ഒരാളാണ് പ്രശസ്ത നരവംശ ശാസ്ത്രജ്ഞനായിരുന്ന ഡോ. വെറിയർ എൽവിൻ. അക്കാദമിക്ക് രീതിയിൽ മൂന്ന് സമീപനങ്ങളാണ് വികസനത്തെക്കുറിച്ച് ഉയർന്ന് വന്നിട്ടുള്ളത്. ഇതിൽ ആദ്യത്തേത് ഗോത്രവർഗ്ഗക്കാരെ സ്വതന്ത്രരായി വിടുകയാണ്. രണ്ടാമത്തേതിൽ പൂർണ്ണമായും മുഖ്യധാരയിൽ ലയിപ്പിക്കലാണ്. മൂന്നാമത്തെ സമീപനം കൊണ്ട് ഉദ്ദേശിച്ചത് മൗലികമായ സ്വത്വവും, സാസ്ക്കാരികത്തനിമയും നിലനിർത്തിക്കൊണ്ട് ഗോത്രവിഭാഗക്കാരെ ഉദ്ഗ്രഥിക്കലാണ്. ഇതിൽ മൂന്നാമത്തെ സമീപനമാണ് വെറിയർ എൽവിന്റെ പ്രസിദ്ധമായ "നേഫായുടെ തത്വശാസ്ത്രം" (1952). ഈ പുസ്തകത്തിനുള്ള ആമുഖക്കുറിപ്പിൽ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു പട്ടികവർഗ്ഗ വികസനത്തിന് പഞ്ചശീലതത്ത്വങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്.

1. ഗോത്രവർഗ്ഗക്കാരെ ബാഹ്യപ്രേരണകളോ സ്വാധീനമോ കൂടാതെ അവരുടെ ജന്മസിദ്ധമായ പ്രതിഭയുടെ അടിസ്ഥാനത്തിൽ വികസിക്കുവാൻ അനുവദിക്കണം. ഇതിനോടൊപ്പം ഗോത്രവർഗ്ഗക്കാരുടെ പാരമ്പര്യകലയും സംസ്കാരവും പ്രോത്സാഹിപ്പിക്കണം.
2. ഗോത്രവിഭാഗക്കാരുടെ ഭൂമിയിലും വനത്തിലുമുള്ള അവകാശങ്ങൾ ആദരിക്കണം.
3. ഭരണത്തിനും വികസനത്തിനും വേണ്ടി ഗോത്രവിഭാഗക്കാരുടെ തന്നെ ഒരു കൂട്ടത്തെ പരിശീലനം നൽകി കെട്ടിപ്പെടുക്കുവാൻ ശ്രമിക്കണം. സാങ്കേതിക കാര്യങ്ങൾക്ക് തുടക്കത്തിൽ പുറമേനിന്നുള്ള

വരെ ആവശ്യമായി വരും. എന്നാൽ ഗോത്രവർഗ്ഗ മേഖലകളിൽ വളരെ കൂടുതൽ ആളുകളെ അയക്കുവാൻ ശ്രമിക്കുന്നത് ഒഴിവാക്കപ്പെടണം.

4. കൂടുതൽ ഭരണമേൽക്കോയ്മയും വിവിധ തരത്തിലുള്ള വികസന പദ്ധതികളും ഒരേസമയം തുടങ്ങി ഗോത്രവിഭാഗക്കാർക്ക് പ്രയാസങ്ങൾ ഉണ്ടാക്കാൻപാടില്ല. വികസന പ്രവർത്തനങ്ങൾ കഴിയുന്നതും ഗോത്രവിഭാഗക്കാരുടെ എതിർപ്പിന് വിധേയമാകാതെയും അവരുടെ തന്നെ സാമൂഹ്യ സംസ്കാരിക സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കാൻ ശ്രമിക്കണം.
5. ഗോത്രവിഭാഗക്കാരുടെ വികസനത്തെ വിലയിരുത്തേണ്ടത് അവർക്ക് വേണ്ടി ചെലവഴിച്ച തുകയുടെ കണക്കുകളുടെ അടിസ്ഥാനത്തിലല്ല, മറിച്ച് അവരുടെ മാനുഷിക ഭാവത്തിൽ എത്രമാത്രം ഗുണപരമായ മേന്മ കൈവരിക്കാൻ കഴിഞ്ഞു എന്നതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം.

മുകളിൽ സൂചിപ്പിച്ച പഞ്ചശീല തത്വങ്ങൾക്ക് ഈ കാലഘട്ടത്തിലും വളരെയധികം പ്രസക്തിയുണ്ട്. അതിൻപടിയുള്ള കർമ്മപരിപാടികൾക്കാണ് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ മേന്മ വർദ്ധിപ്പിക്കുവാൻ വേണ്ടി തുടക്കം കുറിക്കേണ്ടത്.

**2.2 ദർശനം**

പട്ടികവർഗ്ഗ വിഭാഗക്കാരെ സാമൂഹ്യം, സാമ്പത്തികം, രാഷ്ട്രീയം എന്നീ രംഗങ്ങളിൽ ശാക്തീകരിക്കുവാനും അതുവഴി അവരുടെ ജീവിത രീതിയിൽ സ്വാധീനം ചെലുത്തുവാനും, തങ്ങളുടേതായ പ്രകൃതിദത്ത വിഭവങ്ങളുടേയും വികസന വിഹിതത്തിന്റേയും നിയന്ത്രണവും, തങ്ങൾക്ക് അനുയോജ്യമായ മേഖലകൾ തിരഞ്ഞെടുക്കുവാനുള്ള അറിവും, ദേശീയതലത്തിൽ സാസ്ക്കാരികമായും വൈകാരികമായും ഉദ്ഗ്രഥിച്ച് രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകാനും, മാനവ വികസന സൂചകങ്ങളിൽ കാണുന്ന വിടവ് കുറച്ച് പിന്നീട് അത് പാടെ മാറ്റിയെടുക്കുവാനും, മറ്റ് രംഗങ്ങളിൽ പട്ടികവർഗ്ഗ ജനതയും പൊതു സമൂഹവുമായിട്ടുള്ള സകലമാന വ്യത്യാസങ്ങളും ഇല്ലാതാക്കുവാനും കഴിയണം.

**2.3 ദൗത്യം**

a. വികസനത്തിൽ കൂടി മുന്നേറുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക. വികസനത്തിന്റെ സമസ്ഥതലങ്ങളിലും ഉള്ള വ്യത്യാസം ഇല്ലാതാക്കുകയും രാജ്യത്തിന്റെ സുസ്ഥിര സാമ്പത്തിക വളർച്ചയുടെ ഗുണഫലം പട്ടികവർഗ്ഗക്കാരിലും എത്തിച്ചേരാൻ കഴിയണം.
b. വൈദഗ്ധ്യം വർദ്ധിപ്പിക്കുകയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വേണം.
   ഉദാ: വിദ്യാഭ്യാസം, പരിശീലനം, വ്യവസായവൽക്കരണത്തിലൂടെ ഉണ്ടാകുന്ന ജോലി നേടാനുള്ള കഴിവ്, രാജ്യത്തെ വികസനത്തോടൊപ്പം വളരുവാനുള്ള അവസരം.
c. പരിസ്ഥിതി മാനേജ്മെന്റിൽക്കൂടി പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിറുത്തുവാനും, വനാവകശ നിയമത്തിൽക്കൂടി പട്ടികവർഗ്ഗക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാനും കഴിയണം.
d. വിപണ രംഗത്തെ ശേഷിയും ഉൾച്ചേർക്കലും ഉറപ്പുവരുത്തണം.
e. വികേന്ദ്രീകരണം, ശാക്തീകരണം, വിജ്ഞാന വ്യാപനം എന്നിവ ഉറപ്പുവരുത്തണം.
f. സാങ്കേതിക വികസനത്തിന്റെ അറിവുകൾ സ്വീകരിക്കാനും നൂതനമായവ കണ്ടെത്തുവാനുള്ള കഴിവ് വർദ്ധിപ്പിക്കണം.
g. ഭാവിയിലേക്കുള്ള ഊർജ്ജം. (ഉദാ: പ്രകൃതി ദത്തമായ സ്രോതസ്സുകൾ) പ്രയോജനപ്പെടുത്തണം.
h. ഗ്രാമീണ മേഖലയുടെ ഉയർച്ചയും, കാർഷിക രംഗത്തെ സുസ്ഥിര വികസനവും ഉറപ്പുവരുത്തണം.
i. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തണം.
j. ആരോഗ്യ സംരക്ഷണത്തിനും രോഗ പ്രതിരോധത്തിനും ചികിത്സക്കുമുള്ള അവസരം ഒരുക്കണം.

# 3

## പട്ടികവർഗ്ഗ ഉപപദ്ധതി: സവിശേഷതകൾ

> ആദിവാസികളെ പരിഷ്കാരത്തിന്റെ പടിവാതിലിലേക്കും അന്ത:സ്സുറ്റ ജീവിത ശൈലിയിലേക്കും പിടിച്ചു കയറ്റുവാനുള്ള പരിശ്രമങ്ങൾ നടത്തപ്പെടേണ്ടതാണ്. പരിഷ്കൃതരാക്കുകയെന്നുവച്ചാൽ അവരെ സ്വന്തമായി കരുതുകയും അവർക്കിടയിൽ ജീവിക്കുകയും അവരിൽ സഹജാവബോധം വളർത്തുകയും, ചുരുക്കത്തിൽ അവരെ സ്നേഹിക്കുകയും ചെയ്യുകയെന്നതാണ്. അവർക്ക് വിദ്യാഭ്യാസം നൽകാനും വൈദ്യസഹായം ലഭ്യമാക്കാനും അവരെ സമുദ്ധരിക്കാനും അവരെ നല്ല പൗരന്മാരാക്കിത്തീർക്കുവാനും കഴിയണം.
>
> *– ഡോ. ബാബാ സാഹേബ് അംബേദ്കർ (1936)*

### 3.1 ഉപപദ്ധതികളുടെ ആവിർഭാവം

ഭരണഘടനാപരമായി വിവിധങ്ങളായ പ്രത്യേക പരിഗണനകളും പരിരക്ഷകളും നൽകി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങളാണ് പട്ടികജാതി (അനുച്ഛേദം 341), പട്ടികവർഗ്ഗ (അനുച്ഛേദം 342) സമുദായങ്ങൾ. ആദ്യത്തെ നാല് പഞ്ചവത്സര പദ്ധതിയിൽ കൂടി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാനപരമായ വികസനത്തിൽ മാറ്റങ്ങൾ കൈവരിക്കാത്തതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചുമതലയുള്ള മന്ത്രിമാരുടെ കോൺഫറൻസ് 1975 ഏപ്രിൽ മാസത്തിൽ വിളിച്ചു കൂട്ടി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം ബന്ധപ്പെട്ട വകുപ്പിന്റെ വികസന പ്രവർത്തനങ്ങളിലൂടെ മാത്രം കൈവരിക്കാൻ കഴിയുകയില്ലെന്നും മറ്റ് പൊതുവികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഈ രംഗത്തേക്ക് ബോധപൂർവ്വം കൊണ്ടുവരണമെന്നും പ്രസ്തുത കോൺഫറൻസിൽ ഉന്നയിക്കപ്പെട്ടു. ആയതിനാൽ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക പരിപാടികൾ ഓരോ വകുപ്പിലും ആസൂത്രണം ചെയ്യണമെന്ന് തീരുമാനിച്ചു. കേന്ദ്ര സർക്കാരിന്റെ ഈ പുതിയ നയസമീപനം കേന്ദ്ര ആസൂത്രണ കമ്മീഷൻ മാർഗ്ഗ നിർദ്ദേശങ്ങളായി സംസ്ഥാനങ്ങൾക്ക് നൽകി. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, മൃഗസംരക്ഷണം, സഹകരണം തുടങ്ങിയ ഇരുപതോളം പൊതുവികസന മേഖലകളിൽ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക പദ്ധതികളോ ഫണ്ടോ വകയിരുത്തണമെന്നും അതിന്റെ ഫലമായി എത്ര പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഗുണം ലഭിക്കുന്നുണ്ടെന്ന് കണക്കാക്കണമെന്നും നിർദ്ദേശിച്ചു.

കേന്ദ്രസർക്കാർ ഇത്തരുണത്തിൽ 1975 ൽ രൂപം നൽകിയ പ്രത്യേക ഘടക പദ്ധതിയും (എസ്.സി.പി.) പട്ടികവർഗ്ഗ ഉപപദ്ധതിയും (ടി.എസ്.പി.) അഞ്ചാം പഞ്ചവത്സര പദ്ധതി മുതൽ നിലവിൽ വന്നു. അടുത്ത ഏഴ് പഞ്ചവത്സര പദ്ധതികളുടെ (അഞ്ച് മുതൽ പന്ത്രണ്ടു വരെ) കാലയളവിൽ ഉപപദ്ധതികളുടെ വിപുലീകരണ പ്രക്രിയ നടക്കുകയുണ്ടായി. ഭരണപരമായ ഘടന വികസിച്ചുവെങ്കിലും വികസന നിലവാരം എല്ലാ വിഭാഗങ്ങൾക്കും ഒരു പോലെ എത്തിക്കുവാനുള്ള ഉദ്യമത്തിന് കാര്യമായ വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഇന്നും നിലനിൽക്കുന്നു.

### 3.2 പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) – സവിശേഷതകൾ

കേന്ദ്ര സർക്കാർ പട്ടികവർഗ്ഗ ഉപപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ പഞ്ചവത്സര പദ്ധതിയുടെ ആരംഭഘട്ടത്തിൽ തന്നെ നൽകാറുണ്ട്. 1999 – ൽ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് നിലവിൽ വരുകയുണ്ടായി. ഇപ്പോൾ പ്രസ്തുത മന്ത്രാലയമാണ് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. ഓരോ പഞ്ചവത്സര പദ്ധതിയുടെയും കാലഘട്ടത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ അധീകരിച്ച് മുൻഗണനന നൽകാറുണ്ട്. അഞ്ചാം പഞ്ചവത്സര പദ്ധതി മുതൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി വരെയുള്ള നിർദ്ദേശങ്ങൾ സമാഹരിച്ചാണ് ഉപപദ്ധതിയുടെ സവിശേഷതകൾ എന്ന തരത്തിൽ ചുവടെ നൽകുന്നത്.

- ’വികസനവും’ ’സംരക്ഷണവും’ എന്ന ദ്വിമുഖ തത്വമാണ് ടി.എസ്.പിയുടെ മുഖമുദ്ര.
- ദേശീയ ആസൂത്രണ പ്രക്രിയയോടൊപ്പം തന്നെ ഓരോ തലത്തിലും പട്ടികവർഗ്ഗ ഉപപദ്ധതിക്ക് വേണ്ട ആസൂത്രണവും നടത്തണം.
- ജനസംഖ്യാനുപാതികമായ ഫണ്ട് വകയിരുത്തണം. ഫണ്ട് വകമാറ്റി ചെലവഴിക്കാനോ പാഴാക്കാനോ പാടില്ല.
- വികസനത്തിന് ആവശ്യമായ വിഭവം വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാണ്. കേന്ദ്ര വിഹിതം, പ്രത്യേക കേന്ദ്രസഹായം, ഭരണഘടനയുടെ അനുച്ഛേദം 275(1) പ്രകാരമുള്ള സഞ്ചിതനിധി, ധനകാര്യ കമ്മീഷന്റെ അവാർഡ്, സംസ്ഥാന വിഹിതം, എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, മിഷനുകൾ തുടങ്ങിയവയിൽ നിന്നുള്ള ധനസഹായം പ്രയോജനപ്പെടുത്താവുന്നതാണ്.
- ആദിവാസികൾ വസിക്കുന്ന പ്രദേശങ്ങളുടെയും തൊട്ടടുത്തുള്ള പൊതുസമൂഹം താമസിക്കുന്ന പ്രദേശങ്ങളുടെയും ഇപ്പോൾ നിലനിൽക്കുന്ന വികസന വിടവുകൾ കുറച്ച് കൊണ്ടുവരണം. ഓരോ പ്രദേശത്ത് നില നിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന വിധത്തിൽ വ്യത്യസ്ഥവും അയവുള്ളതുമായിരിക്കണം ആസൂത്രണ പ്രക്രിയ. വികസനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയായിരിക്കണം ഊന്നൽ നൽകേണ്ടത്. തത്തുല്യമായി ജീവിത നിലവാരത്തിന്റെ ഗുണമേന്മയും വികസിപ്പിക്കണം.
- ഐ.ടി.ഡി.പി. (ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്പ്മെന്റ് പ്രോജക്ട്) തലത്തിൽ ഓരോ സമുദായത്തിന്റെയും പ്രത്യേകതകളായ സംസ്കാരം, സാമ്പത്തിക പദവി, പാരമ്പര്യ സാങ്കേതിക വിദ്യ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറു പദ്ധതികൾക്ക് രൂപം നൽകണം. അതിജീവനം, ക്ഷേമം, സമൂഹം, സ്വത്വം, സുരക്ഷ എന്നീ ഘടകങ്ങളുടെ പരിഗണന വികസനത്തിൽ പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കണം.
- ഭൂമി അന്യാധീനപ്പെടുത്തൽ, അതിജീവന മാർഗ്ഗങ്ങൾ ഇല്ലാതാക്കുന്ന പ്രവണത, അടിമത്ത വ്യവസ്ഥ തുടങ്ങിയ സാമ്പത്തിക ചൂഷണങ്ങൾ ഇല്ലാതാക്കാൻ പട്ടികവർഗ്ഗ ഉപപദ്ധതി പ്രാധാന്യം നൽകണം. സംയോജിത പരിപാടികൾ നടപ്പിലാക്കി സാമ്പത്തിക അടിത്തറ ഭദ്രമായി കെട്ടിപ്പെടുത്തി തൊഴിലില്ലായ്മക്കും, ദാരിദ്ര്യത്തിനും ഗണ്യമായ കുറവ് വരുത്തുക. ഒപ്പം തന്നെ ആശ്രിത മനോ

ഭാവം മാറ്റിയെടുത്ത് സ്വയം വികസിക്കുവാനും, മാനസികമായ ചക്രവാളങ്ങൾ വിപുലപ്പെടുത്തുവാനും സാഹചര്യം സൃഷ്ടിക്കപ്പെടണം.

- തങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് അറിയുവാനും അവ വിലയിരുത്തുവാനുമുള്ള അവസരം ഉണ്ടായിരിക്കണം. അവകാശാധിഷ്ഠിത സമീപനത്തിൽ കൂടി ഉപപദ്ധതി പ്രകാരം മാറ്റിവെച്ചിരിക്കുന്ന ഫണ്ട് ചെലവഴിക്കുന്നതിനെപ്പറ്റിയുള്ള അഭിപ്രായം, നിയന്ത്രണം, മുൻഗണന എന്നിവയ്ക്കുള്ള അവസരം നൽകണം.
- വികസനം പുരോഗമിക്കുമ്പോൾ അവ സ്ഥാപനവൽക്കരിക്കപ്പെടണം. ശാശ്വത പങ്കാളിത്തം, ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മേഖലകളിൽ ചുവട് ഉറപ്പിക്കുവാൻ സാധിക്കണം. ഈ പ്രക്രിയയിൽ കൂടി യഥാർത്ഥ ശാക്തീകരണവും, സ്വാഭിമാനവും വർദ്ധിക്കുന്നതാണ്.
- ഉപപദ്ധതി സ്ഥിരമായി വിലയിരുത്തപ്പെടുകയും ഗവേഷണം, അപഗ്രഥനം എന്നിവ കൃത്യമായി നടത്താൻ വേണ്ട സംവിധാനം ഒരുക്കേണ്ടതുമാണ്. വീഴ്ച്ചകൾ തിരുത്തപ്പെടാനുള്ള ഭരണപരമായ യുക്തിയും കഴിവും പ്രകടിപ്പിക്കണം. ഇത്തരത്തിൽ ഉപപദ്ധതിയുടെ മേന്മ വർദ്ധിപ്പിക്കണം.

### 3.3 ഉപപദ്ധതിയും പ്രാദേശിക സർക്കാരുകളും

പട്ടികവർഗ്ഗ ഉപപദ്ധതി 1975 ൽ ആരംഭിച്ചശേഷം പഞ്ചായത്ത് രാജ് നഗരപാലിക നിയമം നടപ്പിലായത് മുതലാണ് പട്ടികവർഗ്ഗ വികസനത്തിൽ സുപ്രധാന മാറ്റം ഉണ്ടായത്. (ഈ കൈപുസ്തകത്തിലെ അദ്ധ്യായം 1 ലെ ഖണ്ഡിക 1.2-ൽ പട്ടികവർഗ്ഗ വികസനം ഉൾച്ചേർത്തിരിക്കുന്നത് കാണുക). ഉപപദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുകയുണ്ടായി.

കേരളത്തിൽ ഒമ്പതാം പദ്ധതിയിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പ്രകാരം പൊതുവിൽ 35-40 ശതമാനം വികസന ഫണ്ടെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് (30.07.1996 ലെ സർക്കാർ ഉത്തരവ് (എം.എസ്) 10/96/പ്ലാനിംഗ്). എന്നാൽ ഈ കാലയളവിൽ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ മൂന്നിൽ രണ്ട് ഭാഗം (66.20 ശതമാനം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിൽക്കൂടി സാമൂഹ്യ നീതി ഉറപ്പ് വരുത്തുവാനും, ചൂഷണത്തിൽ നിന്ന് മോചനം നേടുവാൻ നിയമപരവും ഭരണപരവും ആയ പിന്തുണ നൽകുവാനും, പൊതു സമൂഹത്തിന്റെ വികസനത്തിനോടൊപ്പം പട്ടികവർഗ്ഗ വിഭാഗങ്ങളെയും എത്തിക്കുവാനും ലക്ഷ്യമിട്ടു. എന്നാൽ പൊതുവിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ മാത്രം ശ്രദ്ധിക്കുകയും മറ്റ് പ്രധാന മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം എന്നിവ അവഗണിക്കപ്പെടുകയും ചെയ്യുന്നതായാണ് കണ്ടുവരുന്നത്.

പത്താം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന ഉപപദ്ധതിയുടെ ഫണ്ട് ഏതാണ്ട് 19 മാസത്തോളം സംസ്ഥാന സർക്കാർ പിൻവലിക്കുകയുണ്ടായി (8.10.2001 ലെ ജി.ഒ (എം.എസ്) നമ്പർ 40/2001/പ്ലാനിംഗ് & എക്ണോമിക് അഫയേഴ്സ് (എ) ഡിപ്പാർട്ട്മെന്റ്). 2003 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനും, നിർവ്വഹണം നടത്തുന്നതിനും ഉള്ള അനുമതി വീണ്ടും നൽകുകയും അതിനുള്ള മാർഗ്ഗരേഖ കേരള സർക്കാർ പുറപ്പെടുവി

ക്കുകയും ചെയ്തു. (31.05.2003 ലെ ജി.ഒ (എം.എസ്) 54/2003 പ്ലാനിംഗ് – അനുബന്ധം 1). പ്രസ്തുത ഉത്തരവിൽക്കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപപദ്ധതിയുടെ 50 ശതമാനം ഫണ്ട് നൽകിയാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. ഗ്രാമസഭയ്ക്ക് മുന്നോടിയായി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത ജനകീയ സംവിധാനങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് അവർക്ക് വേണ്ടി മാത്രമായുള്ള ഊര്ക്കൂട്ടം വിഭാവനം ചെയ്തു. അധികാരം ജനങ്ങൾക്ക് കൈമാറ്റുകയെന്ന ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ മൗലിക പ്രമാണത്തിന് അനുസൃതമായി, പട്ടികവർഗ്ഗ വിഭാഗങ്ങളെ ബാധിക്കുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിക്കുവാനും തീരുമാനം എടുക്കുവാനുമുള്ള അവസരവും, പട്ടികവർഗ്ഗ വികസനത്തിന് മാറ്റി വെച്ചിട്ടുള്ള വിഭവങ്ങളുടെ വിനിയോഗത്തിന്മേൽ നിർണ്ണായകമായ അധികാരവും കൂടി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി അവരുടെ യഥാർത്ഥ ശാക്തീകരണത്തിന് ഉതകുന്ന സാഹചര്യം കൈവരിക്കാനാണ് ഉദ്ദേശിച്ചത്.

പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലില്ലായ്മ, ആസ്തി സൃഷ്ടിക്കലിൽ കൂടിയുള്ള സുസ്ഥിര വികസനം, മനുഷ്യ വിഭവശേഷി വിദ്യാഭ്യാസത്തിൽക്കൂടി വർദ്ധിപ്പിക്കുക, എല്ലാത്തരം ചൂഷണത്തിൽ നിന്നും മോചനം നൽകുവാനുള്ള പദ്ധതികൾ എന്നിവയാണ് ഉപപദ്ധതിയിൽക്കൂടി വിഭാവനം ചെയ്തിട്ടുള്ളത്. പ്രാദേശിക ആസൂത്രണത്തിന് ആവശ്യമായ വിവരാടിത്തറ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമല്ലാത്തതിന്റെ വെളിച്ചത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും സങ്കേതങ്ങളുടെയും സമഗ്ര സർവ്വേ 2008–09 ൽ നടത്തി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ (2012-17) കുടുംബാധിഷ്ഠിത സമീപനത്തിലൂടെ പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കണമെന്ന് സർക്കാർ വിഭാവനം ചെയ്തു. (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നിർദ്ദേശങ്ങൾ അദ്ധ്യായം 4 ൽ വിശദമാക്കിയിട്ടുണ്ട്)

# 4

## പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കൽ

ഭാരതത്തിലെ ആദിവാസി വിഭാഗങ്ങളുടെ പുരോഗതിക്ക് വേണ്ടി മനുഷ്യത്വപരമായ സാമൂഹ്യ പ്രവർത്തനം കാഴ്ച്ചവെച്ച പ്രഥമ വ്യക്തിയായിരുന്ന എ.വി താക്കർ ബാപ്പ (1869-1951). മഹാത്മാഗാന്ധിയുടെ നിർദ്ദേശ പ്രകാരം അദ്ദേഹം അയിത്ത വിഭാഗക്കാരുടെ ഉന്നമനത്തിനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആദിവാസി വികസനത്തെ സമീപിക്കേണ്ടത് ഒരു ദൗത്യ (MISSION) മായിട്ടാണെന്നും ഇതിൽ മിഷൻ എന്ന വാക്കിൽ അടങ്ങിയിരിക്കുന്ന ഓരോ അക്ഷരവും താഴെ പറയുന്ന സന്ദേശം ഉൾക്കൊണ്ടിരിക്കുന്നതായിട്ടാണ് അദ്ദേഹം വ്യാഖ്യാനിച്ചിരിക്കുന്നത്.

| | | |
|---|---|---|
| M | Moral | ധാർമ്മികം |
| I | Identification | താദാത്മ്യപ്പെടുത്തുക |
| S | Service | സേവനം |
| S | Sacrifice | പരിത്യാഗം |
| I | Industry | പരിശ്രമശീലം |
| O | Organisation | സംഘടന |
| N | Nationalism | ദേശീയ ബോധം |

*- എ.വി താക്കർ ബാപ്പ*

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര പദ്ധതികൾക്കായി സർക്കാർ ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിക്കാറുണ്ട്. സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടി വികസന പദ്ധതികൾ തയ്യാറാക്കേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്നതിന് പാർശ്വവത്കരിക്കപ്പെട്ടവരെ പ്രത്യേകം പരിഗണിക്കണം. പട്ടികവർഗ്ഗക്കാർ താമസിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ വികസന രേഖ, പദ്ധതിരേഖ എന്നിവക്കൊപ്പം പട്ടികവർഗ്ഗ ഉപപദ്ധതി രേഖയും പ്രത്യേകമായി തയ്യാറാക്കണം.

പട്ടികവർഗ്ഗ ഉപപദ്ധതി സംബന്ധിച്ച് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ. (എം.എസ്) നമ്പർ 4/2016/തസ്വഭവ., തിരുവനന്തപുരം, തീയതി 11.01.2016) സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

1. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശഭരണ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടിക വർഗ്ഗ ഉപപദ്ധതി കൂടി തയ്യാറാക്കണം. അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്ന പദ്ധതിരേഖയിൽ ഉൾപ്പെടുത്തണം.

2. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മൂന്ന് വിഭാഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

3. കുടുംബ കേന്ദ്രീകൃത സമീപനത്തിൽ (Household Centered Approach) സാമൂഹ്യ സാമ്പത്തിക വികസനത്തിനാണ് മുഖ്യ ഊന്നൽ. ആശ്രയ മാതൃകയിൽ കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും തുടർന്ന് ഹാബിറ്റാറ്റ് ഒരു യൂണിറ്റായി പരിഗണിച്ച് അവയുടെ ആവശ്യങ്ങളും നിർണ്ണയിക്കാം. ഇതിന് സഹായകരമായ വിശദമായ സ്ഥിതിവിവരകണക്കുകൾ ലഭ്യമാണ്.

4. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതുസൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.

5. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുമുമ്പ് ഓരോ ഗ്രാമപഞ്ചായത്തും നഗരഭരണ സ്ഥാപനവും മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ആശ്രയ മാതൃകയിൽ ഒരു പദ്ധതി തയ്യാറാക്കണം. ഓരോ കുടുംബത്തിലേയും ഓരോ വ്യക്തിയുടേയും ആവശ്യങ്ങൾ അതിൽ പരിഗണിക്കപ്പെടണം. ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരം തയ്യാറാക്കുന്ന പരിപാടികൾ പരിഗണിച്ചു മാത്രമേ ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾ പട്ടികവർഗ്ഗ വികസന പരിപാടികൾ തയ്യാറാക്കാവൂ.

6. പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ച് 2008 - 10 ൽ നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃ പ്രദേശവും അവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും നിശ്ചയിക്കണം. (പട്ടികവർഗ്ഗ അടിസ്ഥാന വിവരശേഖരണം- 2010, കില & പട്ടികവർഗ്ഗ വികസന വകുപ്പ്)

7. കുറഞ്ഞത് അഞ്ച് പട്ടികവർഗ്ഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം പട്ടികവർഗ്ഗ സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി എന്നീ പൊതുസൗകര്യങ്ങൾക്കായി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.

8. വൈദ്യുതി, കുടിവെള്ളം എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികവർഗ്ഗക്കാരാണെങ്കിൽ മാത്രമേ പട്ടികവർഗ്ഗ ഉപദ്ധതിവിഹിതം വകയിരുത്താവൂ.

    i. ജലസേചന പ്രോജക്ടാണെങ്കിൽ മൊത്തം ജലസേചനം നടത്തുന്ന കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികവർഗ്ഗ വിഭാഗക്കാരുടേതായിരിക്കണം. ഇക്കാര്യം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും, ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടെയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനം) അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്ഥാനം (ജലസേചന പ്രോജക്ടുകളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൃഷിസ്ഥലത്തിന്റെ സ്ഥാനം) പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്.

ii. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ വിലാസ പട്ടികയും അതിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിലാസ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക വർഗ്ഗ വികസന വകുപ്പിലെ പട്ടികവർഗ്ഗ വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും അതോടൊപ്പം സാമൂഹ്യ ഭൂപടത്തിൽ താഴെ പറയുന്ന പ്രകാരം ഒരു സർട്ടിഫിക്കറ്റ് എഴുതി മേൽപറഞ്ഞ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

iii. *............................. തദ്ദേശഭരണ സ്ഥാപനത്തിന്റെ ......................... വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ........................ പ്രോജക്ട് ഞാൻ പരിശോധിക്കുകയും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും ഞാൻ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് മുഖേന പ്രയോജനം ലഭിക്കുന്ന ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ/ജലസേചനം നടത്തുന്ന കൃഷി സ്ഥലത്തിന്റെ ഉടമസ്ഥരിൽ അമ്പത് ശതമാനത്തിലധികം പട്ടികവർഗ്ഗക്കാരാണെന്ന് ഞാൻ നേരിട്ട് സ്ഥല പരിശോധന നടത്തിയതിൽ നിന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രോജക്ടിനുവേണ്ടി തയ്യാറാക്കിയ സാമൂഹ്യ ഭൂപടവും പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ വിലാസപ്പട്ടികയും പ്രയോജനം ലഭിക്കുന്ന പട്ടിക വർഗ്ഗ വിഭാഗ കുടുംബങ്ങളുടെ വിലാസപ്പട്ടികയും ഞാൻ സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു.*

9. കൃഷിഭൂമിയില്ലാത്ത പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.

10. ടി.എസ്.പി. ഫണ്ടിൽ നിന്നും കുറഞ്ഞത് 10% തുക യുവജന വികസന പരിപാടികൾക്കായി (വിദ്യാഭ്യാസ സഹായം, വിദേശത്ത് തൊഴിൽ നേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽപരിശീലനം, കായിക വികസനം, തൊഴിൽ-വരുമാന വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ മുതലായവയ്ക്കായി) വകയിരുത്തേണ്ടതാണ്.

11. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് ലഭിച്ചുകഴിഞ്ഞാൽ അഡ്മിഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്.

12. പട്ടിക വർഗ്ഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനും പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിനും ധനസഹായം നൽകാവുന്നതാണ്.

13. പട്ടിക വർഗ്ഗ യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.

14. പട്ടിക വർഗ്ഗ കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും അവരുടെ വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽക

ണം. അവ ഏറ്റെടുത്തശേഷം മാത്രമേ ടി.എസ്.പി ഫണ്ടുകൾ വകയിരുത്തികൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ (അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ.

15. ടി.എസ്.പി. പ്രോജക്റ്റുകളുടെ നിർവഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. അതാത് തദ്ദേശഭരണസ്ഥാപനത്തിലെ എസ്.ടി വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമായിരിക്കും നിരീക്ഷണ കമ്മിറ്റിയിലെ അംഗങ്ങൾ. പദ്ധതി നിർവഹണ പുരോഗതിയും ഫണ്ടിന്റെ വിനിയോഗവും ഈ കമ്മിറ്റി മാസം തോറും യോഗം ചേർന്ന് വിലയിരുത്തണം. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ട ഓഫീസ് സഹായം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയേയും മറ്റിടങ്ങളിൽ സെക്രട്ടറിക്ക് തൊട്ടുതാഴെയുള്ള ഒരു ഉദ്യോഗസ്ഥനേയും ഓഫീസ് ഓർഡർ വഴി സെക്രട്ടറി ചുമതലപ്പെടുത്തേണ്ടതാണ്. (മൂന്നിൽ കുറവ് എസ്.സി./എസ്.ടി. വിഭാഗം ജനപ്രതിനിധികൾ മാത്രമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിരീക്ഷണ കമ്മറ്റിയുടെ ചുമതല പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണ്.)

16. നിരീക്ഷണ കമ്മിറ്റികൾ നടത്തുന്ന നിർവ്വഹണ പുരോഗതി യോഗത്തിന്റെ മിനിട്സ് തദ്ദേശ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്തു നടപടി ആവശ്യമെങ്കിൽ സ്വീകരിക്കേണ്ടതാണ്.

17. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പദ്ധതി രൂപീകരണ ഗ്രാമസഭകൾ/വാർഡ്സഭകൾ ചേരുന്നതിനുമുമ്പായി പട്ടികവർഗ്ഗ ഊരുകളിൽ, സ.ഉ. (എം.എസ്) നമ്പർ 4/2016/തസ്വഭവ., തിരുവനന്തപുരം, തീയതി 11.01.2016 ലെ അനുബന്ധം 6 ൽ, നൽകിയിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരിലെ ആകെ വോട്ടർമാരിൽ അമ്പതു ശതമാനത്തിലധികം ഹാജർ ഊരുകൂട്ടയോഗത്തിൽ നിർബന്ധമാണ്. വാർഡ് മെമ്പർ, തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻ എന്നിവർ കഴിയുന്നത്ര എണ്ണം ഊരു കൂട്ടയോഗങ്ങളിൽ പങ്കെടുക്കേണ്ടതാണ്. എസ്.ടി. പ്രൊമോട്ടർ നിർബന്ധമായും ഊരുകൂട്ട യോഗത്തിൽ പങ്കെടുക്കണം. ഊരുകൾക്ക് സമീപം അങ്ങിങ്ങായി ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിലെ പ്രായപൂർത്തിയായവരെയും ഊരുകൂട്ട യോഗത്തിലേക്ക് ക്ഷണിക്കേണ്ടതാണ്. ഊരുകൂട്ടയോഗത്തിൽ വച്ച് നടപ്പാക്കേണ്ട പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്. ഊരുകൂട്ടയോഗത്തിൽ നിന്ന് ഒരു സ്ത്രീയെയും ഒരു പുരുഷനെയും തദ്ദേശഭരണ സ്ഥാപനതല പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണ സമിതിയിലേക്ക് തിരഞ്ഞെടുക്കണം. കൂടാതെ ഊരുമൂപ്പനേയും ഈ സമിതിയിലേക്ക് ക്ഷണിക്കേണ്ടതാണ്. പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണ സമിതിയുടെ അദ്ധ്യക്ഷൻ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷനും കൺവീനർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും ആണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഇല്ലാത്തിടത്ത് കൺവീനർ സെക്രട്ടറി തന്നെ ആയിരിക്കും.

18. ഊരുകൂട്ടത്തിലും ഗ്രാമ/വാർഡ്സഭയിലും ഗ്രാമപഞ്ചായത്ത്തല/നഗരസഭാതല വികസന സെമിനാറിലും പട്ടികവർഗ്ഗ ഉപപദ്ധതി സംബന്ധിച്ച ചർച്ചകൾക്ക് ശേഷം തദ്ദേശഭരണ

സ്ഥാപനതല പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണസമിതിയുടെ യോഗം പ്രത്യേകമായി വിളിച്ചു ചേർക്കേണ്ടതാണ്. ഈ യോഗത്തിൽ ഊരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കും ഊരുമൂപ്പന്മാർക്കും പുറമെ മുഴുവൻ പട്ടികവർഗ്ഗ പ്രൊമോട്ടർമാരെയും, പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെയും തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ ജനപ്രതിനിധികളേയും, കൂടാതെ ഗ്രാമപഞ്ചായത്ത് വാർഡുകളെ പ്രതിനിധാനം ചെയ്യുന്ന ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് മെമ്പർമാരെയും ക്ഷണിക്കേണ്ടതാണ്. ഈ യോഗത്തിൽ വെച്ച് പഞ്ചായത്തുകളുടെ സംഗതിയിൽ, പട്ടികവർഗ്ഗ വികസനത്തിനായി ഗ്രാമപഞ്ചായത്തും ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളും സംസ്ഥാന സർക്കാരും ചെയ്യേണ്ടതായ പരിപാടികളുടെ ഓരോ മുൻഗണനാ പട്ടിക തയ്യാറാക്കി അംഗീകരിക്കേണ്ടതാണ്. ഇപ്രകാരം അംഗീകരിച്ച മുൻഗണനാ പട്ടിക പാലിച്ചുകൊണ്ടു മാത്രമേ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് രൂപം നൽകാവൂ. നഗരസഭകളുടെ സംഗതിയിൽ നഗരസഭയും സംസ്ഥാന സർക്കാരും ചെയ്യേണ്ടതായ പ്രവർത്തനങ്ങളുടെ മുൻഗണനാ പട്ടികയാണ് തയ്യാറാക്കേണ്ടത്. ഭേദഗതി ആവശ്യമെന്ന് ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം കരുതുന്നുവെങ്കിൽ ആയതിന് മേൽപറഞ്ഞ യോഗത്തിന്റെ അംഗീകാരം വീണ്ടും വാങ്ങേണ്ടതാണ്.

19. പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിചരണ സേവന പാക്കേജ് കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കേണ്ടത്. പരിചരണ സേവന പാക്കേജ് വിശദാംശങ്ങൾ ഈ കൈപുസ്തകത്തിലെ അനുബന്ധം 2 ൽ നൽകിയിട്ടുണ്ട്.

20. പട്ടികവർഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്താൻ പാടില്ല. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങൾക്കകത്തുള്ള 3 മീറ്റർ വീതിയിൽ അധീകരിക്കാത്ത നടപ്പാതകളും പട്ടികവർഗ സങ്കേതങ്ങളിലേക്ക് മാത്രമുള്ള 3 മീറ്റർ വീതിയിൽ അധീകരിക്കാത്ത നടപ്പാതകളും (foot-steps) നടപ്പാലങ്ങളും (foot-bridges) നിർമ്മിക്കാവുന്നതാണ്.

21. പട്ടികവർഗ കുടുംബങ്ങൾ ഇല്ലാത്തതോ, സെൻസസ് പ്രകാരമുള്ള എണ്ണത്തേക്കാൾ കുറവ് പട്ടികവർഗ കുടുംബങ്ങൾ ഉള്ളതോ എസ്.സി./എസ്.ടി. കുടുംബങ്ങൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും നൽകി കഴിഞ്ഞതിനാൽ ഫണ്ട് വിനിയോഗിക്കാൻ കഴിയാത്തതോ ആയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച എസ്.സി.പി./ടി.എസ്.പി. ഫണ്ട് 3604 ഹെഡ്ഡിലേക്ക് തിരിച്ചടക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ തിരിച്ചടക്കുന്നതിന് മുമ്പ് അതിന് നിദാനമായ കാരണങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട പട്ടികവർഗ്ഗ വികസന ഓഫീസർ/പട്ടികവർഗ്ഗ എക്സ്റ്റൻഷൻ ഓഫീസർ സർട്ടിഫൈ ചെയ്തിരിക്കണം. ഈ സർട്ടിഫിക്കറ്റോടെ ആയിരിക്കണം തുക തിരിച്ചടയ്ക്കേണ്ടത്.

**പട്ടികവർഗ്ഗ വികസന ഫണ്ട് ദുർവിനിയോഗം കുറ്റകരമാണ്**

പട്ടികവർഗ്ഗ വികസന ഫണ്ട് ദുർവിനിയോഗം ചെയ്യുന്ന കുറ്റക്കാരെ പൗരാവകാശ സംരക്ഷണ നിയമത്തിന്റെയും അതിക്രമങ്ങൾ തടയൽ നിയമത്തിന്റെയും (PCR Act 1955[1] and PA Act 1989[2]) വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾക്ക് വിധേയരാക്കുന്നതാണ്.

1. പൗരാവകാശ സംരക്ഷണ നിയമം (The Protection of Civil Rights Act 1955)
2. പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ നിയമം 1989) (The Scheduled Castes and The Schedule Tribes (Protection of Atrocities) Act, 1989) 2015 ൽ ഭേദഗതി ചെയ്യുകയുണ്ടായി. ഇത് കേന്ദ്രസർക്കാരിന്റെ നിയമ നീതിന്യായ മന്ത്രാലയം 31.12.2015 ൽ ഗസറ്റ് വിജ്ഞാപനം നടത്തിയിട്ടുണ്ട്.


# 5

## ഊരുകൂട്ടം-സംഘാടനം

ആദിവാസികളെ ജനാധിപത്യം പഠിപ്പിക്കുവാൻ നിങ്ങൾക്ക് ആവുകയില്ല. അവരിൽ നിന്നും നിങ്ങളാണ് ജനാധിപത്യത്തിന്റെ രീതികൾ പഠിക്കേണ്ടത്. ഈ ഭൂമിയിലെ ഏറ്റവും വലിയ ജനാധിപത്യവാദികൾ അവരാണ് മറ്റ് ഏതൊരു ഭാരതീയനേയും പോലെ ഞങ്ങളെയും നോക്കി കാണണം ആരെയും അവഗണിക്കാത്തതും അവസര സമത്വമുള്ളതും ആയിരിക്കണം

*- ജയപാൽ സിംഗ് മുണ്ട (1946)*
(ഭരണഘടന നിർമ്മാണ അസംബ്ലി അംഗം)

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഗ്രാമസഭയിൽ പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം പല കാരണങ്ങൾ കൊണ്ട് കുറവാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി ഗ്രാമസഭയ്ക്ക് സമാനമായി 'ഊരുകൂട്ടം' എന്ന ആശയത്തിൽക്കൂടി പട്ടികവർഗ്ഗക്കാരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് 2003 - ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. (31.05.2003 ലെ ജി.ഒ (എം.എസ്) 54/2003, പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് അനുബന്ധം - 1 ൽ കൊടുത്തിരിക്കുന്നു.) 2006 ലെ വനാവകാശ നിയമ പ്രകാരവും, കേരളത്തിൽ നടപ്പിലാക്കുവാൻ പോകുന്ന 'പെസ' നിയമത്തിലും വിവിധ തരത്തിലുള്ള ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി ഊരുകൂട്ടങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.



വനാവകാശ നിയമത്തിൽ ഊരുകൂട്ടങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകൾ അദ്ധ്യായം 6 ലും, പെസ നിയമത്തിലെ ഊരുകൂട്ടങ്ങളുടെ അധികാരങ്ങൾ അദ്ധ്യായം 7 ലും വിവരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള ഊരുകൂട്ടം സംബന്ധിച്ച കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

**5. പൊതുവായ ഊരുകൂട്ടങ്ങൾ**

**5.1 ഘട്ടം 1 – രൂപീകരണം**

5.1.1 ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് കുറഞ്ഞത് ഒരാഴ്ച്ചക്കെങ്കിലും മുൻപ് നോട്ടീസ് നൽകേണ്ടതാണ്. ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ എല്ലാ വീടുകളിലും ഊരുകൂട്ടത്തിന്റെ നോട്ടീസ് എത്തിക്കേണ്ടതാണ്.

5.1.2 ഊരുകൂട്ടയോഗങ്ങളുടെ അജണ്ട തയ്യാറാക്കുന്നതിനും, യോഗം സംഘടിപ്പിക്കുന്നതിനും ഊരു മൂപ്പൻ, ഊരിലെ രണ്ടു പ്രതിനിധികൾ, ട്രൈബൽ പ്രൊമോട്ടർമാർ, വർക്കിംഗ് ഗ്രൂപ്പിലെ ഒരു പട്ടികവർഗ്ഗ പ്രതിനിധി, അട്ടപ്പാടി മേഖലയിൽ ഊരുവികസന സമിതിയിലെ രണ്ടു പ്രതിനിധികൾ, (തായ്കുല സംഘ പ്രതിനിധി), പട്ടികവർഗ്ഗ അയൽക്കൂട്ട പ്രതിനിധി, രജിസ്റ്റർ ചെയ്ത പട്ടികവർഗ സന്നദ്ധ സംഘടനകളുടെ രണ്ട് പ്രതിനിധികൾ എന്നിവരുടെ 9 മുതൽ 11 അംഗങ്ങൾ വരെയുള്ള ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഓരോ ഊരുകൂട്ടത്തിലും ഇത്തരത്തിലുള്ള ഒരു ഗ്രൂപ്പ് കൂട്ടായ ചർച്ചയിലൂടെ ഊരുകൂട്ടം കൂടുന്നതിനുള്ള ദിവസവും, ഊരിലെ വിവിധ വികസന പ്രവർത്തനങ്ങളുടെ മുൻ അനുഭവങ്ങളും വിലയിരുത്തണം. അതിൽ വന്ന പാളിച്ചകളും കൂടുതൽ പങ്കാളിത്തത്തോടെയും സുതാര്യതയോടെയും പട്ടികവർഗ ഉപപദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചും ആലോചിച്ച് അക്കാര്യം ഊരുകൂട്ട യോഗത്തിൽ അവതരിപ്പിക്കാൻ തയ്യാറാക്കണം.

5.1.3 ഇത്തരത്തിൽ രൂപീകരിക്കുന്ന ഗ്രൂപ്പ് അംഗങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രാധാന്യം, പദ്ധതി ആസൂത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകി ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിന് മുന്നോടിയായി ഊരുനിവാസികളെ ബോധവൽക്കരണം നടത്തുന്നതിന് സജ്ജമാക്കണം.

5.1.4 മേൽപ്പറഞ്ഞ ഗ്രൂപ്പ് അംഗങ്ങൾ ഊരുകൂട്ട യോഗങ്ങൾ നടത്തുന്നതിനുള്ള സ്ഥലവും അനുയോജ്യമായ സമയവും നിശ്ചയിക്കണം.

5.1.5 അജണ്ട തയ്യാറാക്കുന്നതിന് മുമ്പ് ലഭ്യമായ പദ്ധതിവിഹിതം, മേഖലാ വിഭജനം തുടങ്ങിയ വിവരങ്ങൾ ട്രൈബൽ പ്രൊമോട്ടർമാർ വർക്കിംഗ് ഗ്രൂപ്പ് കൺവീനറിൽ നിന്നും നിശ്ചിത ഫോറത്തിൽ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഊരുകൂട്ട യോഗ തീയതി സംബന്ധിച്ച വിവരങ്ങൾ ഗ്രൂപ്പ് കൺവീനർക്ക് ബന്ധപ്പെട്ട ട്രൈബൽ പ്രമോട്ടർമാർ നൽകണം.

5.1.6 ഊരുകൂട്ടയോഗത്തിൽ പങ്കെടുപ്പിക്കേണ്ട ഊരിലെ പ്രായപൂർത്തിയായ മുഴുവൻ ആളുകളുടേയും ലിസ്റ്റ് തയ്യാറാക്കുന്നതിനും അവരെ ഊരുകൂട്ട യോഗത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള ചുമതല മേൽപ്പറഞ്ഞ ഗ്രൂപ്പിനായിരിക്കും.

## 5.2 ഘട്ടം 2 - സംഘാടനം

5.2.1 ഊരുകൂട്ട യോഗത്തിന്റെ കാര്യപരിപാടികൾ വ്യക്തമാക്കുന്ന നോട്ടീസ് തയ്യാറാക്കി പഞ്ചായത്തിന്റെ സഹായത്തോടെ അച്ചടിച്ച് വിതരണം ചെയ്യുന്ന ഉത്തരവാദിത്വം ട്രൈബൽ പ്രൊമോട്ടർ നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിന് ആവശ്യമായ എല്ലാവിധ സഹായങ്ങളും ട്രൈബൽ പ്രൊമോട്ടർമാർ നൽകേണ്ടതാണ്.

5.2.2 ഊരിലെ പ്രായപൂർത്തിയായ മുഴുവൻ ആളുകൾക്കും അവരുടെ വീടുകളിൽ ചെന്ന് ഊരുകൂട്ട യോഗത്തിന്റെ നോട്ടീസ് വിതരണം ചെയ്യുന്നതിനുള്ള ചുമതല മുകളിൽ സൂചിപ്പിച്ച ഗ്രൂപ്പിനായിരിക്കും. ഓരോ കുടുംബാംഗങ്ങളുടേയും പേരിൽ നൽകുന്ന നോട്ടീസ് കൈപ്പറ്റിയതിന് കുടുംബാംഗങ്ങളിലൊരാളുടെ ഒപ്പ്/ വിരലടയാളം വാങ്ങിച്ച് സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വവും മേൽപ്പറഞ്ഞ ഗ്രൂപ്പ് അംഗങ്ങൾക്കായിരിക്കും. ഊരുകൾക്ക് സമീപം അങ്ങിങ്ങായി ചിതറിക്കിടക്കുന്ന പട്ടികവർഗ കുടുംബത്തിലെ പ്രായപൂർത്തിയായവരെയും ഊരുകൂട്ടയോഗത്തിന് ക്ഷണിക്കേണ്ടതാണ്. അതിന്റെ സംക്ഷിപ്ത റിപ്പോർട്ട് പ്രമോട്ടർമാർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

5.2.3 ഊരിലെ പൊതുവായ സ്ഥലങ്ങളിലും ഊരുനിവാസികൾ ഒത്തുചേരുന്ന സ്ഥലങ്ങളിലും ഊരുകൂട്ടയോഗ നോട്ടീസ് പതിച്ച് ആവശ്യമായ പ്രചരണം നടത്തണം.

5.2.4 ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച ഗ്രൂപ്പ് ഊരുകൂട്ടയോഗ നോട്ടീസ് ഊരിലെ ഓരോ കുടുംബത്തിനും നൽകുമ്പോൾ ആ കുടുംബത്തിലെ അംഗങ്ങളുമായി പട്ടികവർഗ്ഗ ഉപപദ്ധതിയുടെ നടത്തിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവരുടേതായ ഭാഷയിൽ തന്നെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ഇതിലേക്കായി എല്ലാ ട്രൈബൽ പ്രൊമോട്ടർമാരും ആവശ്യമായ തയ്യാറെടുപ്പും സ്വയം പഠനവും മുൻകൂട്ടി നടത്തേണ്ടതാണ്. പുതിയ പട്ടികവർഗ്ഗ ഉപപദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രസക്തിയും ഊരുകൂട്ടങ്ങൾക്ക് നൽകിയിട്ടുള്ള പ്രാധാന്യവും, പദ്ധതികളെയും ഗുണഭോക്താക്കളെയും സംബന്ധിച്ച് മുൻഗണനാക്രമം എന്നിവ ഊരുകൂട്ടങ്ങൾ നിർണ്ണയിക്കുന്നതാണെന്ന വസ്തുതയും അറിയിക്കേണ്ടതാണ്.

5.2.5 ഊരുകൂട്ട യോഗങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന തിയ്യതിക്ക് മുൻപുള്ള ദിവസത്തിൽ ട്രൈബൽ പ്രൊമോട്ടർമാരുടെ നേതൃത്വത്തിൽ മേൽപ്പറഞ്ഞ ഗ്രൂപ്പുകൾ രണ്ടാമതും ഊരുനിവാസികളെ ഊരുകൂട്ടയോഗം സംബന്ധിച്ച് ഓർമ്മപ്പെടുത്തേണ്ടതാണ്.

5.2.6 ഊരുകൂട്ട യോഗങ്ങൾ നടത്തുന്നതിന് തടസ്സമുണ്ടാക്കുവാനോ മറ്റു പ്രശ്നങ്ങൾ ഉണ്ടാക്കുവാനോ സാധ്യതയുള്ള സാഹചര്യങ്ങൾ, ആളുകൾ എന്നിവരെ കുറിച്ച് മേൽപ്പറഞ്ഞ ഗ്രൂപ്പ് വിലയിരുത്തുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

5.2.7 ഊരുകൂട്ട സംഘാടനത്തിനായി ചുമതലപ്പെട്ട ഗ്രൂപ്പ് അതത് ഊരുകളുടെ സമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-പാശ്ചാത്തലത്തെക്കുറിച്ച് 'പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവര ശേഖരണം -2008' ലെ റിപ്പോർട്ടിൽ നിന്നും വേർതിരിച്ചെടുത്ത് ഊര് അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതാണ്. ഊരുകളിൽ താമസമുള്ളവരുടേയും, വാർഡിൽ ചിന്നി ചിതറി താമസിക്കുന്നവരുടേയും വിവരങ്ങൾ ക്രോഡീകരിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തി ഊരുകൂട്ടത്തിൽ അവതരിപ്പിക്കാൻ തയ്യാറാക്കേണ്ടതാണ്.

## 5.3 ഘട്ടം 3 – നടത്തിപ്പ്

5.3.1 തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ അനുബന്ധം 6 ൽ നൽകിയിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

5.3.2 ഊരുകൂട്ട യോഗ നോട്ടീസിലെ കാര്യപരിപാടി അനുസരിച്ച് ഊരുകൂട്ട യോഗങ്ങൾ കൃത്യസമയത്ത് ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ നടത്തേണ്ടതാണ്. ഊരിലെ ആകെ വോട്ടർമാരിൽ അമ്പത് ശതമാനത്തിലധികമാണ് ഊരുകൂട്ട യോഗത്തിന്റെ ക്വാറം.

5.3.3 ഊരുകൂട്ട യോഗത്തിന്റെ ഹാജരും, മിനിട്സും ബന്ധപ്പെട്ട ഊരിലെ ട്രൈബൽ പ്രൊമോട്ടർ തയ്യാറാക്കേണ്ടതും അതിന് ഊരുവികസന സമിതിയിലെ പ്രതിനിധികൾ അദ്ദേഹത്തെ സഹായിക്കേണ്ടതുമാണ്.

5.3.4 ഊരുകൂട്ട യോഗത്തിൽ നടക്കുന്ന ഗ്രൂപ്പുതല ചർച്ചകളുടെ റിപ്പോർട്ടുകൾ ക്രോഡീകരിക്കേണ്ടത് ഊരുകൂട്ട നടത്തിപ്പിനായി ചുമതലപ്പെട്ട ഗ്രൂപ്പ് അംഗങ്ങളാണ്.

5.3.5 ഊര്കൂട്ടം നടത്തിപ്പിന്റെ വിപുലീകരണം എന്ന നിലയിലാണ് താഴെ പറയുന്ന കാര്യപരിപാടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

| | | |
|---|---|---|
| 1 | സ്വാഗതം | – ട്രൈബൽ പ്രൊമോട്ടർ /വളണ്ടിയർ (5 മിനിട്ട്) |
| 2 | അദ്ധ്യക്ഷൻ | – ഊരുമൂപ്പൻ (10 മിനിട്ട്) |
| 3 | ഊരുകൂട്ട യോഗത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണത്തിലെ പങ്കും | – പ്രസിഡന്റ് / വാർഡ് മെമ്പർ (15 മിനിട്ട്) |
| 4 | പട്ടികവർഗ്ഗ ഉപപദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചും, പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാന വിവര ശേഖരണം 2008 ലെ അവസ്ഥാ പഠനവും (ആദിവാസി ഭാഷയിൽ) | – ട്രൈബൽ പ്രൊമോട്ടർമാർ/ വളണ്ടിയർ/ റിസോഴ്സ് പേഴ്സൺ (60 മിനിട്ട്) |

5.3.6 ട്രൈബൽ പ്രൊമോട്ടർമാരുടെ അവതരണത്തിൽ (പ്ലീനറി സെഷൻ) താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തണം

1 പട്ടികവർഗ്ഗ ഉപപദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളിൽ ഊരുകളിലെ ആദിവാസികളുടെ അവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തലും വിശദീകരണവും

2 പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള സമീപനം

3 പദ്ധതി വിഹിതത്തിന്റെ മേഖലാ വിഭജനം

4 ആസൂത്രണ പ്രക്രിയ

5.3.7 ഗ്രൂപ്പ് രൂപീകരണം 10 പേരിൽ കുറയാത്ത ആളുകൾ ( 60 മിനിട്ട്)

പ്ലീനറി അവതരണത്തിനു ശേഷം ഊരുകൂട്ട യോഗത്തിൽ പങ്കെടുക്കുന്നവരെ ഗ്രൂപ്പുകളായി തിരിക്കണം. ഓരോരുത്തരുടേയും താൽപര്യത്തിന്റേയും വൈദഗ്ധ്യത്തിന്റേയും അടിസ്ഥാനത്തിലായിരിക്കണം ഓരോ വിഷയ ഗ്രൂപ്പിലും ഉൾപ്പെടുത്തേണ്ടത്. താഴെ പറയുന്ന വിഷയഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

1 കൃഷിയും അനുബന്ധമേഖലകളും

2 ആരോഗ്യം - ശുചിത്വം

3 വിദ്യാഭ്യാസം

4 സാമൂഹ്യ സുരക്ഷിതത്വത്തിനാവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ

5 അടിസ്ഥാന സൗകര്യങ്ങൾ

6 സ്വയം സഹായ സംഘങ്ങളും സൂക്ഷ്മതല സംരംഭങ്ങളും

ഗ്രൂപ്പ് ചർച്ചയിൽ ഓരോ വിഷയ മേഖലയുടേയും ഇന്നത്തെ അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ, പ്രശ്നപരിഹാര നിർദ്ദേശങ്ങൾ, ഭാവിവികസന കാഴ്ച്ചപ്പാട്, പദ്ധതി നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ എന്നിവ ചർച്ച ചെയ്യേണ്ടതും വ്യത്യസ്ത അഭിപ്രായങ്ങൾ ചർച്ചയിലൂടെയും മുൻഗണനാ മാനദണ്ഡങ്ങളുടേയും താരതമ്യത്തിന്റേയും അടിസ്ഥാനത്തിൽ അഭിപ്രായസമന്വയത്തിൽ എത്തേണ്ടതുമാണ്. യാതൊരു കാരണവശാലും ചേരിതിരിവ് ഉണ്ടാകാതെ ശ്രദ്ധിക്കണം. അഭിപ്രായ സമന്വയത്തിലെത്തിയ മുൻഗണനാ നിർദ്ദേശങ്ങൾ ക്രമത്തിൽ രേഖപ്പെടുത്തി പ്ലീനറി സെഷനിൽ അവതരിപ്പിക്കണം.

5.3.8 ഗ്രൂപ്പ് ചർച്ച

1. ട്രൈബൽ പ്രൊമോട്ടർമാർ/ വളണ്ടിയർമാർ ഓരോ ഗ്രൂപ്പുകളിലും ഫെസിലിറ്റേറ്റർമാരായി പ്രവർത്തിക്കേണ്ടതാണ്.
2. ഗ്രൂപ്പുതല റിപ്പോർട്ടുകളുടെ അവതരണം ട്രൈബൽ പ്രൊമോട്ടർമാർ/ വളണ്ടിയർമാർ നിർവ്വഹിക്കേണ്ടതാണ്. (30 മിനിട്ട്)

5.3.9 പ്ലീനറി സെഷൻ (60 മിനിട്ട്)

1. ഗ്രൂപ്പുചർച്ചകളുടെ റിപ്പോർട്ട് അവതരണം
2. പ്രോജക്ടുകളുടെ മുൻഗണനാക്രമം നിശ്ചയിക്കലും അവ ഉറക്കെ വായിച്ച് അംഗീകരിച്ച് രേഖപ്പെടുത്തലും

3. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിലേക്ക് രണ്ടു ഊരുകൂട്ട പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ് - ഒരു സ്ത്രീയും പുരുഷനും കൂടാതെ ഊരുമൂപ്പനേയും ഈ സമിതിയിലേക്ക് ക്ഷണിക്കേണ്ടതാണ്.

5.3.10 ക്രോഡീകരണം

പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം -2008 റിപ്പോർട്ട് നവീകരിച്ചു. പുതുതായി ഉയർന്ന് വന്ന ഊരുകൂട്ട നിർദ്ദേശങ്ങൾ കൂടി അടങ്ങിയ ക്രോഡീകരണ റിപ്പോർട്ട് അവതരിപ്പിക്കൽ

# 6

## വനാവകാശ നിയമം

> ഭൂമി അമ്മയാണ്. ഈ ഭൂമിയുടെ ഓരോ ഭാഗവും എന്റെ ജനതയ്ക്ക് പവിത്രമാണ് . പൂക്കൾ ഞങ്ങളുടെ പെങ്ങന്മാരാണ് . പുഴകൾ ഞങ്ങളുടെ ആങ്ങളമാരാണ് . പ്രാണവായു എല്ലാ ജീവികൾക്കും അമൂല്യമാണ്.
>
> – *സിയാറ്റിൽ മൂപ്പൻ*
> (അമേരിക്കയിലെ റെഡ് ഇന്ത്യൻ ഗോത്രവർഗ്ഗ നേതാവ്)

2006 – ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ്. (2007– ലെ 2–ാം നമ്പർ ആക്ട്).

വനഭൂമിയിൽ തലമുറകളായി താമസിച്ചുവരുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ വനവാസികളായ പട്ടികഗോത്ര വർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വനഭൂമിയെ സംബന്ധിച്ച് അപ്രകാരം നിക്ഷിപ്തമാക്കിയ വനാവകാശങ്ങളും അങ്ങനെയുള്ള അംഗീകരിക്കലിനും നിക്ഷിപ്തമാക്കലിനും ആവശ്യമായ തെളിവുകളുടെ രീതിയും രേഖപ്പെടുത്തുന്നതിന് ഒരു രൂപരേഖ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ള ഒരു ആക്ട്.

**6.1 ഗ്രാമം, ഗ്രാമസഭ**

വനാവകാശ നിയമത്തിൽ ഗ്രാമം എന്നാൽ 1996 ലെ പഞ്ചായത്ത് എക്സ്റ്റെൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയാസ് ആക്ടിന്റെ (1996 – ലെ 40) വ്യവസ്ഥകളിലെ 4–ാം വകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഗ്രാമം; അല്ലെങ്കിൽ പട്ടിക പ്രദേശങ്ങളിൽ അല്ലാത്ത പഞ്ചായത്തുകളിൽ ഗ്രാമമായി പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പ്രദേശം; അല്ലെങ്കിൽ വിജ്ഞാപനമോ സർവ്വേയോ ചെയ്യാത്ത ഗ്രാമങ്ങളും ഇതൊന്നുമല്ലെങ്കിൽ പഞ്ചായത്തുകൾ ഇല്ലാത്ത സംസ്ഥാനങ്ങളിൽ, പരമ്പരാഗത ഗ്രാമം എന്ന് അർത്ഥമാകുന്നു. ഗ്രാമസഭയെന്നാൽ ഒരു ഗ്രാമത്തിലെ പ്രായപൂർത്തിയായ എല്ലാ അംഗങ്ങളും ഉൾപ്പെടുന്നു.

വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമസഭ വിളിച്ച് ചേർക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കും ഗ്രാമസഭയുടെ സെക്രട്ടറി. സഭായോഗത്തിൽ കുറഞ്ഞത് പകുതിയിലധികം അംഗങ്ങളുടെ ഹാജർ ഉണ്ടായിരിക്കണം. ഇതിൽ മൂന്നിലൊന്ന് ഭാഗം സ്ത്രീകളുമായിരിക്കണം. വനാവകാശം നിർണ്ണയിക്കുവാനായി വനം ഉൾക്കൊള്ളുന്ന വാർഡായിരിക്കും ഗ്രാമസഭ. പരമ്പരാഗതമായി വനാശ്രിതരായ ആദിവാസികൾ അധിവസിക്കുന്ന ഗ്രാമ

ങ്ങളെ മാത്രം ഉൾപ്പെടുത്തി ഗ്രാമസഭ വിളിച്ചു കൂട്ടിയാണ് വനാവകാശ സമിതിയെ തെരഞ്ഞെടുക്കേണ്ട ത് (ഫോറസ്റ്റ് റൈറ്റ് കമ്മിറ്റി FRC). വനാവകാശ നിയമം നടപ്പിൽ വരുത്തേണ്ട ക്രമീകരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ കേരള സർക്കാർ നിയമിച്ച കമ്മിറ്റിയാണ് വനാവകാശ നിയമത്തിൽ പറ ഞ്ഞിരിക്കുന്ന 'ഗ്രാമസഭയെ' 'ഊരുകൂട്ടം' എന്ന നിലയിൽ കണക്കാക്കുവാൻ ശുപാർശ ചെയ്തതും സർക്കാർ ഇക്കാര്യത്തിൽ അംഗീകാരം നൽകിയിട്ടുള്ളതും. (പ.ജാ.പ.വ.വി.വ 25.02.2008 ലെ ജി.ഒ (ആർ. ടി) 207/2008 & 03.06.2008 ലെ ജി.ഒ (എം.എസ്) 62/2008.)

**6.2 വനാവകാശങ്ങൾ**

1. ഈ ആക്ടിലെ ആവശ്യങ്ങൾക്കായി വ്യക്തിയ്ക്കോ സമൂഹത്തിനോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ഉള്ള ജന്മഭോഗം ഉറപ്പാക്കുന്ന താഴെപ്പറയുന്ന അവകാശങ്ങൾ എല്ലാ വനഭൂമികളിലുമുള്ള വനവാ സികളായ പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങ ളായിരിക്കുന്നതാണ്. അതായത്:-

   എ. വനവാസികളായ പട്ടിക ഗോത്രവർഗ്ഗത്തിലെയോ മറ്റ് പരമ്പരാഗത വനവാസികളിലെയോ ഒരു അംഗമോ അംഗങ്ങളോ വാസസ്ഥാനത്തിന് വേണ്ടിയോ ഉപജീവനത്തിനായി സ്വയം കൃഷിചെയ്യുന്നതിന് വേണ്ടിയോ ഒറ്റയ്ക്കോ കൂട്ടായോ കൈവശപ്പെടുത്തിയിട്ടുള്ള വനഭൂമി കൈവശം വയ്ക്കുന്നതിനും അതിൽ വസിക്കുന്നതിനുമുള്ള അവകാശം.

   ബി. മുമ്പുണ്ടായിരുന്ന നാട്ടുരാജ്യങ്ങളിലോ ജമീന്ദാരി അല്ലെങ്കിൽ അതുപോലുള്ള മദ്ധ്യവർത്തി ഭരണക്രമത്തിലോ ഉപയോഗത്തിൽ ഉണ്ടായിരുന്നതുൾപ്പെടെ 'നിസ്താർ' പോലെ, എന്തു പേരിൽ വിളിക്കപ്പെട്ടിരുന്നാലും, ഉള്ള സമൂഹാവകാശങ്ങൾ

   സി. ഗ്രാമാതിർത്തികൾക്കുള്ളിൽ നിന്നോ പുറത്തുനിന്നോ പരമ്പരാഗതമായി ശേഖരിച്ചുവന്നി രുന്ന ലഘുവനോൽപ്പന്നം ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും വ്യാപനം ചെയ്യു ന്നതിനും പ്രാപ്യമാക്കുവാനുള്ള ഉടമസ്ഥതാവകാശം.

   ഡി. ദേശാടന സമുദായങ്ങളുടെയോ അല്ലെങ്കിൽ ഇടയസമുദായങ്ങളുടെയോ (സ്ഥിരമായതോ താൽക്കാലികമായി മാറ്റി പാർപ്പിക്കുന്നതോ അല്ലെങ്കിൽ രണ്ട് തരത്തിലും) കന്നുകാലിമേ യ്ക്കൽ, മത്സ്യവും മറ്റു ജലോൽപന്നങ്ങൾ എന്നിവപോലുള്ളവയുടെ ഉപയോഗങ്ങളുടെയും അവകാശങ്ങളുടെയും, ഋതുഭേദപരമായ വിഭവങ്ങളുടെ പരമ്പരാഗത പ്രാപ്യതയുടെയും മറ്റ് സമുദായ അവകാശങ്ങൾ.

   ഇ. ആദിമഗോത്രവർഗ്ഗ വിഭാഗങ്ങളുടെയും പൂർവ്വകാല കർഷക സമൂഹങ്ങളുടെയും സ്വാഭാവിക വാസസ്ഥാനത്തിനും വസതിക്കും ഉള്ള സമൂഹ ജന്മഭോഗങ്ങൾ ഉൾപ്പെടെയുള്ള അവകാശ ങ്ങൾ

   എഫ്. ഏതെങ്കിലും സംസ്ഥാനത്തിലെ അവകാശത്തർക്കമുള്ള, ഏതു പേരുള്ളതായാലും, തർക്ക ഭൂമികളിലോ അതിന്മേലോ ഉള്ള അവകാശങ്ങൾ.

ജി. രേഖപ്പെടുത്തിയതോ വിജ്ഞാപനം ചെയ്തതോ അല്ലാത്തതോ ആയ എല്ലാ വനഗ്രാമങ്ങളെയും പഴയ വാസസ്ഥാനത്തെയും, സർവ്വേ ചെയ്യാത്ത ഗ്രാമങ്ങളെയും വനത്തിലെ മറ്റ് ഗ്രാമങ്ങളെയും റവന്യൂ ഗ്രാമങ്ങളിലായി പരിവർത്തനം ചെയ്യുന്നതിനും കുടിപ്പാർപ്പിനുമുള്ള അവകാശങ്ങൾ

എച്ച്. സ്ഥിരമായ ഉപയോഗത്തിന് വേണ്ടി അവർ പരമ്പരാഗതമായി പരിപാലിച്ചും സംരക്ഷിച്ചും വരുന്ന ഏതെങ്കിലും സമൂഹ വനവിഭവം പരിപാലിക്കുന്നതിനോ പുനരുല്പാദിപ്പിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ ഉള്ള അവകാശം.

ഐ. ഏതെങ്കിലും സംസ്ഥാന നിയമത്തിന്റെയോ ഏതെങ്കിലും സ്വയംഭരണാധികാരമുള്ള ജില്ലാ സമിതിയുടെയോ സ്വയംഭരണാധികാരമുള്ള പ്രാദേശിക സമിതിയുടെയോ നിയമങ്ങളുടെ കീഴിലോ അംഗീകരിച്ചിട്ടുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാനത്തെ ബന്ധപ്പെട്ട ഗോത്ര വർഗ്ഗക്കാരുടെ ഏതെങ്കിലും പരമ്പരാഗതമോ ആചാരാധിഷ്ഠിതമോ ആയ നിയമത്തിൻ കീഴിൽ ഗോത്രവർഗങ്ങളുടെ അവകാശികളായി അംഗീകരിക്കപ്പെട്ടിട്ടുള്ളതോ ആയ അവകാശങ്ങൾ.

ജെ. ജൈവ വൈവിധ്യത്തിന്റെയും ഭൗതീക സ്വത്തിന്മേലുള്ള സമൂഹ അവകാശത്തിന്റെയും, ജൈവ വൈവിധ്യവും സാംസ്കാരിക വൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനത്തിന്റെയും പ്രാപ്യതയ്ക്കുള്ള അവകാശം.

കെ. (a) മുതൽ (k) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടില്ലാത്തതും എന്നാൽ ഏതെങ്കിലും വർഗ്ഗത്തിൽപ്പെട്ട വന്യമൃഗങ്ങളെ വേട്ടയാടുന്നതിനോ കെണിയിലാക്കുന്നതിനോ അതിന്റെ ശരീരത്തിന്റെ ഒരുഭാഗം വലിച്ച് പറിച്ചെടുക്കുന്നതിനോ ഉള്ള പരമ്പരാഗത അവകാശം ഒഴികെയുള്ളതും വനവാസികളായ പട്ടിക ഗോത്രവർഗ്ഗങ്ങൾ അല്ലെങ്കിൽ മറ്റ് പരമ്പരാഗത വനവാസികൾ, അതതു സംഗതിപോലെ, ആചാരാധിഷ്ഠിതമായി അനുഭവിക്കുന്നതുമായ മറ്റേതെങ്കിലും പരമ്പരാഗത അവകാശങ്ങൾ.

എൽ. 2005 ഡിസംബർ 13-ാം തീയ്യതിക്ക് മുമ്പായി പട്ടിക ഗോത്രവർഗ്ഗങ്ങളുടെയോ പരമ്പരാഗത വനവാസികളെയോ, പുനരധിവാസത്തിനുള്ള അവരുടെ നിയമപരമായ അവകാശം ലഭ്യമാക്കാതെ, ഏതെങ്കിലും ഇനത്തിൽപ്പെട്ട വനഭൂമയിൽ നിന്നും നിയമവിരുദ്ധമായി ഒഴിപ്പിക്കുകയോ മാറ്റുകയോ ചെയ്യുന്നിടത്ത്, പകരം ഭൂമി ഉൾപ്പെടെ മുൻസ്ഥാനത്തു തന്നെയുള്ള പുനരധിവാസത്തിനുള്ള അവകാശം.

2. 1980 ലെ ഫോറസ്റ്റ് (കൻസർവേഷൻ) ആക്റ്റിൽ (1980 ലെ 69) എന്തു തന്നെ അടങ്ങിയിരുന്നലും, കേന്ദ്ര സർക്കാർ, ആ സർക്കാരിനാൽ കൈകാര്യം ചെയ്യപ്പെടുന്ന താഴെ പറയുന്ന സൗകര്യങ്ങൾക്കു വേണ്ടി ഓരോ ഹെക്ടറിലും എഴുപത്തിയഞ്ച് മരങ്ങളിൽ കവിയാതെ മരങ്ങൾ വെട്ടിവീഴ്ത്തുന്നതിന് ഉൾപ്പെടുത്തി വനഭൂമി പരിവർത്തനം ചെയ്യുന്നതിനായി നൽകേണ്ടതാണ്, അതായത്:-

എ. വിദ്യാലയങ്ങൾ

ബി. ഡിസ്പെൻസറി അല്ലെങ്കിൽ ആശുപത്രി

സി. അംഗനവാടികൾ

ഡി. ന്യായവില കടകൾ

ഇ. വൈദ്യുതിയും ടെലികമ്മ്യൂണിക്കേഷൻ ലൈനുകളും

എഫ്. ടാങ്കുകളും മറ്റ് ചെറിയ ജലാശയങ്ങളും

ജി. കുടിവെള്ള വിതരണവും വെള്ളത്തിനുള്ള പൈപ്പ് ലൈനുകളും

എച്ച്. ജലം അല്ലെങ്കിൽ മഴവെള്ള ശേഖരണ സംഭരണി

ഐ. ചെറുകിട ജലസേചന കനാലുകൾ

ജെ. പാരമ്പര്യേതര ഊർജ്ജസ്രോതസ്സ്

കെ. വൈദഗ്ധ്യം അഭിവൃദ്ധിപ്പെടുത്തൽ അല്ലെങ്കിൽ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ

എൽ. നിരത്തുകൾ

എം. സാമൂഹ്യ കേന്ദ്രങ്ങൾ

എന്നാൽ,–

i. ഈ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി പരിവർത്തനം ചെയ്യേണ്ട വനഭൂമി ഓരോ സംഗതിയിലും ഒരു ഹെക്ടറിൽ കുറവാണെങ്കിലും;

ii. അത്തരം വികസന പദ്ധതികളുടെ ക്ലീയറൻസ് അത് ഗ്രാമസഭ ശുപാർശ ചെയ്തതായിരിക്കണമെന്ന ഉപാധിക്കു വിധേയമായിട്ടാണെങ്കിലും, മാത്രം വനഭൂമിയുടെ അത്തരം പരിവർത്തനം അനുവദിക്കേണ്ടതാണ്.

**6.3 വനാവകാശങ്ങൾ**

**മൂന്ന് തരത്തിലുള്ള വനാവകാശങ്ങളാണ് നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്**

I. വ്യക്തിഗത അവകാശങ്ങൾ - വ്യക്തിപരമായി വനഭൂമി കൈവശം വെയ്ക്കുന്നതിനും സ്വയം കൃഷി ചെയ്യുന്നതിനുമുള്ള അവകാശം - വകുപ്പ് 3(1), (2)

II. സാമൂഹിക വന അവകാശങ്ങൾ - ചെറുകിട വനവിഭങ്ങളുടെ മേലുള്ള ഉടമസ്ഥാവകാശവും അവ ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും, വിപണനം ചെയ്യുന്നതിനുമുള്ള അവകാശം - വകുപ്പ് 3 (1) (c)

III. വികസന അവകാശങ്ങൾ - ഊരിലെ പൊതുവായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി നൽകുന്ന ഭൂമി - 2-ാം ഖണ്ഡികയിൽ പട്ടികപ്പെടുത്തിയ 13 സ്ഥാപനങ്ങൾ

**6.4 വനാവകാശ നിയമം നടപ്പിലാക്കുവാനുള്ള സംവിധാനങ്ങൾ**

**1. ഗ്രാമസഭ**

ഗ്രാമസഭ എന്നത് ഊര്കൂട്ടം എന്ന പേരിലാണ് കേരളത്തിൽ പരിഗണിച്ചിട്ടുള്ളത്. ഊര്കൂട്ടത്തിൽ വോട്ടവകാശമുള്ള എല്ലാ പ്രതിനിധികളും ഹാജരായിരിക്കണം. ഊര്കൂട്ടം വിളിച്ച് കൂട്ടേണ്ടത് ഗ്രാമ പഞ്ചായത്താണ്. അംഗങ്ങൾ മൂന്നിൽ രണ്ട് ഭാഗം പട്ടികവർഗ്ഗക്കാരായിരിക്കണം. ഇതിൽ മൂന്നിൽ ഒരു ഭാഗം വനിതകൾ ആയിരിക്കണം. വനാവകാശങ്ങൾ സംബന്ധിച്ച പ്രമേയങ്ങൾ പാസ്സാക്കുക യാണെങ്കിൽ 50 ശതമാനത്തിലധികം അംഗങ്ങളുടെ ഹാജർ ഉണ്ടായിരിക്കണം. ഊര്കൂട്ടം ആണ് വനാവകാശ കമ്മിറ്റിയെ തിരഞ്ഞെടുക്കേണ്ടത്.

**2. വനാവകാശ കമ്മിറ്റി**

10 മുതൽ 15 വരെയുള്ള അംഗങ്ങളാണ് വനാവകാശ കമ്മിറ്റിയിൽ തിരഞ്ഞെടുക്കേണ്ടത്. മൂന്നിൽ ഒന്ന് ഭാഗം അംഗങ്ങളോ, ചുരുങ്ങിയത് അഞ്ച് പേരെങ്കിലും വനിതകൾ ആയിരിക്കണം. കമ്മിറ്റിക്ക് വേണ്ടി അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരെ തിരഞ്ഞെടുക്കണം. വനാവകാശ കമ്മിറ്റി ഊര്കൂട്ടം നിർദ്ദേശപ്രകാരമുള്ള വനാവകാശ അപേക്ഷ സ്വീകരിക്കുക, നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള തെളി വുകൾ പരിശോധിക്കുക, തീരുമാനം എടുത്ത് സബ് ഡിവിഷണൽ കമ്മിറ്റിക്ക് നൽകണം. വനാവ കാശ കമ്മിറ്റിയിലെ ഏതെങ്കിലും ഒരു അംഗം വ്യക്തിപരമായ അവകാശം ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്ന സമയത്ത് ഈ പ്രക്രിയയിൽ പങ്കെടുക്കുവാൻ പാടില്ല.

**3. സാമൂഹിക വന വിഭവ മേഖലാ കമ്മിറ്റി**

ഊര്കൂട്ടത്തിൽ നിന്ന് തിരഞ്ഞെടുക്കുന്നവരാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ. വനവിഭവങ്ങ ളുടെ ശേഖരണം, ഉടമസ്ഥാവകാശം, വിപണനം എന്നിവ തീരുമാനിക്കുവാനുള്ള അധികാരം ഈ കമ്മറ്റിക്ക് നൽകിയിട്ടുണ്ട്.

**4. സബ് ഡിവിഷണൽ ലവൽ കമ്മിറ്റി**

സബ് ഡിവിഷണൽ ലവൽ കമ്മിറ്റി ഊര്കൂട്ടത്തിന് ആവശ്യമായ വിവരങ്ങൾ നൽകുക, ബോധ വൽക്കരണം നടത്തുക, വിവിധ ഊര്കൂട്ടങ്ങൾ നൽകുന്ന പ്രമേയങ്ങളും അവകാശങ്ങളും ഭൂപട ങ്ങളും ക്രോഡീകരിക്കുക, ആവശ്യമെങ്കിൽ ഊരുകൂട്ടങ്ങളുടെയും വ്യക്തികളുടെയും പരാതികൾ കേൾക്കുക, വനാവകാശ കമ്മിറ്റി സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അന്തിമ തീരുമാന ത്തിനായി ഡിവിഷണൽ ലവൽ കമ്മിറ്റിക്ക് സമർപ്പിക്കുക എന്നീ ചുമതലകൾ നിർവഹിക്കുവാൻ ഉണ്ട്.

**5. ഡിവിഷണൽ ലവൽ കമ്മിറ്റി**

ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ആറ് അംഗങ്ങൾ ആയിട്ടുള്ള കമ്മിറ്റിയാണ് ബന്ധപ്പെട്ട അപേക്ഷകർക്ക് അന്തിമമായി വനാവകാശ രേഖ പാസ്സാക്കി നൽകുന്നത്.

**6. സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി**

സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള 10 അംഗങ്ങളുള്ള കമ്മിറ്റി വനാവകാശ നിയമം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച്, ന്യൂനതകൾ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയത്ത് നൽകേണ്ടതാണ്.

(വനാവകാശ ചട്ടങ്ങളെ കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സിന്റെ 2012 സെപ്തംബർ 6-ാം തീയ്യതി പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപനം കാണുക.)

# 7

## ’പെസ’, 1996 (Panchayat Extension to the Scheduled Areas – PESA)

> ‘‘സ്വയം ഭരണം എന്നത് ഓരോ ജനതയുടെയും അന്യാധീനപ്പെടുത്തുവാൻ സാദ്ധ്യമല്ലാത്ത അവകാശമാണ്. അത് പ്രകൃതിയുടെ വരദാനമായ പ്രാണവായുവിനെ പോലെയാണ്, സാമൂഹ്യ യാഥാർത്ഥ്യത്തിന്റെ സത്തയാണ്. ജനാധിപത്യ വ്യവസ്ഥയുടെ ജീവശ്വാസവുമാണ്’’
>
> *– ബി.ഡി. ശർമ്മ*

ഭാരതത്തിലെ പട്ടികവർഗ്ഗക്കാർക്ക് പൗരൻ/പൗര എന്ന നിലയ്ക്ക് ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന മൗലിക അവകാശങ്ങളും നിർദ്ദേശക തത്ത്വങ്ങളും ബാധകമാണ്. എന്നാൽ ചരിത്രപരമായ കാരണങ്ങളാൽ പട്ടകവർഗ്ഗക്കാരുടെ പാരമ്പര്യ-സാംസ്ക്കാരിക രീതികൾക്കനുസരിച്ചുള്ള സാമൂഹിക സാമ്പത്തിക ക്രമത്തിൽക്കൂടി പുരോഗതി നേടുവാനുള്ള പരിഗണന നൽകിയിട്ടുണ്ട്. ഇതിന് വേണ്ടിയാണ് ഭരണഘടനയിൽ 244 (1)-ാം അനുച്ഛേദപ്രകാരം അഞ്ചാം പട്ടിക പ്രദേശങ്ങളും 244 (2)-ാം അനുച്ഛേദ പ്രകാരം ആറാം പട്ടികയും രൂപപ്പെടത്തിയിട്ടുള്ളത്.

### 7.1 പട്ടിക പ്രദേശം (Scheduled Area)

> അഞ്ചാം പട്ടിക അനുസരിച്ച് പട്ടികവർഗ്ഗക്കാരുടെ അധീനതയിലുള്ള പ്രദേശങ്ങൾ പട്ടിക പ്രദേശമായി പ്രഖ്യാപിക്കപ്പെടുന്നു. ഇപ്പോൾ ബീഹാർ, ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒഡിസ, രാജസ്ഥാൻ, ഹിമാചൽപ്രദേശ്, ആന്ധ്രാപ്രദേശ്, ചത്തീർഗാർഗ് എന്നീ ഒമ്പത് സംസ്ഥാനങ്ങളിൽ പട്ടിക പ്രദേശങ്ങൾ ഉണ്ട്.

പൊതുവിൽ നടപ്പിലാക്കുന്ന നിയമങ്ങൾ ആ മേഖലയ്ക്ക് യോജിച്ചതല്ലെങ്കിൽ അവയെ ഒഴിവാക്കുന്നതിനും, ഭൂമി കൈമാറ്റം, ഭൂമി അനുവദിക്കുന്നതിനുള്ള നിയന്ത്രണം, കച്ചവടവും പണം കടം കൊടുക്കുന്നതിനുമുള്ള നിയന്ത്രണം, പട്ടിക വർഗ്ഗ ഉപദേശ കൗൺസിൽ തുടങ്ങിയ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് അഞ്ചാം പട്ടിക.

അഞ്ചാം പട്ടികയിലെ ആറാം ഖണ്ഡികയിലെ രണ്ടാം ഉപവകുപ്പ് അനുസരിച്ച് പുതിയതായി നിർദ്ദേശിക്കപ്പെടുന്ന പ്രദേശങ്ങളിൽക്കൂടി ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

- പട്ടികവർഗ്ഗ ജനങ്ങളുടെ ആധിപത്യമുള്ള പ്രദേശങ്ങൾ
- സംയോജിപ്പിക്കുവാനും മതിയായ വലിപ്പവും ഉള്ള പ്രദേശങ്ങൾ
- ആ പ്രദേശത്തിന്റെ വികസന പിന്നാക്കാവസ്ഥ

- ആ പ്രദേശത്ത് വസിക്കുന്ന ഇതര ജനവിഭാഗങ്ങളുമായിട്ടുള്ള പ്രത്യക്ഷമായ വികസന വിടവ്

1992 ൽ 73-ാം ഭരണഘടന ഭേദഗതിയിലൂടെ നിലവിൽ വന്ന ത്രിതല പഞ്ചായത്ത് സംവിധാനം മുമ്പ് സൂചിപ്പിച്ച വ്യവസ്ഥകൾ പ്രകാരം പട്ടിക പ്രദേശങ്ങളിൽ നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല. പഞ്ചായത്ത് രാജ് നിയമങ്ങൾ പട്ടിക പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിന് നടത്തേണ്ട ശുപാർശകൾ നടപ്പിലാക്കാൻ 1994 ൽ ശ്രീ. ഡി.എസ് ഭൂര്യ എം.പി ചെയർമാനായി ഒരു ഉന്നതതല സമിതിയെ കേന്ദ്ര സർക്കാർ നിയമിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ സുപ്രധാന നിർദ്ദേശങ്ങൾ 1996 ഡിസംബർ 24-ാം തീയ്യതി പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും, 'പഞ്ചായത്തുകളുടെ നിയമ വ്യവസ്ഥകൾ പട്ടിക പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ ആക്ട്, 1996 (40-ാം നമ്പർ) നടപ്പിലാക്കുകയും ചെയ്തു.

> ആറാം പട്ടിക വടക്ക് കിഴക്ക് സംസ്ഥാനങ്ങളായ ആസ്സാം, മേഘാലയ, തൃപുര, മിസോറാം എന്നിവിടങ്ങളിലെ ഒമ്പത് സ്വയംഭരണ ജില്ലകളിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആറാം പട്ടികയിലെ സ്വയംഭരണ ജില്ലാ-പ്രാദേശിക കൗൺസിലുകൾക്ക് ഭരണം, വികസനം, സാമ്പത്തികം എന്നീ അധികാരങ്ങൾക്ക് പുറമെ, പട്ടികവർഗ്ഗക്കാരുടെ ഭൂമി, പാരമ്പര്യം തുടങ്ങിയവ സംരക്ഷിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനും, നീതി നിർവ്വഹണത്തിനും കൂടി അധികാരം നൽകിയിട്ടുണ്ട്. താഴെ തട്ടിൽ വില്ലേജ് കൗൺസിലുകളും പ്രവർത്തിക്കുന്നു.

കേരളത്തിൽ അഞ്ചാം പട്ടിക പ്രകാരമുള്ള പ്രദേശങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത അവസ്ഥയിൽ പെസ നിയമം നടപ്പിലാക്കുവാൻ സാധിക്കുകയില്ല. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം, മനുഷ്യ വിഭവശേഷി എന്നിവയുടെ വികസനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിലാണെങ്കിലും, പട്ടികവർഗ്ഗ സമൂഹങ്ങളുടെ വികസനം വളരെ പിന്നിലാണ്. കേരളത്തിൽ 1996 മുതൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായ ഗ്രാമസഭകളും, 2003 മുതൽ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി മാത്രം രൂപം കൊണ്ട ഊരുക്കൂട്ടങ്ങളും 2006 ലെ വനാവകാശ നിയമം നടപ്പിലാക്കാനുള്ള ഊര്ക്കൂട്ടവും പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഇതിനിടെ ആദിവാസി നേതൃത്വത്തിന്റെ ശക്തമായ പോരാട്ടത്തിന്റെ ഫലമായി കേരളത്തിൽ പെസ നിയമം നടപ്പിലാക്കുന്നതിന് ആവശ്യപ്പെടുകയും, ഇതേ തുടർന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ഉണ്ടായി എന്നതും, കേന്ദ്ര സർക്കാർ തത്ത്വത്തിൽ ഈ നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട് എന്നതും മാധ്യമങ്ങളിൽ കൂടി അറിയുവൻ കഴിഞ്ഞു. ('ആദിവാസി മോചനത്തിന്റെ നാഴികക്കല്ല്' എന്ന ബഹു. വകുപ്പ് മന്ത്രിയുടെ ലേഖനം 'ഗോത്ര ഭൂമി' മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പേജ് 14,15, മാർച്ച് 2016, കൂടാതെ 01.01.2016 ലെ മാതൃഭൂമി ദിനപത്രത്തിൽ വാർത്തയായി വരുകയും ചെയ്തു.

### 7.2 'പെസ'യുടെ സവിശേഷതകൾ

സാധാരണ ഗതിയിൽ ഒരേ സമുദായം അധിവസിക്കുകയും പാരമ്പര്യത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും അനുസൃതമായി ജീവിതം നയിക്കുകയും ചെയ്യുന്ന ഒരു ആവാസകേന്ദ്രമോ, ഒരുകൂട്ടം ആവാസ കേന്ദ്രങ്ങളോ, ഒരു സങ്കേതമോ, ഒന്നിലധികം സങ്കേതങ്ങളോ ഉൾപ്പെടുന്നതാണ് ഒരു ഗ്രാമം. ഓരോ ഗ്രാമത്തിലും പഞ്ചായത്തിന്റെ വോട്ടർ പട്ടികയിൽ പേരു ഉൾപ്പെട്ടവർ അടങ്ങുന്ന ഗ്രാമസഭ ഉണ്ടായിരിക്കേണ്ടതാണ്.

#### 7.2.1 ഗ്രാമസഭയ്ക്കുള്ള അധികാരങ്ങൾ

i) ഓരോ ഗ്രാമസഭയ്ക്കും അവിടുത്തെ ജനങ്ങളുടെ പാരമ്പര്യവും ആചാരങ്ങളും സാംസ്കാരിക തനിമയും സമുദായത്തിന്റെ പൊതുവിഭവങ്ങളും തർക്കപരിഹാര സമ്പ്രദായങ്ങളും കാത്തുസൂക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അധികാരം.

ii) പട്ടികവർഗ്ഗ ഉപപദ്ധതി (ട്രൈബൽ സബ് പ്ലാൻ) ഫണ്ട് ഉൾപ്പെടെയുള്ള പ്രാദേശിക ആസൂത്രണ പദ്ധതികളുടെയും അവയുടെ സാമ്പത്തിക വിഭവങ്ങളുടെയും നിയന്ത്രണാധികാരം.

iii) പഞ്ചായത്ത് ആവിഷ്ക്കരിക്കുന്ന സാമൂഹിക സാമ്പത്തിക വികസന പദ്ധതികളും പരിപാടികളും, പ്രോജക്ടുകളും ഗ്രാമതലത്തിൽ നിർവ്വഹണം നടത്തുന്നതിനു മുമ്പ് അത്തരം പദ്ധതികളും പരിപാടികളും പ്രോജക്ടുകളും അംഗീകരിക്കേണ്ടതാണ്.

iv) മുകളിൽ സൂചിപ്പിച്ച പദ്ധതികൾക്കും, പരിപാടികൾക്കും, പ്രോജക്ടുകൾക്കും ഗ്രാമതലത്തിൽ അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഗ്രാമസഭയിൽ നിന്നും ഓരോ പഞ്ചായത്തും നേടേണ്ടതാണ്.

v) ദാരിദ്ര്യ ലഘൂകരണത്തിനും മറ്റു പരിപാടികൾക്കുമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള ഉത്തരവാദിത്വം.

vi) പട്ടിക പ്രദേശങ്ങളിലെ വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കൽ, അത്തരം പ്രോജക്ടുകൾക്കു വേണ്ടി ഒഴിപ്പിക്കുന്നവരെ മാറ്റിപ്പാർപ്പിക്കൽ, പുനഃരധിവസിപ്പിക്കൽ മുതലായ കാര്യങ്ങൾ അതത് ഗ്രാമസഭയുമായും ബന്ധപ്പെട്ട പഞ്ചായത്തുകളുമായും കൂടിയാലോചിച്ച് നടത്തേണ്ടതാണ്. പട്ടിക പ്രദേശങ്ങളിലെ ഇത്തരം പ്രോജക്ടുകളുടെ യഥാർത്ഥത്തിലുള്ള ആസൂത്രണവും നിർവഹണവും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്.

vii) പട്ടിക പ്രദേശങ്ങളിലെ ഭൂമി അന്യാധീനപ്പെടുത്തൽ തടയുന്നതിനും നിയമ വിരുദ്ധമായി അന്യാധീനപ്പെടുത്തിയ പട്ടിക വർഗ്ഗക്കാരുടെ ഭൂമി തിരിച്ചെടുക്കുന്നതിനും യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം.

viii) പട്ടിക പ്രദേശങ്ങളിലെ ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിന് ലൈസൻസോ, പാട്ടമോ നൽകുന്നതിനുമുമ്പായി ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനത്തിന്റെയോ, ഗ്രാമസഭയുടെയോ ശുപാർശ നിർബന്ധിതമാക്കേണ്ടതാണ്.

ix) പട്ടിക പ്രദേശങ്ങളിൽ നിന്നു ലേലത്തിലൂടെ ചെറുധാതുക്കൾ ഖനനം ചെയ്യുന്നതിൽ ഇളവ് അനുവദിക്കുന്നതിന് ഗ്രാമസഭയുടെയോ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനത്തിന്റെയോ മുൻകൂട്ടിയുള്ള ശുപാർശ നിർബന്ധിതമാക്കേണ്ടതാണ്.

x) മദ്യനിരോധനം ഏർപ്പെടുത്തുന്നതിനും ലഹരിവസ്തുക്കളുടെ വിപണനവും ഉപഭോഗവും നിന്ത്രിക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനും ഉള്ള അധികാരം.

xi) ചെറുകിട വനവിഭവങ്ങളുടെ ഉടമസ്ഥാവകാശം.

xii) ഗ്രാമചന്തകൾ ഏതു പേരിൽ അറിയപ്പെട്ടാലും അവയുടെ നടത്തിപ്പിനുള്ള അധികാരം.

xiii) പട്ടികവർഗ്ഗക്കാർക്ക് പണം വായ്പ കൊടുക്കലിന് നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം.

xiv) സാമൂഹ്യസേവന രംഗത്തുള്ള എല്ലാ സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും മേൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം.

### 7.2.2 പട്ടികവർഗ്ഗ ജനപ്രതിനിധികൾക്കായുള്ള സംവരണം

പട്ടികപ്രദേശങ്ങളിലെ ഓരോ പഞ്ചായത്തിലേയും സീറ്റുകളുടെ സംവരണം ഭരണഘടനയുടെ ഒമ്പതാം ഖണ്ഡികയിൽ സംവരണത്തിന് അർഹതയുള്ളതായി നിശ്ചയിച്ചിട്ടുള്ള സമുദായങ്ങളുടെ അതതു പഞ്ചായത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടായിരിക്കണം. എന്നാൽ, പട്ടികവർഗ്ഗക്കാരുടെ സംവരണം ആകെ സീറ്റുകളുടെ പകുതിയിൽ കുറയാൻ പാടില്ല. കൂടാതെ, ത്രിതല പഞ്ചായത്തുകളിലെ എല്ലാ തലത്തിലുമുള്ള 'ചെയർപേഴ്സൺ' സ്ഥാനം പട്ടികവർഗ്ഗക്കാർക്കു സംവരണം ചെയ്യേണ്ടതാണ്. ജില്ലാതല പഞ്ചായത്തിലും മദ്ധ്യതല പഞ്ചായത്തിലും പ്രാതിനിധ്യം ഇല്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വ്യക്തികളെ സർക്കാരിനു നാമനിർദ്ദേശം ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം നാമനിർദ്ദേശം ചെയ്യുന്നവരുടെ എണ്ണം ആകെ തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ പത്തിൽ ഒന്നിൽ കൂടുതലായിരിക്കരുത്.

### 7.2.3 സംസ്ഥാന നിയമ സഭയുടെ ചുമതലകൾ

പഞ്ചായത്തുകൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരവും ചുമതലയും നൽകുന്ന സംസ്ഥാന നിയമങ്ങളിൽ മേൽത്തട്ടു പഞ്ചായത്തുകൾ ഏതെങ്കിലും കീഴ്ത്തട്ട് പഞ്ചായത്തിന്റെയോ ഗ്രാമസഭയുടെയോ അധികാരവും ചുമതലയും ഏറ്റെടുക്കാതിരിക്കാൻ വേണ്ട പരിരക്ഷകൾ ഉൾപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. പട്ടികപ്രദേശങ്ങളിലെ ജില്ലാതല പഞ്ചായത്തുകളിൽ ഭരണപരമായ ക്രമീകരണങ്ങൾ രൂപപ്പെടുത്തുമ്പോൾ ഭരണഘടനയിലെ ആറാം പട്ടികയുടെ മാതൃക നിലനിർത്തുന്നതിനു സംസ്ഥാന നിയമസഭ പരിശ്രമിക്കേണ്ടതാണ്.

സംസ്ഥാനത്ത് പെസ നടപ്പിലാക്കുന്ന തീയ്യതിക്കു തൊട്ടുമുമ്പ് നിലനിന്നിരുന്ന എല്ലാ പഞ്ചായത്തുകൾക്കും സംസ്ഥാന നിയമസഭയോ, നിയമനിർമ്മാണ കൗൺസിൽ നിലവിലുള്ള സംസ്ഥാനങ്ങളിലെ ഇരു സഭകളുമോ പാസ്സാക്കുന്ന പ്രമേയംവഴി മുമ്പേ പിരിച്ചുവിടുന്നില്ലാത്തപക്ഷം അവരുടെ കാലാവധി തീരുന്നതുവരെ തുടരാവുന്നതാണ്.

# അനുബന്ധങ്ങൾ

**അനുബന്ധം 1**

(31.05.2003 ജി.ഒ (എം.എസ്) 54/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധം)

# തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനും നിർവഹണം നടത്തുന്നതിനുമുള്ള മാർഗ്ഗരേഖ

## 1. ആമുഖം (INTRODUCTION)

1.1 പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പദ്ധതി തയ്യാറാക്കണമെന്ന ലക്ഷ്യത്തോടെ 1975-ൽ തന്നെ പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan - TSP) സംവിധാനം ആരംഭിച്ചു. എന്നാൽ പ്രാരംഭ വർഷങ്ങൾക്കുശേഷം ആ ഉദ്യമത്തിന് കാര്യമായ വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ ഉപപദ്ധതി ആസൂത്രണവും നിർവഹണവും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറിയില്ലെങ്കിൽ തന്നെയും അതുമൂലം പ്രകടമായ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചിട്ടില്ല. അതിനാൽ, പട്ടികവർഗ്ഗ വിഭാഗങ്ങളെ ബാധിക്കുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിക്കുവാനും തീരുമാനം എടുക്കുവാനുമുള്ള അവസരവും (Voice" and "Choice) പട്ടികവർഗ്ഗ വികസനത്തിന് മാറ്റി വച്ചിട്ടുള്ള വിഭവങ്ങളുടെ വിനിയോഗത്തിൽ നിർണ്ണായകമായ അധികാരവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകികൊണ്ട് അവരുടെ യഥാർത്ഥ ശാക്തീകരണത്തിന് ഉതകുന്ന വിധത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി ആസൂത്രണത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും നിർവഹണ സംവിധാനം ഉടച്ചുവാർക്കേണ്ടതാണെന്നും നൂതന (Innovative) മോണിറ്ററിംഗ് സംവിധാനം ആവിഷ്ക്കരിക്കേണ്ടതാണെന്നുമുള്ള ശക്തമായ ആവശ്യം നില്നിൽക്കുന്നുണ്ട്.

1.2 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനങ്ങൾക്ക്, പ്രത്യേകിച്ച് ഇതുവരെ പുറംതള്ളപ്പെട്ട (excluded) വിഭാഗങ്ങൾക്ക്, അധികാരം കൈമാറുകയെന്ന ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ മൗലിക പ്രമാണത്തിന് അനുസൃതമായി തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രബലപ്പെടുത്തുക, പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുക എന്നീ ലക്ഷ്യങ്ങൾക്ക് മൂർത്തരൂപം നൽകുന്ന രീതിയിൽ പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്.

## 2. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവസ്ഥ (THE TRIBAL SITUATION)

2.1 കേരളത്തിൽ, ഉയർന്ന മാനവ വികസനവും (Human Development) അതിന്റെ സവിശേഷതയായ നീതിപൂർവ്വക വിതരണവും ഉണ്ടെങ്കിൽ തന്നെയും പട്ടികവർഗ്ഗ സമൂഹം പാർശ്വവൽകരിക്കപ്പെടുകയും വികസന പാതയിൽ നിന്ന് കൂടുതൽ പിൻതള്ളപ്പെട്ട് വേറിട്ടു പോകുകയും ചെയ്യുന്ന അപകടകരമായ സാഹചര്യമാണ് നിലനിൽക്കുന്നത്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സ്ഥിതിയെക്കുറിച്ചുള്ള ഒരു ദ്രുതവിശകലനം ചുവടെ കൊടുത്തിരിക്കുന്ന വസ്തുതകൾ വെളിപ്പെടുത്തുന്നു:

i. കൊടിയ ദാരിദ്ര്യവും അവകാശ നിഷേധവും പ്രതികൂല സാഹചര്യങ്ങൾക്ക് കീഴ്പെട്ടുപോകലും;

ii. വികസനവും സാമൂഹ്യവുമായ കാര്യങ്ങളിൽ കടുത്ത ഒഴിവാക്കപ്പെടൽ;

iii. രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ ശാക്തീകരണത്തിന്റെ പ്രകടമായ കുറവ്;

iv. പട്ടികവർഗ്ഗ വിഭാഗവും മറ്റുള്ളവരും തമ്മിൽ നീതിരഹിതവും തുല്ല്യമല്ലാത്തതും ചൂഷണത്തിലധിഷ്ഠിതവുമായ ഉല്പാദന-കൈമാറ്റ ബന്ധങ്ങൾ നിലനിൽക്കുന്നതു കാരണം സംഭവിക്കുന്ന ദ്രുതഗതിയിലുള്ള ഒറ്റപ്പെടൽ;

v. അർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാൻ കഴിയാത്ത അവസ്ഥ;

vi. വികസന കാര്യങ്ങളിൽ ഒരു തരത്തിലുള്ള തീരുമാനവും എടുക്കുന്നതിനുള്ള അധികാരമോ പങ്കാളിത്തമോ ഇല്ലാത്ത അവസ്ഥ;

vii. പട്ടികവർഗ്ഗ വികസനത്തിനുള്ള വിഭവങ്ങളും ആനുകൂല്യങ്ങളും ഇടനിലക്കാർ വലിയ തോതിൽ കവർന്നെടുക്കുന്ന അവസ്ഥ;

viii. കുറഞ്ഞ സാക്ഷരതാ നിലവാരവും ആരോഗ്യ പരിരക്ഷയും നിമിത്തമുള്ള താഴ്ന്ന മാനവ വികസനം;

ix. ഭൂമിപോലുള്ള ആസ്തികളുടെ അതിവേഗത്തിലുള്ള അന്യാധീനപ്പെടൽ;

x. സാമൂഹ്യസമ്പത്തിന്റെ (Social Capital), വിശേഷിച്ച് പരമ്പരാഗതമായ സാമൂഹ്യ വ്യവസ്ഥയുടെയും നേതൃത്വത്തിന്റെയും ശോഷണം;

xi. തനതായ വൈജ്ഞാനിക സമ്പ്രദായവും സാംസ്ക്കാരിക നേട്ടങ്ങളും അന്യം നിന്നു പോകുന്ന അവസ്ഥ;

xii. വ്യാജ മദ്യോല്പാദനം, മയക്കുമരുന്ന് ചെടികളുടെ കൃഷി, വനസമ്പത്തിന്റെ മോഷണം മുതലായ കുറ്റകൃത്യങ്ങൾക്ക് പട്ടികവർഗ്ഗക്കാരെ പിണിയാളാക്കുന്നതിൽ വർദ്ധിച്ചുവരുന്ന പ്രവണത;

xiii. പട്ടികവർഗ്ഗ വനിതകളെ മറ്റുള്ളവർ ചൂഷണം ചെയ്യുന്ന സ്ഥിതി;

xiv. പൊതുസേവന സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മ;

xv. ശേഷി വികസിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നതിനുപകരം ആനുകൂല്യങ്ങൾ വിതരണം ചെയ്ത് ആശ്രിതത്വത്തിലേയ്ക്ക് നയിക്കുന്ന അവസ്ഥ;

xvi. ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രിതമല്ലാത്ത തല്കാലികവും ഒരേ രീതിയിൽ ഉള്ളതുമായ വികസന പരിപാടികളുടെ നിർവ്വഹണം;

xvii. വളരെ ദുർബലമായ മോണിറ്ററിംഗ് സംവിധാനം.

## 3. പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള സമീപനം
(APPROACH TO PREPARATION OF TRIBAL SUB PLAN)

3.1 അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ പട്ടികവർഗ്ഗ വികസന മേഖലയിലെ പുതിയ സമീപനത്തിന് താഴെപ്പറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്:-

i. തദ്ദേശഭരണ സംവിധാനത്തിന്റെ ചട്ടക്കൂടിനുള്ളിൽ പട്ടികവർഗ്ഗ സമൂഹത്തിന് സ്വന്തം അധികാരം പ്രയോഗിക്കുവാനുള്ള വ്യവസ്ഥ കൊണ്ടുവരുകയും അതിലൂടെ അവർക്ക് വകയിരുത്തിയിരിക്കുന്ന വിഭവങ്ങളുടെ വിനിയോഗത്തെ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാനുള്ള നിർണ്ണായകമായ അധികാരവും നൽകുക.

ii. പദ്ധതി രൂപീകരണത്തിന്റെയും പദ്ധതി നിർവ്വണത്തിന്റെയും സമസ്തതലങ്ങളിലും സ്വാതന്ത്രവും നീതിയുക്തവുമായ പങ്കാളിത്തത്തിലൂടെ പട്ടികവർഗ്ഗ സമൂഹത്തിന്റെ ശാക്തീകരണത്തിന് ഊന്നൽ നൽകുന്ന അവകാശാധിഷ്ഠിത (Rights Based) വികസന സങ്കല്പനം.

iii. താഴെതലങ്ങളിൽ നിന്നുള്ള പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ അപഗ്രഥനം, പുനരാലോചന, നിലവിലുള്ള ദുരവസ്ഥയിൽ നിന്ന് മോചനത്തിനുള്ള പരിശ്രമം എന്നീ പ്രവർത്തനങ്ങളിലൂടെ വികസനാവസ്ഥയെ പട്ടികവർഗ്ഗക്കാർ സ്വയം മനസിലാക്കുക.

iv. സാമൂഹ്യ സുരക്ഷിതത്വം, മാനവ വികസനം, സാമ്പത്തിക വികസനം എന്നീ മേഖലകൾക്ക് അനുയോജ്യമായ പരിപാടികൾ പട്ടികവർഗ്ഗത്തിലെ ഓരോ വിഭാഗത്തിന്റെയും ഓരോ പട്ടികവർഗ്ഗ സങ്കേതത്തിന്റെയും യഥാർത്ഥ സാഹചര്യങ്ങൾക്കനുസൃതമായി സമന്വയിപ്പിക്കുക.

v. കുടുംബത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ആസൂത്രണം നടത്തി പട്ടികവർഗ്ഗ സങ്കേതതലത്തിലും പിന്നീട് പ്രാദേശിക തലത്തിലും അനുയോജ്യമായ രീതിയിൽ ക്രോഡീകരിക്കുക.

vi. പൊതുമരാമത്ത് പണികളുടെ നിർവഹണം ഉൾപ്പെടെ എല്ലാ പരിപാടികളും നടപ്പാക്കുന്നതിൽ പട്ടികവർഗ്ഗ വിഭാഗത്തിന് പൂർണ്ണ പങ്കാളിത്തം. അത് ഉറപ്പാക്കുവാനായി കഴിവും പ്രതിജ്ഞാബദ്ധതയും തെളിയിച്ചിട്ടുള്ള ഗവൺമെന്റിതര ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും സഹായം തേടുക.

vii. പ്രോജക്ടുകളുടെ നിർവ്വഹണത്തോടൊപ്പം സ്വതന്ത്ര ഏജൻസികളുടെ ചുമതയിൽ കൺകറന്റ് മോണിറ്ററിംഗ് (Concurrent Monitoring) നടത്തി പോരായ്മകൾ തൽസമയം തിരുത്തുക.

viii. ചട്ടവിരുദ്ധ പ്രവൃത്തികൾക്ക് (Malfeasance), ഉത്തരവാദികൾ ആരായാലും അവർക്ക് കർശന ശിക്ഷ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

3.2 പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ ശേഖരിക്കുന്നതും അവർക്ക് അന്യമല്ലാത്തതും അവർ വ്യാഖ്യാനിക്കുന്നതും വിശ്വാസയോഗ്യവുമായ സ്ഥിതി വിവര കണക്കുകളുടെ (Database)

അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന ഒരു ദീർഘകാല സമീപനമാണ് വേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാത്രമല്ല, സംസ്ഥാന സർക്കാരിന്റെ കൂടി പദ്ധതി തയ്യാറാക്കുന്നതിനുള്ള ഒരു ആസൂത്രണ പ്രക്രിയയാണ് ആവിഷ്കരിക്കേണ്ടത്.

3.3 ആ രീതിയിൽ ഒരു നടപടിക്രമം രൂപീകരിക്കുന്നതിന് സമയം വേണ്ടിവരുമെന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 2003-2004 ലേയ്ക്ക് സത്വരവും അടിയന്തിരവുമായി മുൻഗണന അർഹിക്കുന്നതും ചുവടെ വിവരിക്കുന്നതുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഒരു വാർഷിക പദ്ധതിയാണ് തയ്യാറാക്കേണ്ടത്.

## 4. വികസന മുൻഗണനാക്രമങ്ങൾ (DEVELOPMENT PRIORITIES)

4.1 പദ്ധതി തയ്യാറാക്കുന്നതിന് ചുവടെയുള്ള മുൻഗണനാക്രമങ്ങൾ അവംലബിക്കേണ്ടതാണ്.

i. പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമിയുടെ (സ്ഥലത്തിന്റെ) പരമാവധി ഉപയോഗം ഉറപ്പുവരുത്തുക. പട്ടികവർഗ്ഗ കർഷകർ തീരുമാനിക്കുന്ന പ്രാദേശികമായി യോജിച്ച വിലകൾ, കഴിയുന്നിടത്തോളം ജൈവകൃഷിയിലൂടെ ചെയ്യുന്നതിന് മുൻഗണന നൽകേണ്ടതാണ്.

ii. വീട് വെയ്ക്കുവാനുള്ള സ്ഥലം പോലും ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഏറ്റവും കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും നൽകി വീടുവയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

iii. കുടുംബശ്രീ മാതൃകയിൽ അയൽകൂട്ടങ്ങളിലൂടെ സൂക്ഷ്മ സംരംഭങ്ങൾ (Micro enterprises) ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

iv. വനിതകൾ, കുട്ടികൾ, വൃദ്ധർ, ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്നവർ (Disabled), അഗതികൾ (Destitutes) മുതലായ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ആ വിഭാഗങ്ങളിലെ ഏറ്റവും പാവപ്പെട്ടവർക്ക് പരിചരണ- സേവനങ്ങളുടെ പാക്കേജ് (Package of Care Services) പ്രദാനം ചെയ്യുക. പ്രസ്തുത സേവനങ്ങളിൽ ഭക്ഷ്യ സുരക്ഷിതത്വം, ആവശ്യമായ അളവിൽ പോഷകാഹാരം, ആരോഗ്യ സംരക്ഷണം എന്നിവ ഉറപ്പാക്കേണ്ടതും പാർപ്പിടം, കുടിവെള്ളം, ശുചിത്വം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതുമാണ്. വൈദ്യുതി വിതരണം കഴിയുന്നിടത്തോളം നിലവിലുള്ള പരിപാടികളുമായി സംയോജിപ്പിച്ചും വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചും ഏർപ്പെടുത്തേണ്ടതാണ്.

v. മാനവ വികസനം വർദ്ധിപ്പിക്കുന്നതിന് നഴ്സറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. പ്രശസ്തമായ വിദ്യാലയങ്ങളിൽ കുട്ടികളെ ചേർത്ത് പഠിപ്പിക്കുക, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക, പരിഹാര ബോധനം നടത്തുക, പരാജയപ്പെടുന്ന വിദ്യാർത്ഥികൾക്ക് പാലക്കാട് ഗിരിവികാസ് മാതൃകയിൽ പുനർ വിദ്യാഭ്യാസം നൽകുക മുതലായ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കാവുന്നതാണ്.

vi. പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിട്ടും നിരന്തരവും ഉപയോഗിക്കുന്ന പൊതു ആസ്തികൾ നല്ല നിലയിൽ പരിപാലിച്ചും സൗകര്യങ്ങൾ വിപുലപ്പെടുത്തിയും അവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുക. അംഗൻവാടികൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ, തൊഴിൽശാലകൾ, പട്ടികവർഗ്ഗ ഉൽപന്നങ്ങളുടെ സംഭരണശാലകൾ മുതലായവ പൊതുആസ്തികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്.

vii. ഊരുക്കൂട്ടങ്ങളുടെയും പട്ടികവർഗ്ഗ വനിതാ അയൽക്കൂട്ടങ്ങളുടെയും ശാക്തീകരണം. സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പരിശ്രമത്തിലൂടെ ആയിരിക്കണം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണം സാദ്ധ്യമാക്കേണ്ടത്.

4.2 നിലവിലുള്ള പരിപാടികൾ ബുദ്ധിപൂർവ്വം സംയോജിപ്പിക്കേണ്ടതാണ്. ഉദാഹരണം: ഭക്ഷ്യ സുരക്ഷിതത്വത്തിന് അന്നപൂർണ്ണ, അന്ത്യോദയ അന്ന യോജന പരിപാടികളും പൂരക പോഷകാഹാരത്തിന് സംയോജിത ശിശു വികസന പരിപാടിയും (Integrated Child Development Scheme – ICDS) പ്രയോജനപ്പെടുത്തേണ്ടതാണ്. തൊഴിൽ രഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് തൊഴിൽ അന്വേഷകരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി അവർക്ക് പഞ്ഞകാലങ്ങളിൽ സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) പ്രകാരം ഒരു വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകേണ്ടതാണ്.

4.3 ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിലെ ഓരോ കുട്ടിയും അംഗൻവാടിയിലോ സ്കൂളിലോ പോകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. വിദ്യാലയങ്ങളിൽ നിന്ന് ഒരു കുട്ടി പോലും കൊഴിഞ്ഞു പോകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതിനായി ആവശ്യമുള്ള പ്രദേശങ്ങളിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ട്രൈബൽ പ്രൊമോട്ടർമാർ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം നിരീക്ഷിച്ച് പരിഹാര ബോധനത്തിന് (Remedial Coaching) നടപടി നിർദ്ദേശിക്കേണ്ടതാണ്. വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി ഒരു വർഷം ഏറ്റവും കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും പരീക്ഷകൾ നടത്തി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവശ്യ നിലവാരത്തിലുള്ള പഠനം (Minimum Level of Learning) നടത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. സർവ്വ ശിക്ഷാ അഭിയാൻ പരിപാടിയുടെ ഭാഗമായി ഒരു സബ് പ്രോജക്ട് തയ്യാറാക്കി പട്ടികവർഗ്ഗ ഉപപദ്ധതിയിലെ വിദ്യാഭ്യാസ ഘടകവുമായി സമുചിതമായി സംയോജിപ്പിക്കേണ്ടതാണ്. പാവപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രശസ്തമായ സ്ഥാപനങ്ങളിലൂടെ മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള 'മെച്ചപ്പെട്ട വിദ്യാഭ്യാസ പരിപാടി' (Better Education Programme) പൂർണ്ണമായും നടപ്പാക്കേണ്ടതാണ്.

## 5. ഫണ്ടിന്റെ മേഖലാ വിഭജനം (SECTORAL ALLOCATION OF FUNDS)

5.1 2003-2004 വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം റോഡ് നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തുവാൻ പാടില്ല. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് മാത്രം ഉപയോഗമുള്ള നടപ്പാലങ്ങൾ (Foot Bridge) നിർമ്മിക്കാവുന്നതാണ്.

5.2 കേരള ഗ്രാമീണ കുടിവെള്ള വിതരണ ശുചിത്വ ഏജൻസി (Kerala Rural Water Supply and Sanitation Agency - KRWSA) മുഖേന ജലനിധി പരിപാടി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം കുടിവെള്ള വിതരണ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതില്ല.

5.3 പശ്ചാത്തല വികസന പരിപാടികൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ 25 ശതമാനത്തിൽ അധികം തുക ചെലവഴിക്കുവാൻ പാടില്ലാത്തതാണ്.

5.4 പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ 50 ശതമാനത്തിൽ കുറയാതെയുള്ള തുക, ഊരുകൂട്ടങ്ങൾ സുതാര്യ മാനദണ്ഡങ്ങളിലൂടെ കണ്ടെത്തുന്ന ദരിദ്രരിൽ ഏറ്റവും ദരിദ്രരായവർക്കുള്ള പരിചരണ-സേവനങ്ങളുടെ പാക്കേജ് (Package of Care Service) പരിപാടിക്ക് വകയിരുത്തേണ്ടതാണ്. ഇത് അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിന് കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള 'ആശ്രയ' പരിപടിയുടെ മാതൃകയിൽ ആയിരിക്കണം.

5.5 അട്ടപ്പാടി പ്രദേശത്ത്, അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (AHADS) നടപ്പിലാക്കാത്ത വികസന പരിപാടികൾ മാത്രമെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ പാടുള്ളൂ. ഊരുക്കൂട്ടതലം മുതൽ തന്നെ അവയുടെ സംയോജന ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 6. ആസൂത്രണ പ്രക്രിയ (PLANNING PROCESS)

ഘട്ടം 1: വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം (Constitution of the Working Group)

6.1 പട്ടികവർഗ്ഗ ഉപപദ്ധതിക്ക് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിലെ എല്ലാ പട്ടികവർഗ്ഗ ജനപ്രതിനിധികളും പട്ടികവർഗ്ഗ വികസനത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷനും, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, സാമൂഹ്യക്ഷേമം, പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം മുതലായ വകുപ്പുകളിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥരും (Seniormost Officers) എഞ്ചിനീയറും വർക്കിംഗ് ഗ്രൂപ്പിൽ അംഗങ്ങൾ ആകേണ്ടതാണ്. ഇവർക്ക് പുറമെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ എല്ലാ പട്ടികവർഗ്ഗ മെമ്പർമാരെയും അംഗങ്ങളാക്കേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ ആയിരിക്കണം. ഇപ്രകാരം ഒരു ഉദ്യോഗസ്ഥനെ ലഭിക്കുന്നില്ലായെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിക്കുള്ളിൽ പട്ടികവർഗ്ഗ വികസന മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഗവൺനെന്റിതര ഏജൻസികളുടെയും (Non-Governmental Organisation) എല്ലാ പട്ടികവർഗ്ഗ ഗവൺമെന്റിതര എജൻസികളുടെയും പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ട്രൈബൽ പ്രൊമോട്ടർമാരെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാക്കേണ്ടതാണ്. എന്നാൽ ട്രൈബൽ പ്രൊമോട്ടർമാരുടെ അംഗസംഖ്യ ഏറ്റവും കൂടിയത് ആറ് എന്ന് പരിമിതപ്പെടുത്തേണ്ടതും അവരിൽ മൂന്ന് പേർ വനിതകൾ ആയിരിക്കേണ്ടതുമാണ്.

6.2 പട്ടികവർഗ്ഗ ജനസംഖ്യ 250 ൽ കൂടുതലുള്ള വാർഡുകളുടെ ചുമതല ഒരു വർക്കിംഗ് ഗ്രൂപ്പ് മെമ്പർക്ക് നൽകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ ചുവടെ നൽകുന്നു:-

i. പട്ടികവർഗ്ഗ സങ്കേതത്തെ സംബന്ധിച്ചുള്ള വിവരശേഖരം (Database) പുതുക്കി തയ്യാറാക്കുക.

ii. ഒൻപതാം പഞ്ചവത്സര പദ്ധതിയിലും പത്താം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷവും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് വിലയിരുത്തൽ നടത്തുക (Stocktaking).

iii. ദാരിദ്ര്യത്തിന്റെ തോതും ഏറ്റക്കുറച്ചിലും പ്രത്യേകിച്ച് അവകാശ നിഷേധത്തിന്റെ രൂക്ഷതയും കണ്ടെത്തുക.

iv. പട്ടികവർഗ്ഗ സമൂഹത്തിന് നേരിട്ട് പ്രയോജനപ്പെടുന്ന പശ്ചാത്തല സൗകര്യങ്ങളുടെ കുറവ് (gap) കണ്ടെത്തുക.

6.3 ഈ പ്രക്രിയയിൽ ട്രൈബൽ പ്രൊമോട്ടർമാർ, ഊരുമൂപ്പന്മാർ, ഊരുക്കൂട്ടങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി വർക്കിംഗ് ഗ്രൂപ്പ് മെമ്പർമാർ വളരെ അടുത്ത ബന്ധം പുലർത്തി ആശയവിനിമയം നടത്തേണ്ടതാണ്. ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതികൾ സ്ഥലപരിശോധനയും നടത്തേണ്ടതാണ്. ഊരുക്കൂട്ടങ്ങൾ നിശ്ചയിക്കുന്ന മുൻഗണന അടിസ്ഥാനമാക്കിയായിരിക്കണം വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്.

ഘട്ടം 2: പരിശീലനം (Training & Sensitisation)

6.4 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പ് മെമ്പർമാർ, ട്രൈബൽ പ്രൊമോട്ടർമാർ, അഹാഡ്സ് വോളണ്ടിയർമാർ, പട്ടികവർഗ്ഗ സംഘടനകളുടെയും നെഹ്റു യുവകേന്ദ്രയുടെ കീഴിലുള്ള പട്ടികവർഗ്ഗ യുവജന ക്ലബ്ബുകളുടെയും പ്രതിനിധികൾ, പട്ടികവർഗ്ഗ വികസനത്തിൽ ഏർപ്പെട്ടിട്ടുള്ള ഗവർൺമെന്റിതര ഏജൻസികളുടെ പ്രതിനിധികൾ, പട്ടികവർഗ്ഗ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികളുടെ (Community Development Societies) പ്രതിനിധികൾ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് പട്ടികവർഗ്ഗ ഉപപദ്ധതി ആസൂത്രണത്തിൽ പരിശീലനം സംഘടിപ്പിക്കാവുന്നതാണ്.

ഘട്ടം 3: പശ്ചാത്തലം ഒരുക്കൽ (Environment Creation)

6.5 പരിശീലനം ലഭിക്കുന്നവർ, പ്രത്യേകിച്ച് ട്രൈബൽ പ്രൊമോട്ടർമാർ, ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും ഊരുക്കൂട്ടങ്ങളുടെയും കുടുംബശ്രീ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെയും പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഈ യോഗങ്ങളിൽ ആസൂത്രണ നടപടിക്രമങ്ങൾ പ്രാദേശിക ഭാഷയിൽ വിശദീകരിച്ച് മനസ്സിലാക്കി കൊടുക്കുകയും, ഊരുക്കൂട്ടങ്ങളോട് അവർ ചെറിയ ആലോചനാ യോഗങ്ങൾ നടത്തി വികസന പ്രോജക്ടുകൾ നിർദ്ദേശിക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്. പദ്ധതി രൂപീകരണ മാർഗ്ഗരേഖ ലളിതമായ ഭാഷയിൽ എഴുതി വിതരണം ചെയ്യണം.

ഘട്ടം 4: വികസനാവസ്ഥയുടെ അപഗ്രഥനം (Situation Analysis)

6.6 പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വെ നടത്തി ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഊരുക്കൂട്ടം അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ട്രൈബൽ പ്രൊമോട്ടർമാർക്ക് നൽകേണ്ടതും അവർ അത് ഓരോ സങ്കേതത്തിലെയും ഊരുക്കൂട്ടങ്ങളിലും കുടുംബശ്രീ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിലും അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.

ഘട്ടം 5: ഊരുക്കൂട്ട യോഗം (Oorukoottam Meeting)

6.7 ഊരുക്കൂട്ടയോഗത്തിന്റെ തീയതി വളരെ നേരത്തെ നിശ്ചയിച്ച് അതു സംബന്ധിച്ച് അറിയിപ്പ് നൽകേണ്ടതും യഥാസമയം യോഗം ചേരേണ്ടതുമാണ്. ആസൂത്രണ തയ്യാറെടുപ്പിനുള്ള പശ്ചാത്തലം ഒരുക്കുന്ന ഘട്ടത്തിൽ തന്നെ ഊരുക്കൂട്ട യോഗത്തിന്റെ തീയതി നിശ്ചയിക്കാവുന്നതാണ്. ഊരുക്കൂട്ടയോഗങ്ങളിൽ ഏറ്റവും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതി ആസൂത്രണ പരിശീലനം ലഭിച്ച എല്ലാവരുടെയും, പ്രത്യേകിച്ച് ട്രൈബൽ പ്രൊമോട്ടർമാരുടെ, സേവനം ഉപയോഗിക്കേണ്ടതാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, കൃഷി ഡെമോൺട്രേറ്റർമാർ, ഹെൽത്ത് വർക്കർമാർ, അംഗൻവാടി വർക്കർമാർ, സ്കൂൾ അദ്ധ്യാപകർ മുതലായവർക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേകം ചുമതല നൽകി അവർ ഊരുക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സാഹചര്യം ഒരുക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ രണ്ട് ട്രൈബൽ പ്രൊമോട്ടർമാർ വീതമുള്ള ഗ്രൂപ്പുകൾ രൂപീകരിച്ച് ഓരോ ഗ്രൂപ്പും നിശ്ചിത സങ്കേതങ്ങളിലെ ഊരുക്കൂട്ടയോഗങ്ങളിൽ നിശ്ചയമായും പങ്കെടുക്കണമെന്ന നിർദ്ദേശം നൽകേണ്ടതാണ്.

6.8 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഊരുക്കൂട്ടയോഗങ്ങളിൽ പങ്കെടുക്കേണ്ടതാണ്. പഞ്ചായത്ത് - പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ സാധ്യമായിടത്തോളം ഊരുക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

6.9 ഊരുക്കൂട്ടയോഗത്തിന്റെ ക്വാറം ഊരിലെ പ്രായപൂർത്തിയാവരുടെ 50 ശതമാനം ആയിരിക്കും. ഊരുക്കൂട്ടയോഗത്തിൽ പങ്കെടുക്കുന്നവരിൽ 50 ശതമാനമെങ്കിലും വനിതകളായിരിക്കണം. ട്രൈബൽ പ്രൊമോട്ടർമാർ ഊരുക്കൂട്ട യോഗത്തിൽ പങ്കെടുക്കുന്നവരുടെ ഹാജർ രേഖപ്പെടുത്തി ഓരോരുത്തരുടെയും പേരിന് നേർക്ക് കയ്യൊപ്പ്/വിരലടയാളം രേഖപ്പെടുത്തി വാങ്ങേണ്ടതാണ്

6.10 ഊരുക്കൂട്ട യോഗങ്ങൾക്ക് ചിട്ടയായ ഒരു കാര്യപരിപാടി ഉണ്ടായിരിക്കണം. ഊരുക്കൂട്ട യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവരും ഉൾക്കൊള്ളുന്ന പ്ലീനറി സെഷനിൽ ആ വാർഡിനെ പ്രതിനിധീകരിക്കുന്ന ഗ്രാമപഞ്ചായത്ത് മെമ്പർ/മുനിസിപ്പൽ കൗൺസിലർ യോഗത്തിന്റെ ഉദ്ദേശ്യവും ആസൂത്രണ നടപടി ക്രമങ്ങളും വിശദീകരിക്കുന്ന നോട്ടീസ് വായിപ്പിച്ച് കേൾപ്പിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ അഭാവത്തിൽ ട്രൈബൽ പ്രൊമോട്ടർമാർ ഈ ചുമതല നിർവ്വഹിക്കേണ്ടതാണ്. ഊരുക്കൂട്ടയോഗങ്ങളിലെ പങ്കാളിത്തം 25-ൽ കൂടുതലാണെങ്കിൽ 10 പേരിൽ കുറയാത്ത ഗ്രൂപ്പുകൾ രൂപീകരിച്ച് ഗ്രൂപ്പ് ചർച്ച കൂടുതൽ സജീവമാക്കേണ്ടതാണ്. ഊരുക്കൂട്ടയോഗങ്ങളിലെ ചർച്ച ബന്ധപ്പെട്ട സങ്കേതത്തിന്റെ അടിസ്ഥാന വിവരങ്ങളെ (Data) ആസ്പദമാക്കി നയിക്കുന്നതിന് ട്രൈബൽ

പ്രൊമോട്ടർമാർ ഫെസിലിറ്റേറ്റർ (Facilitator) മാരായി പ്രവർത്തിക്കേണ്ടതാണ്. ഇതിനാവശ്യമായ പരിശീലനം അവർക്ക് നൽകുന്നതാണ്.

6.11 ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം പ്ലീനറി സെഷൻ വീണ്ടും കൂടേണ്ടതാണ്. ഗ്രൂപ്പുകൾ നിർദ്ദേശിച്ചിട്ടുള്ള വികസന ആവശ്യങ്ങൾ പ്ലീനറി സെഷനിൽ അവതരിപ്പിച്ച് പങ്കാളിത്ത രീതിയിലൂടെ മുൻഗണന നിശ്ചയിക്കേണ്ടതാണ്. മുൻഗണന നിശ്ചയിച്ച് ക്രമപ്പെടുത്തിയ നിർദ്ദേശങ്ങൾ രേഖപ്പെടുത്തേണ്ടതും ഉറക്കെ വായിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. നിർദ്ദേശങ്ങളുടെ പകർപ്പ് എടുക്കേണ്ടതും ഏറ്റവും കുറഞ്ഞത് രണ്ട് പകർപ്പെങ്കിലും ഓരോ സങ്കേതത്തിനും നൽകേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് ഓരോ ഊരുക്കൂട്ടവും രണ്ട് പ്രതിനിധികളെ വീതം കണ്ടെത്തേണ്ടതാണ്. ഇവരിൽ ഒരു വനിതയും ഒരു പുരുഷനും ഉണ്ടായിരിക്കണം. എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ നറുക്കെടുപ്പിലൂടെ സുതാര്യമായാണ് ഇവരെ കണ്ടെത്തേണ്ടത്. ഇതിനു പുറമെ, ഊരുമൂപ്പൻ നിർബന്ധമായും പ്രതിനിധിയായിരിക്കുന്നതാണ്.

6.12 ഊരുക്കൂട്ടയോഗങ്ങൾ വിജയകരമായി സംഘടിപ്പിക്കുന്നതിന് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ട്രൈബൽ പ്രൊമോട്ടർമാർക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നൽകേണ്ടതാണ്.

ഘട്ടം 6: കരട് പദ്ധതി രൂപീകരണം (Draft Plan Formulation)

6.13 ഇരുപത്തിയഞ്ച് ഊരുകളിൽ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകളിൽ അടുത്തടുത്ത വാർഡുകളിലെ 25-ഓളം ഊരുകളുടെ സംയുക്തയോഗങ്ങൾ ഉപപഞ്ചായത്ത് തലത്തിൽ ചേരേണ്ടതാണ്. ഓരോ ഊരുക്കൂട്ടത്തിന്റെയും മൂന്ന് പ്രതിനിധികൾ വീതം (രണ്ട് പ്രതിനിധികളും, ഊരുമൂപ്പനും) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വാർഡിലെ മെമ്പർ, ആ പ്രദേശത്തെ ട്രൈബൽ പ്രൊമോട്ടർമാർ, വർക്കിംഗ് ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കുന്ന അംഗങ്ങൾ മുതലായവരാണ് സംയുക്ത യോഗത്തിൽ പങ്കെടുക്കേണ്ടത്. സംയുക്ത യോഗത്തിൽ ഊരുക്കൂട്ടങ്ങൾ മുൻഗണന നിശ്ചയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഊരുക്കൂട്ട പ്രതിനിധികൾ എഴുതി സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്.

6.14 പ്രസ്തുത യോഗത്തിൽ വിവിധ ഊരുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. ഊര്ക്കൂട്ടയോഗങ്ങൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പങ്കാളിത്ത ആസൂത്രണ നടപടിക്രമങ്ങൾ തന്നെയാണ് സംയുക്ത യോഗത്തിനും അവലംബിക്കേണ്ടത്. മുൻഗണന നിശ്ചയിക്കുന്നതിന് മുൻപ് മുൻഗണനാ മാനദണ്ഡങ്ങൾ ചർച്ചയിലൂടെ തീരുമാനിക്കേണ്ടതാണ്. ആ മാനദണ്ഡങ്ങൾ പ്രകാരം ഓരോ നിർദ്ദേശവും മുൻഗണനപ്പെടുത്തേണ്ടതാണ്.

6.15 ഉപ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്ന പദ്ധതി രൂപീകരണ യോഗങ്ങളിൽ നിന്നും ഒരു ഊരിനെ പ്രതിനിധീകരിച്ച് ഒന്നിൽ കൂടുതൽ പ്രതിനിധികൾ ഉണ്ടാകാത്ത വിധം 10 വനിതകളും 10 പുരുഷന്മാരും അടങ്ങുന്ന 20 ൽ കുറയാതെയുള്ള പ്രതിനിധികളെ നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഗ്രാമപഞ്ചായത്തുതല യോഗങ്ങളിലേക്ക് അയയ്ക്കേണ്ടതാണ്. ഈ പ്രതിനിധികൾ ഗ്രാമപഞ്ചായത്തുതല പദ്ധതി രൂപീകരണ യോഗം ചേരേണ്ടതും ആ യോഗത്തിൽ എല്ലാ ഗ്രാമപഞ്ചായത്ത് മെമ്പർമാരും പങ്കെടുക്കേണ്ടതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേണ്ടതു

മാണ്. ഒരു ഗ്രാമപഞ്ചായത്തിലെ ഊരുകൾ 25-ഓ അതിൽ കുറവോ ആണെങ്കിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ മാത്രം യോഗം കൂടിയാൽ മതിയാകും. ഈ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ മുൻപ് വിശദീകരിച്ചിട്ടുള്ള പങ്കാളിത്ത ആസൂത്രണ നടപടി ക്രമങ്ങൾ പാലിച്ച് വ്യക്തമായ ഒരു ആക്ഷൻ പ്ലാൻ ആവിഷ്ക്കരിക്കേണ്ടതാണ്.

6.16 ഗ്രാമപഞ്ചായത്ത്തലത്തിൽ നടക്കുന്ന പദ്ധതി രൂപീകരണ യോഗങ്ങളിലേക്ക് ജില്ലാ ആസൂത്രണ സമിതി ഔദ്യോഗിക, അനൗദ്യോഗിക പ്രതിനിധികളെ അയയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും ജില്ലാ പഞ്ചായത്ത് മെമ്പർമാരും നിരീക്ഷകരായി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

6.17 ഗ്രാമപഞ്ചായത്തുതല പദ്ധതി രൂപീകരണ യോഗത്തിൽ താഴെപറയുന്ന നാല് വിഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ട പരിപാടികൾ (Categories of Schemes) കണ്ടെത്തേണ്ടതും ഓരോ വിഭാഗത്തിലെയും പരിപാടികൾക്ക് പ്രത്യേകം മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതുമാണ്.

i. ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ട പരിപാടികൾ.

ii. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ട പരിപാടികൾ

iii. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ട പരിപാടികൾ

iv. പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കേണ്ട പരിപാടികൾ. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ഏറ്റെടുക്കുന്നതിന് അനുവാദം നൽകിയിട്ടില്ലാത്ത മേഖലകളിലെ പരിപാടികളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ഉയർന്ന തലങ്ങളിലേക്കുള്ള പരിപാടികളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താണ് നൽകേണ്ടത്.

6.18 പ്രാദേശിക തലത്തിൽ നടപ്പാക്കാൻ കഴിയാത്ത പരിപാടികൾ മാത്രമെ ഉയർന്നതലങ്ങളിലേയ്ക്ക് നിർദ്ദേശിക്കുവാൻ പാടുള്ളൂ.

6.19 ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇത്തരം പരിപാടികൾ നേരിട്ട് നടപ്പിലാക്കാമെങ്കിലും ഗ്രാമപഞ്ചായത്തുകൾ മുഖേന നിർവ്വഹണം നടത്തുന്നതിന് മുൻഗണന നൽകേണ്ടതാണ്.

6.20 മുനിസിപ്പാലിറ്റികൾ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശിച്ചിട്ടുള്ള അതേ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഘട്ടം 7: പ്രോജക്ടുകൾ തയ്യാറാക്കുക (Projectisation)

6.21 ഗ്രാമപഞ്ചായത്തുതല പദ്ധതി രൂപീകരണയോഗത്തിൽ അവസാന രൂപം നൽകുന്ന പരിപാടികൾ ഗ്രാമ, ബ്ലോക്ക്, ജില്ലാതലത്തിലെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ അനുയോജ്യമായ പ്രോജ

ക്ടുകളായി എഴുതി തയ്യാറാക്കേണ്ടതാണ്. ഓരോ പരിപാടിക്കും PERT (Project Evaluation and Review Technique) Chart നൽകണം. വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ ഉദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകളിൽ അർഹതാ മാനദണ്ഡങ്ങളും അർഹരായ അപേക്ഷകർ തമ്മിലുള്ള മുൻഗണനാമാനദണ്ഡങ്ങളും വ്യക്തമാക്കേണ്ടതാണ്. ആകെ 100 മാർക്ക് എന്നതിനു വിധേയമായി മുൻഗണനാമാനദണ്ഡങ്ങളിലെ ഓരോ ഇനത്തിനും പ്രത്യേകം മാർക്ക് നിശ്ചയിക്കേണ്ടതാണ്.

6.22 6.6.2002 ലെ ജി.ഒ (എം.എസ്) 20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന സബ്സിഡി മാനദണ്ഡങ്ങൾ കാലാകാലങ്ങളിലെ ഭേദഗതികൾക്കനുസൃതമായി പട്ടികവർഗ്ഗ ഉപപദ്ധതിക്കും ബാധമാക്കുന്നതാണ്. അതുപോലെ തന്നെ പ്രസ്തുത ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് ചില ഇനങ്ങൾക്ക് സബ്സിഡി നൽകുന്നതിൽ ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പട്ടികവർഗ്ഗ ഉപപദ്ധതിക്കും ബാധകമാണ്.

ഘട്ടം 8: തദ്ദേശഭരണ സ്ഥാപനങ്ങൾ കരട് പദ്ധതിക്ക് അന്തിമ രൂപം നൽകൽ (Draft Plan Finalisation by Local Governments)

6.23 ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അവയുടെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന് അനുസൃതമായി ഗ്രാമപഞ്ചായത്തുതല പദ്ധതി രൂപീകരണ യോഗങ്ങളിൽ നിശ്ചയിച്ചിട്ടുള്ള മുൻഗണനാക്രമം പാലിച്ച് കരട് പട്ടികവർഗ്ഗ ഉപപദ്ധതിക്ക് രൂപം നൽകേണ്ടതാണ്. ഊരുക്കൂട്ട യോഗത്തിന്റെയോ ഊരുക്കൂട്ടങ്ങളുടെ സംയുക്ത യോഗത്തിന്റെയോ മുൻകൂർ അനുവാദമില്ലാതെ പദ്ധതി രൂപീകരണ യോഗങ്ങളിൽ നിശ്ചയിച്ചിട്ടുള്ള മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുവാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പട്ടികവർഗ്ഗ ഉപപദ്ധതി, പദ്ധതി രൂപീകരണ യോഗത്തിൽ അന്തിമരൂപം നൽകിയതു പ്രകാരം തന്നെ ആയിരിക്കണം.

ഘട്ടം 9: വികസന സെമിനാർ (Development Seminar)

6.24 ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പട്ടികവർഗ്ഗ ഉപപദ്ധതികൾ ചർച്ച ചെയ്യുന്നതിന് ഒരു വികസന സെമിനാർ ജില്ലാ ആസൂത്രണ സമിതി സംഘടിപ്പിക്കേണ്ടതാണ്. വികസന സെമിനാറിലേയ്ക്ക് ചുവടെയുള്ള വിഭാഗത്തിൽപ്പെട്ടവരെ ക്ഷണിക്കേണ്ടതാണ്:

i. ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ.

ii. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ.

iii. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തല പദ്ധതി രൂപീകരണ ഗ്രൂപ്പിന്റെ മൂന്ന് പ്രതിനിധികൾ വീതം

iv. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ പട്ടികവർഗ്ഗ മെമ്പർമാരും

v. പട്ടികവർഗ്ഗ ഉപപദ്ധതി വർക്കിംഗ് ഗ്രൂപ്പുകളിലെ പ്രധാന മെമ്പർമാർ (Key Members).

vi. പട്ടികവർഗ്ഗ വികസന വകുപ്പിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പദവിയിൽ കുറ യാത്ത ഉദ്യോഗസ്ഥർ.

vii. പ്രത്യേകം തെരഞ്ഞെടുത്ത ഗവൺമെന്റിതര ഏജൻസികളുടെ (Selected NGOs) പ്രതിനിധി കൾ.

viii. പട്ടികവർഗ്ഗ വികസനത്തിൽ വൈദഗ്ദ്ധ്യമുള്ളവരിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുത്ത വ്യക്തി കൾ

6.25 പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭ്യമായിട്ടുള്ള എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവയുടെ പദ്ധതി നിർദ്ദേശങ്ങൾ വികസന സെമിനാറിലെ ചർച്ചയ്ക്ക് അവതരിപ്പിക്കേണ്ടതാണ്. വികസന സെമിനാറിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്. വികസന സെമിനാർ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കുകയാണെങ്കിൽ ഗ്രാമപഞ്ചായത്തുതല പദ്ധതി രൂപീകരണ യോഗം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുവാൻ പാടില്ലാത്തതാണ്.

6.26 ഊരുക്കൂട്ട യോഗത്തിന്റെയോ ഊരുക്കൂട്ടങ്ങളുടെ സംയുക്ത യോഗത്തിന്റെയോ മുൻകൂർ അനുവാദമില്ലാതെ ഗ്രാമപഞ്ചായത്തുതലത്തിലെ പദ്ധതി രൂപീകരണ യോഗം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുവാൻ പാടില്ലാത്തതാണ്.

ഘട്ടം 10: തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിക്ക് അന്തിമരൂപം നൽകൽ (Plan Finalisation by Local Governments)

6.27 തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് ഔപചാരിക അംഗീകാരം നൽകിയതിനുശേഷം പരിശോധനയ്ക്കായി പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിക്ക് നേരിട്ട് നൽകേണ്ടതാണ്. ഊരുക്കൂട്ടയോഗമോ ഊരുക്കൂട്ടങ്ങളുടെ സംയുക്ത യോഗമോ അംഗീകരിച്ച ഭേദഗതികൾ മാത്രമെ പട്ടികവർഗ്ഗ ഉപപദ്ധതി ഉൾപ്പെടുത്തുവാൻ പാടുള്ളൂ. ചുവടെ പ്രതിപാദിക്കുന്ന അദ്ധ്യായങ്ങൾ പദ്ധതി രേഖയിൽ ഉണ്ടായിരിക്കേണ്ടതാണ്:

i. പട്ടികവർഗ്ഗ വികസന സ്ഥിതിവിശേഷം (Development Scenario).

ii. ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ പട്ടികവർഗ്ഗ വികസനത്തിന് നടത്തിയ പ്രവർത്തനങ്ങൾ

iii. വിജയ - പരാജയങ്ങൾ

iv. ഭൗതീക - സാമ്പത്തിക നേട്ടങ്ങൾ

v. ജില്ലാ പദ്ധതിയിൽ കണ്ടെത്തിയിട്ടുള്ള ഊന്നൽ നൽകേണ്ട മേഖലകൾ (thrust areas)

vi. പരിപാടികളുടെ വിവരണം മേഖല തിരിച്ച്; ഓരോ വികസന മേഖലയിലെയും നിലവിലുള്ള സ്ഥിതി (Existing Scenario), ഉദ്ദേശിക്കുന്ന വളർച്ച (Intended Scenario), ഇവ തമ്മി

ലുള്ള വിടവ് നികത്തുന്നതിനുള്ള ഘട്ടംഘട്ടമായ പ്രവർത്തനങ്ങൾ, ഓരോ ഘട്ടത്തിലും ലക്ഷ്യമിടുന്ന വളർച്ച മുതലായവ.

vii. വായ്പാ ബന്ധങ്ങൾ (Credit Linkages)

viii. സംയോജന ശ്രമങ്ങളും ഉയർന്ന തലങ്ങളിലേയ്ക്കുള്ള നിർദ്ദേശങ്ങളും

ix. മോണിറ്ററിംഗ് ക്രമീകരണങ്ങൾ

ഘട്ടം 11: പദ്ധതി പരിശോധന (Vetting of Plans)

6.28 വികസന മേഖല കണക്കിലെടുക്കാതെ എല്ലാ പട്ടികവർഗ്ഗ ഉപപദ്ധതി പ്രോജക്ടുകളും പരിശോധിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ ഒരു പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി (Special Technical Advisory Committee) രൂപീകരിക്കേണ്ടതാണ്. ഗവൺമെന്റ് വകുപ്പുകൾ, അക്കാദമിക്ക് സ്ഥാപനങ്ങൾ, ഗവൺമെന്റിതര ഏജൻസികൾ എന്നിവയിലെ വിദഗ്ധർ പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മറ്റിയിൽ ഉണ്ടായിരിക്കണം. പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള (സംസ്ഥാന പദ്ധതികൾ) ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ഇപ്പോൾ നിലവിലുള്ള എല്ലാ അംഗങ്ങളും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗങ്ങളായിരിക്കും. ജില്ലാ പ്ലാനിംഗ് ഓഫീസർ പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ കൺവീനറായിരിക്കുന്നതാണ്. വ്യത്യസ്ത വികസന മേഖലകളിലെ പ്രോജക്ടുകളുടെ വിശദമായ അപഗ്രഥനത്തിന് ആവശ്യമായ ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്. എന്നാൽ പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ പൂർണ്ണ യോഗമായിരിക്കണം ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി പരിഗണിച്ച് ശുപാർശ ചെയ്യേണ്ടത്. പശ്ചാത്തല മേഖലയിലെ എല്ലാ പ്രോജക്ടുകൾക്കും സാമൂഹ്യ ഭൂപടം (Social Map) ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. ഏതെങ്കിലും പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ അഭിപ്രായത്തിന് അയയ്ക്കാവുന്നതാണ്. അത് സംബന്ധിച്ച പ്രതികരണം അറിയിക്കുന്നതിന് മുൻപ്, തദ്ദേശഭരണ സ്ഥാപനത്തിന് ആവശ്യമാണെന്നുണ്ടെങ്കിൽ ഊരുക്കൂട്ടങ്ങളുടെ സംയുക്ത യോഗത്തിൽ ചർച്ച ചെയ്യാവുന്നതാണ്.

ഘട്ടം 12: ജില്ലാ ആസൂത്രണ സമിതി അംഗീകാരം (Approval by District Planning Committee)

6.29 പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി പരിശോധിച്ച് സമർപ്പിക്കുന്ന പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി ഔപചാരികമായി അംഗീകരിക്കേണ്ടതാണ്.

ഘട്ടം 13: പദ്ധതി പ്രചാരണം (Plan Publicity)

6.30 ഊരുക്കൂട്ടതലത്തിൽ ഒരു പദ്ധതി പ്രചാരണ യോഗം നടത്തേണ്ടതാണ്. ആ യോഗത്തിൽ പ്രസ്തുത ഊരിലേക്കും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശത്തേക്കും ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകരിക്കപ്പെട്ടിട്ടുള്ള എല്ലാ പദ്ധതികളുടെയും വിശദവിവരങ്ങൾ അംഗങ്ങളെ അറിയിക്കേണ്ടതാണ്. ഈ യോഗത്തിൽ എല്ലാ

പട്ടികവർഗ്ഗ ഗവൺമെന്റിതര ഏജൻസികളുടെയും പട്ടികവർഗ്ഗ യുവജന ക്ലബ്ബുകളുടെയും പ്രതിനിധികളും ട്രൈബൽ പ്രൊമോട്ടർമാരും പങ്കെടുക്കേണ്ടതാണ്. ഈ യോഗങ്ങളിലേയ്ക്കുള്ള വിശദവിവരങ്ങൾ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്.

6.31 ഓരോ പ്രോജക്ടിനെ സംബന്ധിച്ചും വകയിരുത്തിയിട്ടുള്ള വിഹിതം, നിർവ്വഹണ രീതി, പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ മുതലായ കാര്യങ്ങൾ വ്യക്തമയി വിശദീകരിക്കേണ്ടതാണ്. പ്രോജക്ടുകളുടെ സംഗ്രഹം പ്രാദേശിക ഭാഷയിൽ എഴുതി തയ്യാറാക്കി ഓരോ ഊരുക്കൂട്ടത്തിനും നൽകേണ്ടതാണ്.

ഘട്ടം 14: പദ്ധതി നിർവ്വഹണം (Plan Implementation)

6.32 പട്ടികവർഗ്ഗ വികസനത്തിന് വിനാശകരമായ പങ്ക് വഹിച്ചിട്ടുള്ളവരാണ് ബിനാമി കരാറുകാർ (Benami Contractors). പട്ടികവർഗ്ഗ വികസന പ്രോജക്ടുകളുടെ നിർവഹണത്തിൽ നിന്ന് അവരെ ഒഴിവാക്കുന്നതിന് ചുവടെയുള്ള നടപടിക്രമം പാലിക്കേണ്ടതാണ്:-

i. ഭവന നിർമ്മാണം, വീട് അറ്റകുറ്റപ്പണി, കെട്ടിടങ്ങളുടെ നിർമ്മാണം, കുടിവെള്ള വിതരണ സംവിധാനം സ്ഥാപിക്കൽ, ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കൽ മുതലായവ ഗവൺമെന്റ് അംഗീകൃത ഏജൻസികൾ (Approved Agencies) മുഖേന ആയിരിക്കണം. പ്രസ്തുത ഏജൻസികൾ അതത് പ്രദേശത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നിർമ്മാണ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി അവരുടെ ഗ്രൂപ്പുകളെ തന്നെ നിർമ്മാണ ചുമതല ഏൽപിക്കേണ്ടതാണ്. ഇതിനുവേണ്ട പരിശീലനവും പരിപാടികളുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.

ii. പുരുഷന്മാർക്ക് നിർദ്ദേശിക്കുന്നതുൾപ്പെടെയുള്ള എല്ലാ സ്വയം തൊഴിൽ പരിപാടികളും പട്ടികവർഗ്ഗ അയൽക്കൂട്ട ശൃംഖല മുഖേന നടപ്പാക്കേണ്ടതാണ്.

iii. പട്ടികവർഗ്ഗ വിഭാഗത്തിലെ ദരിദ്രർക്ക് വേണ്ടിയുള്ള എല്ലാ സംയോജിത പരിപാടികളും പട്ടികവർഗ്ഗ അയൽക്കൂട്ട ശൃംഖല മുഖേന കടുംബശ്രീ ജില്ലാ മിഷന്റെ സാങ്കേതി സഹായത്തോടെ നടപ്പാക്കേണ്ടതാണ്.

iv. കാർഷിക വികസനത്തിനുള്ള എല്ലാ പരിപാടികളും കർഷകരുടെ സ്വയം സഹായ ഗ്രൂപ്പുകളോ പട്ടികവർഗ്ഗ വനിതാ അയൽക്കൂട്ടങ്ങളോ മുഖേന നടപ്പിലാക്കേണ്ടതും അവർക്ക് അതിനാവശ്യമായ പരിശീലനം നൽകേണ്ടതുമാണ്.

6.33 ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റികളാണ് പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകേണ്ടത്

അട്ടപ്പാടി പ്രദേശത്തിനുള്ള പ്രത്യേക വ്യവസ്ഥകൾ (SPECIAL PROVISIONS FOR ATTADDPADY)

6.34 അട്ടപ്പാടി സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് (Attapady Integrated Tribal Development Project) പ്രദേശത്ത് പട്ടികവർഗ്ഗ വോളണ്ടിയർമാർ, ഊരുവികസന സമിതികൾ (Ooruvokasana

Samithies), തായ്കുല സംഘങ്ങൾ (Thaikula Sangoms) എന്നിവയെ എല്ലാ ഘട്ടങ്ങളിലും ഗ്രാമപഞ്ചായത്തുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. ഊരുവികസന സമിതിയിലെ മുതിർന്ന പ്രവർത്തകരായ ഓരോ പുരുഷ, വനിതാ പ്രതിനിധികളെ ഉപപഞ്ചായത്ത്/പഞ്ചായത്ത്തല പദ്ധതി രൂപീകരണ ഗ്രൂപ്പിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്.

6.35 പദ്ധതി രൂപീകരണത്തിന് ശേഷം അഹാഡ്സുമായി കൂടിയാലോചിച്ച് അവർ നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. അവ ഒഴികെയുള്ള പരിപാടികൾ മാത്രമെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുള്ളൂ.

പട്ടികവർഗ്ഗക്കാർ അങ്ങിങ്ങായി ചിതറി താമസിക്കുന്നതും പട്ടികവർഗ്ഗ ജനസംഖ്യ കുറവുള്ളതുമായ പഞ്ചായത്തുകൾക്ക് പ്രത്യേക വ്യവസ്ഥകൾ (SPECIAL PROVISIONS FOR SCATTRED POPULATION OR LOW TRIBAL POPULATION)

6.36 അങ്ങിങ്ങായി ചിതറികിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ ഏറ്റവും അടുത്ത ഊരുക്കൂട്ടയോഗത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. പട്ടികവർഗ്ഗ ജനസംഖ്യ കുറവും അവർ അങ്ങിങ്ങായി താമസിക്കുന്നതുമായ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അനുയോജ്യമായ എണ്ണം കുടുംബങ്ങളെ പങ്കെടുപ്പിച്ചുക്കൊണ്ട് ഗ്രൂപ്പ് യോഗങ്ങൾ ചേരാവുന്നതാണ്. (തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന പ്രകാരം ഒരു ഗ്രൂപ്പിൽ 25 മുതൽ 75 വരെ കുടുംബങ്ങൾ ആകാവുന്നതാണ്.) ഇത്തരം ഗ്രൂപ്പ് യോഗങ്ങൾ ഊരുക്കൂട്ടയോഗങ്ങളായി കരുതാവുന്നതാണ്. നൂറോ അതിൽ കുറവോ പട്ടികവർഗ്ഗ കുടുംബങ്ങളുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ എല്ലാ കുടുംബങ്ങളും പങ്കെടുക്കുന്ന സംയുക്ത യോഗങ്ങൾ ഊരുക്കൂട്ടമായും പദ്ധതി രൂപീകരണ ഗ്രൂപ്പ് ആയും പ്രവർത്തിക്കാവുന്നതാണ്.

## 7. മോണിട്ടറിംഗ് (MONITORING)

7.1 ചുവടെ പ്രതിപാദിക്കുന്ന മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്:-

i. ഊരുക്കൂട്ടയോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു ചേർത്ത് പട്ടികവർഗ്ഗ പ്രോജക്ടുകൾ സോഷ്യൽ ഓഡിറ്റിന് (Social Audit) വിധേയമാക്കുക. സോഷ്യൽ ആഡിറ്റിന്റെ നടപടി ക്രമങ്ങൾ പ്രത്യേകം നിർദ്ദേശിക്കാവുന്നതാണ്.

ii. പഞ്ചായത്തുതല പദ്ധതി രൂപീകരണ ഗ്രൂപ്പിന്റെ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ച് ചേർക്കുക. ഊരുക്കൂട്ടങ്ങളുടെ പ്രതിനിധികൾ കൂടി ഉൾപ്പെടുന്ന പ്രസ്തുത യോഗത്തിൽ പദ്ധതി പുരോഗതി അവലോകനം ചെയ്ത് ഒരു പൊതുവായ സോഷ്യൽ ആഡിറ്റ് (General Social Audit) നടത്തേണ്ടതാണ്.

iii. സംസ്ഥാന ആസൂത്രണ ബോർഡ് ചുമതലപ്പെടുത്തുന്ന സ്വതന്ത്ര ഏജൻസികളുടെ ഓൺലൈൻ മോണിറ്ററിംഗ് (Online Monitoring).

iv. വ്യക്തിഗത ഗുണഭോക്തൃ പരിപാടികൾക്ക് മാത്രമായി പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ മുഖേന സാമൂഹ്യാധിഷ്ഠിത (Community Based) മോണിറ്ററിംഗ് നടത്തേണ്ടതാണ്.

v. ജില്ലാ ആസൂത്രണ സമിതി മോണിറ്ററിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും പ്രസ്തുത ഗ്രൂപ്പുകൾ സ്ഥല സന്ദർശനം നടത്തി കൃത്യമായി റിപ്പോർട്ട് നൽകേണ്ടതുണ്ട്.

## 8. ചട്ടവിരുദ്ധ നടപടികളുടെ നിയന്ത്രണം (CONTROL OF MALFEASANCE)

8.1 പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങളിലെ ചട്ടവിരുദ്ധ പ്രവർത്തികൾ നിയന്ത്രിക്കുവാൻ ചുവടെയുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുന്നു:-

i. വികസന പരിപാടികളുടെ എല്ലാ രേഖകളും ഏതു വ്യക്തിക്കും സംഘടനയ്ക്കും സൂക്ഷ്മ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ട പൊതു പ്രമാണങ്ങളായിരിക്കും.

ii. സോഷ്യൽ ഓഡിറ്റ് നടത്തുവാൻ പ്രാപ്തമാക്കുന്നതിന് അയൽക്കൂട്ടങ്ങൾ, യുവജന ക്ലബ്ബുകൾ, ഗവൺമെന്റിതര ഏജൻസികൾ മുതലായ പട്ടികവർഗ്ഗ സംഘടനകളുടെയും ഊരുക്കൂട്ടങ്ങളുടെയും ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ ചുമതല കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (Kerala Institute of Local Administration - KILA) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (Kerala Institute for Research, Training and Development Studies of Scheduled Castes/ Scheduled Tribes - KIRTADS) എന്നീ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്.

iii. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുകയോ ദുരുപയോഗിക്കുകയോ ചെയ്യുന്ന വ്യക്തിയിൽ (വ്യക്തികളിൽ) നിന്ന് പണം ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കുന്നതാണ്.

iv. ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും പട്ടികവർഗ്ഗ വികസനം, ആസൂത്രണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളായും ഉൾപ്പെടുന്ന ഒരു പരാതി പരിഹാരസെൽ പ്രവർത്തിക്കുന്നതാണ്. ഈ സമിതി പദ്ധതി ആസൂത്രണവും നിർവഹണവും സംബന്ധിച്ച പരാതികൾ മോണിട്ടർ ചെയ്യുന്നതും അന്വേഷണം നടത്തുന്നതുമാണ്. അന്വേഷണത്തിൽ പൊതുധനം ദുർവിനിയോഗം ചെയ്തതായി പ്രഥമ ദൃഷ്ട്യാ ബോദ്ധ്യപ്പെടുന്ന കേസുകൾ അന്വേഷണ റിപ്പോർട്ട് സഹിതം 'ഓംബുഡ്സ്മാൻ' അയയ്ക്കുന്നതിന് ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

v. പട്ടികവർഗ്ഗ വികസന ഫണ്ട് ദുർവിനിയോഗം ചെയ്യുന്ന കുറ്റക്കാർക്കെതിരെ പൗരാവകാശ സംരക്ഷണ നിയമത്തിന്റെയും, അതിക്രമങ്ങൾ നടയൽ നിയമത്തിന്റെയും (PCR Act and PA Act) വ്യവസ്ഥകൾ പ്രകാരം നടപടി എടുക്കുന്നതാണ്.

**അനുബന്ധം 2**

## പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിചരണ സേവനങ്ങളുടെ പാക്കേജ്

(അവലംബം: പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (201217) സ.ഉ. (എം.എസ്) നമ്പർ 4/2011/തസ്വഭവ തിരുവനന്ത പുരം, തീയ്യതി 11.01.2016 ലെ പരിഷ്ക്കരിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 12 ന്റെ പകർപ്പ്)

1. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് കുറഞ്ഞത് 50 ശതമാനം തുക പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗ്ഗക്കാരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിന് വകയിരുത്തണമെന്ന് പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ നിഷ്കർഷിക്കുന്നു. ഇതിനർഹരായ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ ആശ്രയ പ്രോജക്ടിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഊരുകൂട്ടങ്ങൾ കണ്ടെത്തണം.

2. അർഹരായ പട്ടികവർഗ്ഗ അഗതികൾക്ക് ചുവടെ വിവരിക്കുന്ന പരിചരണ സേവനങ്ങളുടെ പാക്കേജ് നൽകാവുന്നതാണ്.

2.1 ഭക്ഷണം

i) 65 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗ അഗതികൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി നൽകണം.

ii) യാതൊരു വരുമാനമാർഗ്ഗവും ഇല്ലാത്ത, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക്, അന്ത്യോദയ അന്നയോജന പരിപാടി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യം നൽകുന്നതിനാവശ്യമായ തുക പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതു വിതരണ കേന്ദ്രത്തിൽ (റേഷൻഷോപ്പിൽ) നേരിട്ട് ഒടുക്കേണ്ടതാണ്.

iii) വേതന തൊഴിൽ ഉറപ്പുവരുത്തുന്നതിന് എൻ.ആർ.ഇ.ജി. പരിപാടിയിലും വേതന തൊഴിലും ഭക്ഷ്യധാന്യവും ഉറപ്പുവരുത്തുന്നതിന് എസ്.ജി.ആർ.വൈ പരിപാടിയിലും പട്ടികവർഗ്ഗ കുടുംബങ്ങളിലെ അഗതികളെ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിച്ച് തൊഴിൽ ലഭ്യമാക്കണം.

iv) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന ഫുഡ് സപ്പോർട്ട് പ്രോഗ്രാമിലൂടെ ഭക്ഷ്യധാന്യ വിതരണം പട്ടികവർഗ്ഗ കുടുംബശ്രീ അയൽക്കൂട്ട ശൃംഖല മുഖേന ആയിരിക്കണം.

v) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ദീർഘകാലമായി രോഗ ബാധിതർ, നിത്യരോഗികൾ വളരെയേറെ പ്രായമുള്ളവർ എന്നിവർ മാത്രവും, ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ഒരാൾപോലും ഇല്ലാത്തതും ആയ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് അംഗൻവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം. ഈ ചുമതല കുടുംബശ്രീയുടെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളെയും ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളെയും ഏൽപ്പിക്കാവുന്നതാണ്. ഈ വിഭാഗത്തിലെ അഗതികൾക്ക് ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി

വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്. അപ്രകാരം ഒരു മാസം ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനാവശ്യമായ തുക ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് മുൻകൂറായി നൽകാവുന്നതാണ്.

2.2 ആരോഗ്യ സുരക്ഷ

i) ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്ക/മസ്തിഷ്ക സംബ്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള പട്ടികവർഗ്ഗ അഗതികളുടെ ചികിത്സയ്ക്കായി കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക നടപടി സ്വീകരിക്കണം

ii) അഗതി കുടുംബങ്ങളുടെ വ്യത്യസ്തങ്ങളായ ആരോഗ്യ ആവശ്യങ്ങൾ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ട ചുമതല പ്രാഥമികാരോഗ്യ കേന്ദ്രത്തിനാണ്.

iii) അഗതി കുടുംബങ്ങൾക്ക് ഏതു രീതിയിലാണ് സേവനം പ്രദാനം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രവും ഗ്രാമപഞ്ചായത്തും കൂടിയാലോചിച്ചായിരിക്കണം.

iv) നിലവിലുള്ള പരിപാടികൾ/വികസനഫണ്ട്/മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്ന് ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആവശ്യമായ വിഭവം കണ്ടെത്തേണ്ടതാണ്.

v) മുകളിൽ പ്രതിപാദിച്ച വിഭാഗത്തിലെ രോഗങ്ങളുടെ ചികിത്സയ്ക്ക് മെഡിക്കൽ കോളേജുകളിലും ജില്ലാ ജനറൽ ആശുപത്രികളിലും ലഭ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനുവേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതുമാണ്.

vi) ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെകൊണ്ട് രോഗബാധിതരായ അഗതികളുടെ ചികിത്സ സൗജന്യമായി സ്പോൺസർ ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടതാണ്.

vii) പ്രധാനമന്ത്രിയുടെ/മുഖ്യമന്ത്രിയുടെ/പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികവർഗ്ഗ അഗതികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

viii) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കണം. അതിന് പ്രാഥമിക ആരോഗ്യകേന്ദ്രം/ഇതര സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ആവശ്യമെങ്കിൽ പട്ടികവർക്ഷ ഉപപദ്ധതി വിഹിതവും വിനിയോഗിക്കാവുന്നതാണ്. ഈ പ്രക്രിയയിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് ആരോഗ്യ മേഖല വിദഗ്ദ്ധർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി ആവശ്യമായ മരുന്നുകൾ ഏത് എന്ന് നിശ്ചയിക്കേണ്ടതും അവ വാങ്ങി രോഗികൾക്ക് നേരിട്ട്

നൽകേണ്ടതുമാണ്. രോഗികൾക്ക് യഥാസമയം കൃത്യമായി മരുന്നുകൾ ലഭ്യമാക്കുന്നുവെന്ന് പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

ix) പരോപകാര തൽപ്പരരായ വ്യക്തികളെയും ധർമ്മ സ്ഥാപനങ്ങളെയും പട്ടികവർഗ്ഗ അഗതികളുടെ ചികിത്സാ ആവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്പോൺസർമാരെ കണ്ടെത്തുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കാവുന്നതാണ്.

x) തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധസേവന തൽപരരായ ആതുര ശ്രുശ്രൂഷാ പ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുകയും പട്ടികവർഗ്ഗ അഗതികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

xi) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്ക് സഹായം ലഭ്യമാക്കേണ്ടതാണ്.

2.3 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നൽകൽ

i) ഇന്ദിര ആവസ് യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന മുതലായ കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പരിപാടികൾ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉള്ള പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കേണ്ടതാണ്.

ii) പട്ടികവർഗ്ഗ അഗതികൾക്ക്, കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.

iii) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും എസ്.ജി.എസ്.വൈ വിഹിതവും ഉപയോഗിച്ച് പട്ടികവർഗ്ഗ അഗതി കടുംബങ്ങളിലെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

iv) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന പട്ടികവർഗ്ഗക്കാരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര-സംസ്ഥാന സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

v) പട്ടികവർഗ്ഗ അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റു പെൻഷനുകളും അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്ന മുൻഗണന നൽകണം.

vi) വൃദ്ധരുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട താണ്.

2.4 കിടപ്പാടം

i) ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുവാൻ ഭൂമി നൽകണം അതിനുശേഷം മാത്രമെ തദ്ദേശഭരണ സ്ഥാപനങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകുവാൻ പാടുള്ളൂ. ഇതിന് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

ii) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും പുനരധിവാസ പരിപാടി ഏറ്റെടുക്കാവുന്നതാണ്.

iii) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ 3 സെന്റിൽ കുറയാതെയും നഗരപ്രദേശങ്ങളിൽ 1 1/2 സെന്റിൽ കുറയാതെയും ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തേണ്ടതാണ്. ഭൂമിയുടെ യഥാർത്ഥ വില, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായി നടപ്പാക്കുന്ന സമാന പരിപാടിക്ക് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധിക്ക് വിധേയമായി ഭൂവുടമയ്ക്ക് നേരിട്ട് നൽകാവുന്നതാണ്.

2.5 പാർപ്പിടം

i) ഭവന രഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകിയശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നൽകുന്ന കാര്യം പരിഗണിക്കേണ്ടതുള്ളൂ.

ii) പട്ടികവർഗ അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ മുഖേനയോ അട്ടപ്പാടി ഊരു വികസന സമിതി മുഖേന ആയിരിക്കണം.

2.6 കുടിവെള്ളം

i) പരമ്പരാഗത സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായിരിക്കണം ആദ്യ പരിഗണന നൽകേണ്ടത്.

ii) നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ വീടുകൾക്ക് ഏറ്റവും സമീപത്തായി പബ്ലിക് സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്.

iii) പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പ്രോജക്ടുകൾ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ആരംഭിക്കേണ്ടതാണ്.

iv) പുതുതായി ആരംഭിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ്ഗ അഗതി കുടംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

v) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ തുറസ്സായ കിണർ കുഴിക്കാവുന്നതാണ്.

2.7 വിദ്യാഭ്യാസം

i) സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ഓരോ ഊരിലും സർവേ നടത്തി സ്കൂളിൽ ചേർന്നിട്ടില്ലാത്ത പട്ടികവർഗ്ഗ കുട്ടികളെ കണ്ടെത്തി അവരെ സ്ക്കൂളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.

ii) വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്ക്കൂളിൽ ചേർക്കാൻ ശ്രമങ്ങൾ നടത്തുന്നതിലൂടെ 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ പട്ടിക വർഗ്ഗ കുട്ടികളും അവരുടെ കുടുംബസ്ഥിതി പരിഗണിക്കാതെ തന്നെ വിദ്യാഭ്യാസം തുടരുന്നുവെന്ന് ഉറപ്പുവരുത്തനം.

iii) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ പ്രീമെട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം ലഭിക്കാത്ത എല്ലാ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് വിതരണം ചെയ്യേണ്ടതാണ്. ഈ പാക്കേജ് പ്രകാരം നൽകാവുന്ന ധനസഹായത്തിന്റെ നിരക്ക് ചുവടെ നൽകുന്നു.

| | ഇനം | | വാർഷിക അലവൻസിന്റെ പരിധി (രൂപ) |
|---|---|---|---|
| (a) | സ്കൂൾ യൂണിഫോം വാങ്ങുന്നതിന് | | |
| (i) | ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 800 |
| (ii) | അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 800 |
| (iii) | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | : | 1000 |
| (b) | നോട്ട് ബുക്ക്, സ്റ്റേഷനറി മുതലായവ വാങ്ങുന്നതിന് | | |
| (i) | ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 300 |
| (ii) | അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 400 |
| (iii) | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | : | 500 |
| (c) | കുട, ചെരുപ്പ്/ഷൂസ്, സ്കൂൾ ബാഗ്, പെൻസിൽ, പേന എന്നിവ അടങ്ങിയ കിറ്റ് : എല്ലാ സ്റ്റാൻഡേർഡുകളിലെയും വിദ്യാർത്ഥികൾക്ക് | : | 800 |

(iv) മുകളിൽ വിവരിച്ചിട്ടുള്ള വിദ്യാഭ്യാസ ധനസഹായം ഗ്രാമപഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും മാത്രമേ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നൽകേണ്ടതുള്ളൂ.

(v) പട്ടികവർഗ്ഗ കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികളുടെയും പഠന നിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്തണം. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ്

വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് തദ്ദേശഭരണ സ്ഥാപനത്തിൽ രൂപീകരിക്കണം. സപ്പോർട്ട് ഗ്രൂപ്പിന്റെ സംഘടനാ ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് ഹോണറേറിയം കൊടുക്കുവാൻ പാടില്ല.

2.8 സാമൂഹ്യമായ ഒറ്റപ്പെടൽ

(i) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ അംഗങ്ങളെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ നടപടി സ്വീകരിക്കണം. അപ്രകാരം അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ അവസാനിപ്പിക്കണം.

(ii) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവഹണം, മേൽനോട്ടം, മോണിറ്ററിംഗ്, മുതലായവ ബന്ധപ്പെട്ട ഊരുകൂട്ടങ്ങളുടെ ചുമതലയാണ്.

(iii) പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പൗരസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ അഗതികളെ കണ്ടെത്തുന്നതിനുള്ള സർവേ, എന്നിവ ഊരു കൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

(iv) പട്ടികവർഗ്ഗ അഗതികളുടെ സർഗ്ഗവാസന വികസിപ്പിക്കുന്നതിനും അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിനുള്ള ആത്മബലം നൽകുന്നതിനും അനുയോജ്യമായ കൗൺസിലിംഗ് സംഘടിപ്പിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം.

(v) പട്ടികവർഗ്ഗ അഗതികളുടെ മാനസിക ശാരീരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ മനഃശാസ്ത്രജ്ഞരുടെയും വിദഗ്ദ്ധരുടെയും പ്രൊഫഷണൽ ഉപദേശാനുസരണം സംഘടിപ്പിക്കേണ്ടതാണ്. അതിന്റെ ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

അനുബന്ധം 3

## പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖ

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ (സാധാ) 136/2012/പ.ജ.പ.വ.വി.വ. തിയ്യതി, തിരുവനന്തപുരം, 30.01.2010

പരാമർശം :- 1. 12.11.2002 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 740/02/പ.ജ.പ.വ.വി.വ.

2. പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ 4.12.2009 ലെ ബി 113603/08 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് ജോലി ചെയ്തുവരുന്ന പട്ടികജാതി/ പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ചുമതലകൾ നിജപ്പെടുത്തിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ത്രിതല പഞ്ചായത്തുകൾ മുഖേന പട്ടികവർഗ്ഗ വികസന പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങുകയും പട്ടികവർഗ്ഗ വികസന വകുപ്പിൽ തന്നെ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം രണ്ടിലെ പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും അടങ്ങുന്ന മാർഗ്ഗരേഖ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ പ്രൊമോട്ടറും തങ്ങളുടെ പ്രവർത്തനമേഖലയിലുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ഒരു പതിവേടിലാക്കി സൂക്ഷിക്കേണ്ടതും ഈ പതിവേടിലെ വിവരങ്ങൾ ക്രോഡീകരിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. വിവരശേഖരണത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കും.

എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

1. കുടുംബങ്ങളുടെ എണ്ണം
2. ഭൂമിയുടെ ബാഹ്യ വിസ്തൃതി
3. പൊതുവായ തൊഴിൽ
4. ഗതാഗത സൗകര്യം
5. വൈദ്യുതി
6. കുടിവെള്ളം
7. സാനിറ്റേഷൻ സൗകര്യം
8. വിദ്യാഭ്യാസ സ്ഥാപനങ്ങൾ
9. ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ

10. പൊതുവിതരണ കേന്ദ്രം

11. വാർത്താവിനിമയ സൗകര്യങ്ങൾ

12. ജലസേചന സൗകര്യങ്ങൾ

ബി) കുടുംബ സംബന്ധമായ വിവരങ്ങൾ

1. കുടുംബനാഥന്റെ പേര്

2. കുടുംബാംഗങ്ങളുടെ പേരുവിവരവും പ്രായവും (ആൺ പെൺ തിരിച്ച്)

3. വീട് നമ്പർ - സർക്കാർ സഹായത്താൽ നിർമ്മിച്ച വീടാണോ? നിർമ്മിച്ച വർഷം

4. ജാതി / മതം

5. തൊഴിൽ

6. ഓരോ അംഗങ്ങളുടെയും വിദ്യാഭ്യാസ യോഗ്യത

7. കുടുംബത്തിൽ മാനസിക ശാരീരിക വൈകല്യങ്ങൾ ഉള്ള അംഗങ്ങൾ ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ

8. കുടുംബത്തിൽ അസുഖം ബാധിച്ചവരുടെ വിവരങ്ങൾ - ക്ഷയം, സിക്കിൾസെൽ, അനീമിയ തുടങ്ങിയവ

9. കൈവശഭൂമിയുടെ വിസ്തൃതി

10. നിലവിലുള്ള കൃഷികൾ

11. വിളകളുടെ വിപണനരീതി

12. വാർഷിക വരുമാനം

13. നിലവിലുള്ള വീടിന്റെ അവസ്ഥ

14. നിലവിലുള്ള കുടുംബ ബാദ്ധ്യതകൾ - ബാങ്ക്/ വ്യക്തികൾ/ മറ്റു ധനകാര്യസ്ഥാപനങ്ങൾ

15. വൈദ്യുതീകരിച്ചതാണോ?

16. കുടിവെള്ള സ്രോതസ്സ്

17. സാനിട്ടേഷൻ സൗകര്യം

18. ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ

19. ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ

20. നിലവിൽ കുടുംബം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

21. 1997 നു ശേഷം സർക്കാരിൽ നിന്നു/ മറ്റു ഇതര ഏജൻസികൾ മുഖേനയും ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ

22. വിദേശത്തും മറ്റു സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ

23. അഭ്യസ്ത വിദ്യരുടെയും തൊഴിൽ പരിശീലനം ലഭിച്ചവരുടെയും വിവരങ്ങൾ

24. തൊഴിൽ രഹിതരുടെ വിവരങ്ങൾ

25. പ്രാഥമിക വിദ്യാഭ്യാസം മുടങ്ങിപ്പോയവരുടെ വിവരങ്ങൾ (എസ്.എസ്.എൽ.സി. ക്ക് താഴെ)

26. 15 വയസ്സിൽ താഴെയുള്ള കുട്ടികളിൽ സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയിട്ടുള്ളവരുടെ എണ്ണം

27. സർക്കാരിന്റെ വിവിധ ക്ഷേമ പെൻഷൻ ലഭിക്കുന്നവരുടെ വിവരങ്ങൾ

28. റേഷൻകാർഡ് നമ്പറും, റേഷൻകടയുടെ നമ്പറും, എ.പി.എൽ സംബന്ധിച്ച വിവരങ്ങൾ

29. അഗതി, ആശ്രയ ആനുകൂല്യങ്ങൾക്ക് പരിഗണിച്ചിട്ടുള്ള കുടുംബം ആണോ?

30. അവിവാഹിത അമ്മമാർ ഉണ്ടെങ്കിൽ അവരെ സംബന്ധിച്ച വിവരങ്ങൾ

മേൽപ്പറഞ്ഞ (എ.ബി) വിവരങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഒരു ദിവസത്തിനകം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും, റജിസ്റ്ററിൽ മാറ്റങ്ങൾ വരുത്തേണ്ടതും ആണ്.

2. കോളനികൾ, സങ്കേതങ്ങൾ, ഊരുകൾ എന്നിവ സന്ദർശിച്ച് പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും പട്ടികവർഗ്ഗ വികസന വകുപ്പ്, ത്രിതല പഞ്ചായത്തുകൾ, ഇതര ഏജൻസികൾ എന്നിവ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വ്യക്തമായ അവബോധം അവരിൽ സൃഷ്ടിക്കുകയും ചെയ്യുക.

3. വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് അർഹമായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും അവ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുകയും ലഭ്യമാകാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.

4. പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അവർക്ക് പൂർണ്ണമായും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും, ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ശരിയായി വിനിയോഗിക്കാൻ അവരെ പ്രേരിപ്പിക്കുകയും, ദുർവിനിയോഗം കണ്ടെത്തുന്ന പക്ഷം അക്കാര്യം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

5. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും, അവ യഥാസമയം സമർപ്പിക്കുന്നതിനും ആവശ്യമായ സഹായം പട്ടികവർഗ്ഗക്കാർക്ക് ചെയ്ത് കൊടുക്കുക.

6. ജാതി സർട്ടിഫിക്കറ്റ്/ വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ പട്ടികവർഗ്ഗക്കാർക്ക് യഥാസമയം ലഭിക്കുന്നതിനായി വേണ്ട സഹായം ചെയ്തു കൊടുക്കുക.

7. റേഷൻകാർഡില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ബി.പി.എൽ റേഷൻകാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

8. പഞ്ചായത്ത് അധികൃതരുടെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ/ സൈറ്റ് മാനേജറുടെ നിർദ്ദേശാനുസരണം അവരുമായി ആലോചിച്ച് ഊരുകൂട്ടങ്ങൾ വിളിച്ചുകൂട്ടുക. മുഴുവൻ പട്ടികവർഗ്ഗക്കാരെയും ഊരുകൂട്ടത്തിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുക, കാലിക പ്രാധാന്യമുള്ള വിഷയങ്ങളും വികസന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് പട്ടികവർഗ്ഗക്കാരെ സജ്ജരാക്കുക, പട്ടികവർഗ്ഗക്കാരുടെ ക്ഷേമ വികസന ആവശ്യങ്ങൾ ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്തു എന്ന് ഉറപ്പുവരുത്തുക.

9. ഊരുകൂട്ടത്തിന്റെ നോട്ടീസ്, ഒരോ പട്ടികവർഗ്ഗ ഭവനങ്ങളിലും യഥാസമയം എത്തിച്ച് കൊടുക്കുകയും, അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുക.

10. ഊരുകൂട്ടയോഗത്തിന്റെ നടപടി കുറിപ്പുകൾ തൽസമയം തന്നെ തയ്യാറാക്കുകയും, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വാങ്ങുകയും ചെയ്യുക.

11. ഊരുകൂട്ടയോഗങ്ങളിൽ വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അർഹതക്കുള്ള മാനദണ്ഡം കൃത്യമായി പാലിക്കുന്നു എന്നും, ഏറ്റവും അർഹതയുള്ളവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, മാനദണ്ഡങ്ങൾ വ്യതിചലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രൊമോട്ടർമാർ ബാധ്യസ്ഥരാണ്.

12. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം തയ്യാറാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചു നൽകുക, പ്രോജക്ട് തയ്യാറാക്കാൻ സഹായിക്കുക, മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് പദ്ധതി തയ്യാറാക്കുന്നത് എന്ന് ഉറപ്പ് വരുത്തുക എന്നീകാര്യങ്ങൾ പ്രൊമോട്ടർമാരുടെ ചുമതലയായിരിക്കും.

13. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ത്രിതലപഞ്ചായത്തുകൾ എന്നിവരെ പട്ടികവർഗ്ഗക്കാരുമായി സംവേദിപ്പിക്കാനുള്ള കണ്ണിയായി പ്രവർത്തിക്കുക.

14. ത്രിതലപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ആവശ്യമായ സഹായവും, സേവനവും ലഭ്യമാക്കുക.

15. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ സജീവമായി പങ്കെടുത്ത് പ്രായോഗികമായി നിർദ്ദേശങ്ങൾ നൽകുക. പ്രയോജനകരമല്ലാത്തതും ദോഷകരവും ആയ പദ്ധതികൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുക. പദ്ധതികൾക്കാവശ്യമായ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ സഹായിക്കുക.

16. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി രൂപീകരണത്തിലും നടപ്പാക്കലിലും വകുപ്പ് ഉദ്യോഗ സ്ഥന്മാരെ സഹായിക്കുക

17. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നടത്തുന്ന പദ്ധതികളുടെ നട ത്തിപ്പിൽ ഗുണപരമായ ശ്രദ്ധ പതിപ്പിക്കുകയും അവയുടെ പുരോഗതി ബന്ധപ്പെട്ടവരെ അറിയി ക്കുകയും ചെയ്യുക. ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി വിലയിരുത്തി വീഴ്ചകൾ ഉണ്ടെ ങ്കിൽ മേലുദ്യോഗസ്ഥരെ യഥാസമയം വിവരം ധരിപ്പിക്കുകയും ചെയ്യുക.

18. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ടി.ആർ.ഡി.എം. സൈറ്റ് മാനേജർമാർ എന്നിവർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ ശേഖരിച്ചു നൽകുക.

19. സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളും സ്കൂളിൽ പോകുന്നു എന്ന് ഉറപ്പ് വരുത്തുക. സ്കൂളിൽ പോകാത്ത കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

20. സ്കൂളിൽ നിന്നും ഒരു കുട്ടിപോലും കൊഴിഞ്ഞുപോകുന്നില്ലെന്ന് ഉറപ്പ് വരുത്തുക. കൊഴിഞ്ഞു പോക്ക് യഥാസമയം കണ്ടെത്തി പുന:പ്രവേശനത്തിന് നടപടി സ്വീകരിക്കുക.

21. നിയമാനുസൃത പ്രീമെട്രിക് ആനുകൂല്യങ്ങൾ യഥാസമയം പട്ടികവർഗ്ഗ വിദ്യർത്ഥികൾക്ക് ലഭി ക്കുന്നു എന്ന് ഉറപ്പാക്കുക.

22. എം.ആർ.എസ്., സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലേക്ക് പ്രവേശനം ലഭിക്കുന്നതിന് അർഹ രായവരെ കണ്ടെത്തി യഥാസമയം അപേക്ഷ നൽകുന്നതിന് സഹായിക്കുക.

23. എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി (പ്ലസ് ടു), ബിരുദം, ബിരുദാനന്തരബിരുദം, മറ്റ് സാങ്കേ തിക ബിരുദങ്ങളിൽ ഉയർന്ന മാർക്കോടെ വിജയിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പ്രോത്സാഹനം, ധനസഹായം ലഭ്യമാക്കുന്നതിന് സഹായിക്കുക.

24. പ്രീ-മെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പ്രവേശനം നേടു ന്നതിന് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുക.

25. വകുപ്പിലെ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവച്ച് അവയുടെ പ്രയോജനം പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുക.

26. ഏകാധ്യാപക സ്കൂളുകൾ, വികാസ്-വാടികൾ, ബാലവിജ്ഞാനകേന്ദ്രങ്ങൾ, ഭിന്നതല പഠനകേ ന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നതിന് വേണ്ട സഹായം ചെയ്യു ക.

27. ഐ.ടി.ഐ, പോളിടെക്നിക്, നേഴ്സിംഗ്, ഫാർമസി, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ, വെറ്റിനറി, മാനേജ്മെന്റ് തുടങ്ങിയ സാങ്കേതിക കോഴ്സുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനുള്ള സഹായം ചെയ്യുക.

28. വിവിധ തൊഴിൽ പരിശീലനങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, പ്രാദേശികമായി സാധ്യതയുള്ള തൊഴിൽ മേഖലകളിൽ പരിശീലന പദ്ധതികൾ ഏറ്റെടുക്കുന്നതിന് വകുപ്പ്/ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സഹായിക്കുക.

29. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ് സൗകര്യം ലഭ്യമാക്കുന്നതിനും, സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും പട്ടികവർഗ്ഗക്കാരെ സഹായിക്കുക.

30. പി.എസ്.സി, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ നോട്ടിഫൈ ചെയ്യുന്ന തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കാൻ അർഹതയുള്ള മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ആവശ്യമായ സഹായം ചെയ്യുകയും, അവർ നൽകിയെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

31. പട്ടികവർഗ്ഗക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ സഹായം ചെയ്യുക.

32. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും തൊഴിൽ ലഭിച്ചു എന്നും തൊഴിൽ കാർഡ് എടുത്തു എന്നും പദ്ധതിയുടെ ആനുകൂല്യം പൂർണമായും പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ളവർക്ക് ലഭ്യമായി എന്നും ഉറപ്പ് വരുത്തുക.

33. പട്ടികവർഗ്ഗക്കാരിലെ മിശ്രവിവാഹിതർക്കും വിധവകളുടെ/ പാവപ്പെട്ട കുടുംബങ്ങളിലെ പെൺമക്കൾക്ക് വിവാഹ ധനസഹായം ലഭ്യമാക്കുന്നതിനായി അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിൽ/ പ്രോജക്ട് ഓഫീസിൽ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.

34. സർക്കാർ ആശുപത്രികളിൽ നിലവിൽ പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് ലഭിക്കുന്ന എല്ലാ വിധ സൗജന്യ ചികിത്സകളും സംബന്ധിച്ച അവബോധം നൽകുക. സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുള്ള വിവിധ ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ നൽകുക. അവിടങ്ങളിൽ ചികിത്സ തേടി എത്തുന്നവർക്ക് ആശുപത്രിയിൽ വേണ്ട സഹായം ചെയ്ത് കൊടുക്കുക.

35. രോഗബാധിതർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന ചികിത്സാധനസഹായം സംബന്ധിച്ച വിവരങ്ങൾ നൽകുകയും അവ ലഭ്യമാക്കുവാൻ വേണ്ട സഹായം നൽകുകയും ചെയ്യുക.

36. ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും മെഡിക്കൽ പരിശോധന ഉറപ്പ് വരുത്തുക

37. സംയോജിത ശിശുവികസന പദ്ധതിയുടെ (ഐ.സി.ഡി.എസ്) പ്രയോജനം കുഞ്ഞുങ്ങൾക്കും അമ്മമാർക്കും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തണം.

38. വനാവകാശ സമിതി ആവശ്യാനുസരണം യോഗം ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും, യോഗങ്ങളിൽ പങ്കെടുക്കുകയും വനാവകാശത്തെക്കുറിച്ച് പട്ടികവർഗ്ഗക്കാർക്ക് വേണ്ടത്ര ബോധവത്ക്കരണം നൽകുകയും ചെയ്യുക.

39. വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശങ്ങളും പൊതു അവകാശങ്ങളും അനുവദിച്ച് കിട്ടുന്നതിന് വനാവകാശ സമിതിക്ക് മുന്നിൽ ആവശ്യമായ അപേക്ഷകൾ സമർപ്പിക്കുന്നതിന് പട്ടികവർഗ്ഗക്കാരെ സഹായിക്കുക.

40. വനവിഭവ ശേഖരണം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട വരുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും തടസ്സം കൂടാതെ വനവിഭവ ശേഖരണം നടത്തുന്നതിനും അവയ്ക്കുള്ള ശരിയായ വില പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുവോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

41. വനവികസന സമിതികൾ, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയിൽ പട്ടികവർഗ്ഗക്കാരെ പരമാവധി അംഗങ്ങളാക്കുകയും ഇവ മുഖേനയുള്ള ഗുണഫലങ്ങൾ പൂർണ്ണമായും പ്രയോജനപ്പെ ടുത്തുന്നതിനും വേണ്ട സഹായങ്ങൾ ചെയ്യുക.

42. കുടുംബശ്രീ നടപ്പാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും കുടും ബശ്രീയിൽ അംഗങ്ങളാക്കുക, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായ സഹക രണങ്ങൾ നൽകുക.

43. പട്ടികവർഗ്ഗക്കാരുടെ ആവാസ കേന്ദ്രങ്ങളിൽ പ്രകൃതി ക്ഷോഭമോ, വന്യമൃഗങ്ങളുടെ ആക്രമണമോ ഉണ്ടാകുമ്പോൾ ആവശ്യമായ സഹായം ചെയ്ത് കൊടുക്കണം. തത്സമയം തന്നെ വിവരം അധി കാര കേന്ദ്രങ്ങളിൽ അറിയിക്കേണ്ടതാണ്.

44. പട്ടികവർഗ്ഗക്കാർ അതിക്രമങ്ങൾക്ക് വിധേയരാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം പരാതി നൽകുന്നതിനും അപ്പോൾ തന്നെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറെ വിവരം അറിയിക്കേ ണ്ടതും അർഹമായ സഹായം അവർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കു കയും ചെയ്യുക.

45. പട്ടികവർഗ്ഗക്കാരുടെ ഭൂമിയോ, ദേഹണ്ഡങ്ങളോ താൽക്കാലികമായോ,സ്ഥിരമായോ അന്യാധീന പ്പെടുത്തുന്നതായി ശ്രദ്ധയിൽപെട്ടാൽ ആയത് ഉടൻ തന്നെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസ റുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും നിയമ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

46. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനെതിരെ പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുക.

47. ഇതര സമുദായക്കാരിൽ നിന്നുള്ള ചൂഷണം, അതിക്രമങ്ങൾ, ലഹരി പദാർത്ഥങ്ങൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുകയും, അവയെ പ്രതിരോ ധിക്കുന്നതിന് യോജിച്ച് സംഘടിതമായ രീതിയിൽ പ്രവർത്തിക്കുന്നതിന് അവരെ ഒരുക്കുകയും ചെയ്യുക.

48. പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമിയോ വിളകളോ അന്യാധീനപ്പെടുന്ന സ്ഥിതി വിശേഷം തടയു ക. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ യഥാസമയം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടു ത്തുകയും ചെയ്യുക.

49. സർക്കാർ ധനസഹായം അർഹരായ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.

50. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ/ വ്യക്തികൾ മുഖേനയുള്ള ഏതെങ്കിലും തരത്തിലുള്ള ചൂഷണം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും, ചൂഷണത്തിന് മുക്തിവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

51. പരമ്പരാഗത കലകൾ, ചികിത്സാ രീതികൾ, നാട്ടറിവ്, മുതലായവ പ്രോത്സാഹിപ്പിക്കുകയും ഇവയിൽ പ്രാവീണ്യം നേടിയിട്ടുള്ളവരുടെ വിവരങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക.

52. ബൗദ്ധിക സ്വത്തവകാശ നിയമമനുസരിച്ചുള്ള പ്രവർത്തനം നടത്തുക.

53. സാഹിത്യവാസനയുള്ള പട്ടികവർഗ്ഗക്കാർക്ക് വേണ്ട പ്രോത്സാഹനം നൽകുന്നതിനായി അവരുടെ രചനകൾ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട സഹായം നൽകുക.

54. പ്രൊമോട്ടർമാർ എല്ലാ ബുധനാഴ്ച്ചയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ ഹാജരാകേണ്ടതും, ആഴ്ച്ചയിൽ ഒരു ദിവസമെങ്കിലും പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഹാജരാകേണ്ടതുമാണ്. മാസത്തിൽ ഒരു ദിവസം ഐ.റ്റി.ഡി.പി പ്രോജക്ടാഫീസിൽ/ ട്രൈബൽ ഡെവലപ്പ്മെന്റാഫീസുകളിൽ നടക്കുന്ന പ്രെമോട്ടർമാരുടെ പ്രവൃത്തി അവലോകനത്തിൽ കൃത്യമായി പങ്കെടുക്കേണ്ടതുമാണ്. ബാക്കിയുള്ള ദിവസങ്ങളിൽ പ്രെമോട്ടർമാർ അവരുടെ പ്രവർത്തന പരിധിയിലുള്ള സെറ്റിൽമെന്റുകളിൽ/ കോളനികളിൽ തന്നെ ഉണ്ടായിരിക്കേണ്ടതാണ്.

55. പ്രൊമോട്ടർമാർ ഓരോ മാസവും ചെയ്ത പ്രവൃത്തികളെ കാണിക്കുന്ന നിശ്ചിത മാതൃകയിലുള്ള (മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്) ഒരു വർക്ക് ഡയറി ട്രൈബൽ ഡവലപ്പ്മെന്റാഫീസർ/ പ്രോജക്ടാഫീസർമാർക്ക് നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പോൾ ആന്റണി**
പ്രിൻസിപ്പൽ സെക്രട്ടറി

**അനുബന്ധം 4**

## എസ്.റ്റി പ്രൊമോട്ടർമാരുടെ വർക്ക് ഡയറിയുടെ മാതൃക

| തീയതി | സമയം | | സന്ദർശിച്ച സ്ഥലം | ബന്ധപ്പെട്ട വ്യക്തികൾ/ ഓഫീസർമാർ | നിർവ്വഹിച്ച സേവനം |
|---|---|---|---|---|---|
| | ........ മുതൽ | .......... വരെ | | | |
| | | | | | |

അനുബന്ധം 5

## കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ (2008)

| ക്രമ നമ്പർ | ജില്ലയുടെ പേര് | ഊര് | കുടുംബങ്ങൾ | ജനസംഖ്യ | ശതമാനം |
|---|---|---|---|---|---|
| 1. | വയനാട് | 2,167 | 36,135 | 1,53,181 | 35.93 |
| 2. | ഇടുക്കി | 299 | 14,315 | 52,913 | 12.41 |
| 3. | കാസർഗോഡ് | 612 | 11,598 | 47,791 | 11.21 |
| 4. | പാലക്കാട് | 426 | 13,223 | 46,948 | 11.01 |
| 5. | കണ്ണൂർ | 353 | 9,005 | 37,772 | 8.86 |
| 6. | തിരുവനന്തപുരം | 226 | 5,183 | 17,185 | 4.03 |
| 7. | കോട്ടയം | 101 | 4,353 | 16,764 | 3.94 |
| 8. | മലപ്പുറം | 229 | 3,656 | 14,496 | 3.40 |
| 9. | കോഴിക്കോട് | 126 | 2,680 | 10,627 | 2.50 |
| 10. | എറണാകുളം | 61 | 2,370 | 8,936 | 2.10 |
| 11. | പത്തനംതിട്ട | 43 | 1,791 | 6,379 | 1.50 |
| 12. | തൃശ്ശൂർ | 59 | 1,481 | 5,561 | 1.31 |
| 13. | കൊല്ലം | 26 | 1,303 | 4,641 | 1.09 |
| 14. | ആലപ്പുഴ | 34 | 872 | 3,014 | 0.71 |
| | ആകെ | 4,762 | 1,07,965 | 4,26,208 | 100.00 |

അവലംബം: പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് 2008-09 ൽ തദ്ദേശസ്വയംഭരണ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടത്തിയ സർവ്വേ റിപ്പോർട്ട്.

2011 ലെ കാനേഷുമാരി കണക്ക് പ്രകാരം ഭാരതത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 10,42,81034 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 8.60 ശതമാനം ആണ്. കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 (1.45%)

## പട്ടികവർഗ ലിസ്റ്റ്

(ഭരണഘടനയുടെ അനുച്ഛേദം 342, 366(25) പ്രകാരമുള്ള ലിസ്റ്റ്)

(As per the Scheduled Castes and Scheduled Tribes Order (Amendment) Act, 2002 (Act 10 of 2003) Vide part -VIII- Kerala- Second Schedule notified in the Gazette of India, dt.8.1.2003)

| | |
|---|---|
| 1. Adiyan | അടിയാൻ |
| 2. Arandan (Aranadan) | അരനാടൻ |
| 3. Eravallan | ഇരവാലൻ |
| 4. Hill Pulaya, (Mala Pulaya, Kurumba Pulayan, Karavazhi Pulayan, Pamba Pulayan) | ഹിൽ പുലയൻ (മല പുലയൻ, കുറുമ്പ പുലയൻ, കരവഴി പുലയൻ, പാമ്പ പുലയൻ) |
| 5. Kadar, (Wayanad Kadar) | കാടർ, വയനാട് കാടർ |
| 6. Irulan, Irular | ഇരുളൻ, ഇരുളർ |
| 7. XXX | |
| 8. Kanikaran, Kanikkar | കാണിക്കാരൻ, കാണിക്കാർ |
| 9. Kattunayakan | കാട്ടുനായിക്കൻ |
| 10. Kochuvelan | കൊച്ചുവേലൻ |
| 11. XXX | |
| 12. XXX | |
| 13. Koraga | കൊറഗ |
| 14. XXX | |
| 15. Kudiya, Melakudi | കുടിയ, മേലക്കുടി |
| 16. Kurichan, (Kurichian) | കുറിച്ച്യൻ, കുറിച്ചിയൻ |
| 17. Kurumans, (Mullu Kuruman, Mulla Kuruman, Mala Kuruman) | കുറുമൻ (മുള്ളുകുറുമൻ, മുള്ളകുറുമൻ, മലകുറുമൻ) |
| 18. Kurumbas, (Kurumbar, Kurumban) | കുറുമ്പർ, കുറുമ്പൻ |
| 19. Maha Malasar | മഹാമലസർ |
| 20. Malai Arayan (Mala Arayan) | മലൈ അരയൻ, മലഅരയൻ |
| 21. Malai Pandaram | മലൈ പണ്ടാരം |
| 22. Malai Vedan (Malavedan) | മലൈ വേടൻ, മലവേടൻ |
| 23. Malakkuravan | മലക്കുറവൻ |
| 24. Malasar | മലസർ |

| | |
|---|---|
| 25. Malayan, Nattu Malayan, Konga Malayan (Excluding the areas comprising the Kasaragode, Cannanore,Wayanad and Kozhikkode District) | മലയൻ, നാട്ടുമലയൻ, കൊങ്ങ മലയൻ (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകൾ ഒഴികെ) |
| 26. Malayarayar | മലയരയർ |
| 27. Mannan (to be spelt in Malayalam script in Parenthesis) | മന്നാൻ |
| 28. Marati | മറാട്ടി |
| 29. Muthuvan, Mudugar, Muduvan | മുതുവാൻ, മുഡുഗർ, മുഡുവാൻ |
| 30. Palleyan, Palliyan, Palliyar, Paliyan | പളിയൻ, പള്ളിയൻ, പള്ളിയാർ, പളിയൻ |
| 31. XXX | |
| 32. XXX | |
| 33. Paniyan | പണിയൻ |
| 34. Ulladan(Ullatan) | ഉള്ളാടൻ |
| 35. Uraly | ഊരാളി |
| 36. Malavettuvan (in Kasaragod and Kannur districts) | മലവേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ) |
| 37. Ten Kurumban, Jenu Kurumban | തേൻ കുറുമ്പൻ, ജേനു കുറുമ്പൻ |
| 38. Thachanadan, Thachanadan Moopan | തച്ചനാടൻ, തച്ചനാടൻ മൂപ്പൻ |
| 39. Cholanaickan | ചോലനായിക്കൻ |
| 40. Mavilan | മാവിലാൻ |
| 41. Karimpalan | കരിംപാലൻ |
| 42. Vetta Kuruman | വെട്ടകുറുമൻ |
| 43. Mala Panickar | മല പണിക്കർ |

**ബന്ധപ്പെട്ട സർക്കാർ ഓഫീസുകൾ**

1. **പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ്,** നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33. ഫോൺ - 0491 230 2990. (ജില്ലാതലത്തിലും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്)
2. **കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർട്ടാഡ്സ്),** ചേവായൂർ, കോഴിക്കോട് - 17. ഫോൺ - 0495 2356805. ഫാക്സ് - 0495 2357329
3. **കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ക്ലിപ്തം**, പി.ബി നമ്പർ 523, ടൗൺ ഹാൾ റോഡ്, തൃശ്ശൂർ - 20. ഫോൺ - 0487 2331469. ഫാക്സ് - 0487 2331469 (ജില്ലാതലത്തിലും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്)
4. **കേരള സംസ്ഥാന പട്ടികജാതി - പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം**, പേരൂർക്കട, തിരുവനന്തപുരം - 5. ഫോൺ - 0471 2433850, ഫാക്സ് - 0471 2438932
5. **സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (CREST),** കിർട്ടാഡ്സ് ക്യാമ്പസ്, ചേവായൂർ, കോഴിക്കോട് - 17. ഫോൺ - 0495 2355342, ഫാക്സ് - 0495 2351496